**നിയമനിർമ്മാണ കാര്യം**

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെ്ത പ്രകാരമുള്ള 2014-ലെ കേരള മാരിടൈം ബോർഡ് ബില്ലിന്റെ പരിഗണനയും അനന്തര ഘട്ടങ്ങളും

മി. ഡെപ്യൂട്ടി സ്പീക്കർ : മത്സ്യ ബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രിക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ................

ബിൽ പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്ക് എടുക്കുന്നു.

വകുപ്പ് തിരിച്ചുള്ള പരിഗണന

**2-ാം വകുപ്പ്**

Shri N.Samsudheen: Sir, I move the following amendment:

119. In Clause 2 (a) after the word " non-major port" the word " or port" shall be inserted.

Shri K.Sivadasan Nair: Sir, I move the following amendment:

123. In Clause 2 (c) for the word "Chairman" substitute the word " Chairperson" wherever it occurs.

Shri Abdurahiman Randathani: Sir, I move the following amendment:

125. In Clause 2 (c),

(i)for the word "appointed" in the first line, the word " Specified" shall be substituted and

(ii) after the word "appointed" in the second line the words " in his place" shall be inserted.

Shri A.K.Balan: Sir, I move the following amendment:

126. In Clause 2 (c) delete the following words "and includes the person appointed under section 4 of the Act as Chairman"

സർ, ഈ ബോർഡിന്റെ ചെയർമാൻ എപ്പോഴും ആക്ട് പ്രകാരമുള്ള ആൾ തന്നെയായിരിക്കണം. ചെയർമാൻ എന്ന നിലയിൽ മറ്റൊരാളെ നിശ്ചയിക്കുന്നത് ശരിയല്ല. ഇതിലെ Section 4-ൽ *Absence of Chairman* എന്ന് പറഞ്ഞിരിക്കുന്നതിൽ, 126-ഉം 200-ഉം കൂടി കൂട്ടി വായിക്കുമ്പോൾ മാത്രമേ അത്

മനസ്സിലാകു. If the Chairman is absent or on leave, the Vice Chairman and in the absence of both the Chairman and the Vice Chairman, such person as the Government may appoint, shall act as the Chairman. ഒരു ചെയർമാൻ ഇല്ലെങ്കിൽ വൈസ്ചെയർമാനെ നിയമിക്കുക, വൈസ്ചെയർമാനും ഇല്ലെങ്കിൽ ആ ബോർഡിൽ നിന്നുവേണം ഒരാളെ ചെയർമാനായി ആക്കേണ്ടത്. അത് ഗവൺമെന്റ് നിശ്ചയിക്കേണ്ട ആവശ്യമില്ല. അതാണ് എന്റെ ഭേദഗതി.

Shri Benny Behanan: Sir, I move the following amendments:

127. In Clause 2 after item (d) the following item shall be inserted

(d)(a) " Committee means Committee constituted under Section 6".

141. After clause 2(r) insert the following item namely;

" (ra) " Other member" means a member of the Board or the Committee as the case may be" .

Smt.K.S.Saleekha: Sir, I move the following amendment:

128. In Clause 2 (e) for the words "and things appertaining to any dock" substitute the words " excluding fish landing sheds, docks and godowns and things appertaining to any dock".

Shri K. V. Abdul Khader: Sir, I move the following amendment:

129. In clause 2(e), for the words " arms break water" , substitute the words " arms of break water" .

Shri V.D.Satheesan: Sir, I move the following amendments:

131. After clause 2(e) insert the following item and re-letter accordingly;

" (f) " Fishing vessel" means any vessel used for fishing purposes" .

142. In clause 2(s)(i) after the word " consignee " , add the words " carrier, multi model transport operator" .

143. In clause 2(s)(ii) after the word " charterer" , add the words " sub charterer or the person who have management of the vessel" .

144. In Clause 2(s) add the following sub clauses, namely;

" (iii) includes Carrier and multi model Transport operator and

(iv) a person who has management of vessel for the time

being" :

153. In clause 2(zd) after the words " or of goods" add the words " and any other floating craft" .

154. In Clause 2(zd) after the words " or of goods" add the words " and the floating crafts which need not necessarily be used for conveyances and cannot be propelled by itself" .

155. In clause 2(zd) shall be recast as follows:-

" (zd) " vessel" means a craft intended for navigation and includes floating craft, pontoons, dredgers or any other floating device capable of being used in maritime transport. Vessels also includes pleasure craft, floating hotels or any other floating device" .

സർ, ഇതിൽ 131-ാം ഭേദഗതിയിൽ ക്ലോസ് 25-ൽ വളരെ വ്യക്തമായി പറയുന്നത്, Control over fishing vessels എന്നാണ്, fishing vessels-നെക്കുറിച്ച് പറയുന്നുണ്ട്. പക്ഷേ ഡെഫിനിഷൻ ക്ലോസിൽ ഇത് ഡിഫൈൻ ചെയ്തിട്ടില്ല. അപ്പോൾ ഈ ബില്ലിന്റെ ഒരു വശത്ത് fishing vessel എന്ന് സൂചിപ്പിക്കുകയും

ഡെഫിനിഷൻ ക്ലോസ്സിൽ fishing vessel എന്താണെന്ന് വ്യക്തമാക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ വ്യവഹാരങ്ങൾ ഉണ്ടാകുമ്പോൾ അത് സർക്കാരിന് അല്ലെങ്കിൽ മാരിടൈം ബോർഡിനെ പ്രതികൂലമായി ബാധിക്കും. അതുകൊണ്ട് 131-ാം നമ്പർ ഭേദഗതി എന്നുപറയുന്നത് ഈ fishing vessel- നുള്ള ഒരു അമെന്റ്മെന്റാണ്. Fishing vessel means any vessel used for fishing purposes അല്ലെങ്കിൽ തെറ്റായിട്ട് വ്യാഖ്യാനിക്കാനുള്ള സാധ്യതയുണ്ട്. 142-ാം നമ്പർ ഭേദഗതി എന്നുപറയുന്നത്, ഓണറിനെ ഡിഫൈൻ ചെയ്തിട്ടുണ്ട്. ഈ ഡെഫിനിഷൻ ക്ലോസ്സിൽ ഓണറിനെ ഡിഫൈൻ ചെയ്തിരിക്കുന്നത് പഴയ രീതിയിലാണ്. ഈ നിയമത്തിന്റെ പ്രധാനപ്പെട്ട ഒരു അപാകത, ഇത് 1981-ൽ ഗുജറാത്തിൽ ഉണ്ടാക്കിയ നിയമമാണ്, ആദ്യമായി ഇൻഡ്യയിൽ ഉണ്ടാക്കിയ നിയമമാണ്. അതിനുശേഷം മറ്റ് രണ്ട് സംസ്ഥാനങ്ങളിൽ കൂടി ഈ നിയമം പാസ്സാക്കിയിട്ടുണ്ട്. പക്ഷേ ആ രണ്ട് സംസ്ഥാനങ്ങളും, നമ്മളും ഗുജറാത്തിലെ നിയമം പകർത്തിയിരിക്കുകയാണ്. കഴിഞ്ഞ 33 വർഷത്തിനിടയിൽ മാരിടൈം ലോയുമായി ബന്ധപ്പെട്ട് ലോകത്തിൽ ധാരാളം കേസ്സുകൾ നടന്നിട്ടുണ്ട്, ഇന്റർ നാഷണൽ കൺവെൻഷൻസ് നടന്നിട്ടുണ്ട്. ഈ കേസ്സുകളുടെ വിധി ബഹുമാനപ്പെട്ട സുപ്രീം കോടതിയുൾപ്പെടെയുള്ള പ്രധാനപ്പെട്ട കോടതികളിലും ഇന്റർ നാഷണൽ കോടതികളിലും ഉണ്ടായിരിക്കുന്ന

ജഡ്ജ്മെന്റുകൾകൂടി ബാധകമാക്കിയില്ലെങ്കിൽ നമുക്ക് ശരിയാവില്ല. അതുകൊണ്ട് ഓണറിനെ in relation to goods - ആ പോർഷനിൽ നമ്മൾ പറഞ്ഞിരിക്കുന്നത് carrier, multi model transport operator എന്നു കൂടി ചേർക്കണമെന്നാണ്. അതിന്റെ കാരണം, ഇപ്പോഴത്തെ കാലത്ത് ഈ കാർഗോയെന്ന് പറയുന്നത് ആരുടെ കസ്റ്റഡിയിലാണ്; non vessel operating container, carrier, അതായത് ഇത് ഓപ്പറേറ്റ് ചെയ്യാത്ത ആളുകൾക്കുപോലും അതിന്റെ കസ്റ്റോഡിയനാകാം. അതുപോലെ multi model transport operator ഇപ്പോഴത്തെ ആധുനിക കാലത്ത് ഈ വെസ്സൽ ഓപ്പറേറ്റ് ചെയ്യുന്നത് ഇങ്ങനെയുള്ള ആളുകൾ കൂടിയാണ്. അതുകൊണ്ട് ഓണറിന്റെ ഡെഫനിഷനിൽ carrier, multi model transport operator എന്നുകൂടി ചേർക്കണം. അതേ ഡെഫനിഷനിൽ തന്നെ in relation to vessel - അതിൽ ചാർട്ടറിന്റെ കാര്യം പറയുന്നുണ്ട്. അതു മാത്രം പോരാ sub charterer കൂടി വേണം. കാരണം ഇപ്പോൾ പലതും സബ് ചാർട്ടർ ചെയ്യുന്ന ആളുകളാണ് വെസ്സൽ പലപ്പോഴും ഓപ്പറേറ്റ് ചെയ്യുന്നത്. അതുകൂടാതെ the person who have management of the vessel എന്നുകൂടി ചേർക്കണം. 143-ാം നമ്പർ ഭേദഗതിയിൽ ഞാൻ എഴുതിക്കൊടുത്ത അമെന്റ്മെന്റിൽ നിന്നും ഒരു ചെറിയ വ്യത്യാസം കൂടിയുണ്ട്. ഞാൻ പറഞ്ഞിരിക്കുന്നത്, In clause 2 (s) (ii) after the

word “ charterer,” add the words “ sub charterer, the person who have management of the vessel എന്നാണ് or എന്ന വാക്കില്ല. കാരണം ചാർട്ടറർ എന്നതിന്റെ കൂടെ സബ് ചാർട്ടററും വരും അതേപോലെ the person who have management of the vessel. ഈ രണ്ട് ആളുകളും കൂടി ഓണറിന്റെ ഡെഫനിഷനിൽ ഈ വെസ്സലുമായി ബന്ധപ്പെട്ട് ഉൾപ്പെടുത്തണം എന്നാണ് എന്റെ ഈ 142-ഉം 143-ഉം ഭേദഗതികൾ സൂചിപ്പിക്കുന്നത്. 153, 154,155 ഇവ മൂന്നും ഒരേപോലുള്ളതാണ്. മൂന്ന് രീതിയിലുള്ള proposal -ആണ് കൊടുത്തിരിക്കുന്നത്. ഇതേത് രീതിയിൽ വേണമെങ്കിലും മാറ്റാം, കാരണം goods-നെക്കുറിച്ച് സൂചിപ്പിക്കുന്ന സ്ഥലത്ത് ഇതുമായി ബന്ധപ്പെട്ട് ഈ vessel define ചെയ്തിരിക്കുകയാണ്. Vessel define ചെയ്തിരിക്കുമ്പോൾ floating craft കൂടി വേണം. ഇപ്പോൾ ഒരുപാട് floating craft -കൾ ഉണ്ട്. 155 -ൽ ആണ് അത് propose ചെയ്യുന്നത്. Vessel-ന്റെ definition re draft ചെയ്യണം. അതായത് “ vessel” means a craft intended for navigation and includes floating craft, pontoons, dredgers or any other floating device capable of being used in maritime transport. Vessels also includes pleasure craft, floating hotels or any other floating device” . സർ, ഇതൊക്കെയാണ് ഇപ്പോഴത്തെ vessel എന്ന് പറയുന്നത്. 1981-ലെ ഗുജറാത്ത് നിയമത്തിലെ

ഡെഫിനിഷൻ അനുസരിച്ച് വരുന്ന vessels അല്ല. കഴിഞ്ഞ 33 വർഷത്തിനിടയിൽ ലോകത്തിലെ വെസ്സൽസിനുതന്നെ മാറ്റംവന്നു. മൈനർ പോർട്ടുകളിലെല്ലാം ഉപയോഗിക്കപ്പെടുന്ന വെസ്സൽസുകളാണ് ഈ ഡെഫിനിഷനിൽ ഞാൻ പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് വെസ്സൽ എന്ന് പറഞ്ഞിരിക്കുന്നത് ആധുനിക കാലഘട്ടത്തിനനുയോജ്യമായി റീ-ഡ്രാഫ്റ്റ് ചെയ്യണമെന്നുള്ളതാണ്. ഇത്രയുമാണ് ഡെഫിനിഷൻ ക്ലോസ്സുമായി ബന്ധപ്പെട്ട് പറയുവാനുള്ളത്. ഇപ്പോഴത്തെ നിരവധി കേസ്സുകൾ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ മാരിടൈം കേസ്സുകളിൽ ഉണ്ടായിരിക്കുന്ന, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായിരിക്കുന്ന സുപ്രധാനമായ വിധികൾ കൂടി കണക്ക് ചെയ്തുകൊണ്ടാണ് ഈ definition clause-ൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ഈ നിയമത്തെ കുറച്ചുകൂടി കരുത്തുറ്റതാക്കാനുള്ള പ്രൊപ്പോസൽസാണ് തന്നിരിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ : ഭേദഗതികൾ അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുന്ന അംഗങ്ങൾ അല്പംകൂടി ചുരുക്കിയാൽ കൊള്ളാം.

ശ്രീ. വി. ഡി. സതീശൻ: സർ, ഇതൊരു പുതിയ നിയമമാണ്. ഈ നിയമം സഭയിൽ വന്നപ്പോൾ പല ദിവസവും ബഹളമായിരുന്നു. 117 ക്ലോസുള്ള ഒരു നിയമം

ഈ സഭയിൽവന്നിട്ട് അത് കൃത്യമായി ഇവിടെ ചർച്ച ചെയ്യാൻ പറ്റിയില്ല. ക്ലോസ് ബൈ ക്ലോസിൽ വളരെ പ്രധാനപ്പെട്ട ചില നിർദ്ദേശങ്ങൾ പറയുമ്പോൾ അതിനെക്കുറിച്ച് വിശദമായി പറയാനുള്ളത് മെമ്പേഴ്സിന്റെ അവകാശമാണ്. നിയമനിർമ്മാണം കോടതികളിൽ പോകുന്നതാണ്. കോടതികളിൽ പോകുമ്പോൾ സർക്കാരിനും ബോർഡിനും വിരുദ്ധമായിട്ടുള്ള പ്രശ്നങ്ങൾവരും. ഇവിടെ ചർച്ച ചെയ്യാതെ നിയമം പാസ്സാക്കിയാൽ അത് സഭയ്ക്കുതന്നെ അവഹേളനമായിമാറും. അതുകൊണ്ട് ആ സ്പീഡ് പറ്റത്തില്ല.

Shri. Muhammedunni Haji: Sir, I move the following amendment:

134. In clause 2(g), after the word “vessels”, the words “of small size” shall be inserted.

Shri. M. Ummer: Sir, I move the following amendments:

135. Clause 2(g) shall be recast as follows:

“(g) “goods” includes livestock and every kind of movable property but does not include fish and other edible seafood caught by traditional fishermen by vessels”;

146. In Clause 2(u) delete the words “excluding roads”.

148. In Clause 2(v) after the word “rules” insert the words “and regulations”.

159. The following sub clause shall be added to clause (2);

“(zf) “Indian Ports Act” means the “Indian Ports Act, 1908 (Central Act 15 of 1908)”.

Shri. Palode Ravi: Sir, I move the following amendment:

136. In clause 2, after the item (i), the following item shall be inserted:

“(i)(a) Indian Ports Acts means the Indian Port Act, 1908.”

Shri. K. N. A. Khader: Sir, I move the following amendment:

138. In clause 2(o), the word “that” shall be substituted with the word “the”.

Shri. N. A. Nellikkunnu: Sir, I move the following amendment:

140. In clause 2(q),

(i) after the word “port”, insert the words “or minor port”; and

(ii) after the words “other than”, the following shall be inserted:

“a fishing harbour and fish landing centre in the State”.

Shri. Dominic Presentation: Sir, I move the following amendments:

145. In Clause 2 after item (t) the following item shall be inserted and reletter accordingly:

"(u) port means any minor port to which this Act applies within such limits as may from time to time be defined by the government under the Indian Port Act".

152. In clause 2(zd) after the words " human beings" insert the word " animals"

Shri. V. M. Ummer Master: Sir, I move the following amendment:

149. In Clause 2(w)(ii) after the word "Improvement Trust" the words "Development Authority" shall be inserted.

Shri. K. M. Shaji: Sir, I move the following amendment:

150. In Clause 2(zc) for the words and figures "10 of the Act" substitute the words and figures "10 of this Act; ".

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഇതിൽ ഏതെങ്കിലും ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

സർ, ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. അതിലെ "arms break water" എന്നത് "arms of break water" എന്നാക്കി മാറ്റണമെന്നാണ് ഭേദഗതി. ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 146-ാം നമ്പർ ഭേദഗതി അംഗീകരിക്കുന്നു. ശ്രീ. വി. ഡി. സതീശൻ പറഞ്ഞ നിർവ്വചനം സംബന്ധിച്ച്, ഇന്ത്യൻ പോർട്ട്സ് ആക്ടിൽനിന്നാണ് വെസ്സലിന്റെ നിർവ്വചനമെടുത്തിട്ടുള്ളത്. ആ നിർവ്വചനത്തിനുള്ള ഭേദഗതി സ്വീകാര്യമല്ല. വെസ്സൽ നിർവ്വചിച്ചിട്ടുള്ളതിനാൽ ഫിഷിംഗ് വെസ്സൽ നിർവ്വചിക്കേണ്ട ആവശ്യമില്ല. അതുകൊണ്ടാണ് ആ ഭേദഗതി സ്വീകരിക്കാത്തത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 146-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 119-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി

സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 126-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 127, 141 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 131, 142, 143, 144, 153, 154, 155 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 135, 148, 159 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പാലോട് രവി അവതരിപ്പിച്ച 136-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 138-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 140-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 145, 152 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 149-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 150-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3-ാം വകുപ്പ്

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

638. Inverted commas in clause 3 (1), shall be omitted.

Shri. P. B. Abdul Razak: Sir, I move the following amendment:

162. In clause 3(1) for the words " to be called" the words " by name" shall be substituted.

Shri. K. Sivadasan Nair: Sir, I move the following amendments:

163. In clause 3(1) for the words and symbols " the Kerala Maritime Board" substitute the words and symbols " The Kerala Maritime Board" .

169. In clause 3(4)(a) for the word " Chairman" , substitute the word " Chairperson" .

163-ൽ ചെറിയൊരു കറക്ഷനാണുള്ളത്. അത് small letter-ലാണ് തുടങ്ങുന്നത്. അത് മാറ്റണം. 182-ഉം ഉണ്ട്. Minister for Ports എന്നതുപോലെ Secretary to Government Ports എന്ന് മതി, Fisheries എന്നത് അവിടെ

ആവശ്യമില്ലാതെയാണ് ചേർത്തിരിക്കുന്നത്. അങ്ങനെയാണെങ്കിൽ ഫിഷറീസ് മിനിസ്റ്ററെന്ന് പ്രത്യേകം ചേർക്കണ്ടേ. അതുകൊണ്ട് Fisheries എന്നുള്ളത് അവിടെ ആവശ്യമില്ല. Ports എന്നുള്ളത് മതി. ഇപ്പോൾ ഫിഷറീസും പോർട്ട്സും ഒരുമിച്ച് കിടക്കുന്നു എന്നുള്ളതുകൊണ്ടുമാത്രം അതിൽ ചേർക്കേണ്ട കാര്യമില്ല എന്നുള്ളതാണ് എന്റെ ഭേദഗതി.

ശ്രീ. എം. ഉമ്മർ: സർ, 182-ൽ പറഞ്ഞ അതേ ഭേദഗതി എന്റെ 181-ലുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് അങ്ങേയ്ക്ക് മൂവ് ചെയ്യാവുന്നതാണ്.

ശ്രീ. എം. ഉമ്മർ: സർ, ശ്രീ. കെ. ശിവദാസൻ നായർ ഇപ്പോൾ ആ ഭേദഗതിയാണ് മൂവ് ചെയ്തത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങേയ്ക്കാണ് അത് മൂവ് ചെയ്യാൻ കഴിയുന്നത്.

Shri. Joseph Vazhackan: Sir, I move the following amendments:

164. In clause 3(1) for the words " the Kerala Maritime Board" , the words " the Kerala State Maritime Board" shall be substituted.

193. In clause 3(4) after item (o) insert the following item and reletter accordingly.

"(p) Three MLAs representing coastal areas nominated by the State Government : Members"

Shri. M. Ummer: Sir, I move the following amendments:

171. In the entry in column 2 against item (b) of clause 3(4) substitute the word " in charge of" , for the word " for" .

181. In the entry in column 2 against item (h) of clause 3(4) delete the word and symbol "Fisheries &"

187. In clause 3(4) insert a new sub clause after sub clause (m) and the remaining shall be relettered:- -

"(n) One representative from Indian Customs Department to be nominated by the Central Government"

Shri. P. K. Basheer: Sir, I move the following amendment:

173. In the entry in column 2 against item (c) of clause 3(4) for the word " for" substitute the words "in charge of".

Shri. K. N. A. Khader: Sir, I move the following amendment:

175. In the entry in column 2 against item (d) of clause 3(4) for the word " for" substitute the words " in charge of" .

Shri. Dominic Presentation: Sir, I move the following amendment:

179. In clause 3(4), after item (d), insert the following item and reletter remaining items accordingly:

“ (e) Minister for Fisheries - Ex-officio Member” .

ഇപ്രാവശ്യം മാത്രമാണ് പോർട്ടും ഫിഷറീസുമൊക്കെ ഒരുമിച്ച് വന്നത്. ഇതിന് മുമ്പൊക്കെ ഫിഷറീസ് വകുപ്പുമന്ത്രി വേറെയായിരുന്നു. അതുകൊണ്ട് ഫീഷറീസ് വകുപ്പുമന്ത്രിയെന്ന് പ്രത്യേകം ചേർക്കണം. ഇല്ലെങ്കിൽ നാളെയൊരു ഗവൺമെന്റുവന്ന് വകുപ്പ് രണ്ടുപേർക്കായാൽ ബുദ്ധിമുട്ടുണ്ടാകും.

<u>Shri. Kodiyeri Balakrishnan</u>: Sir, I move the following amendments.

180. In clause 3(4),

(i) after item (d) insert the following and reletter other items accordingly:

| | | | |
|---|---|---|---|
| “(e) | Minister for Fisheries | .. | Ex- officio Member |
| (f) | Minister for Public Works | .. | Ex-officio Member |
| (g) | Member of Parliament representing the area | .. | Ex-officio Member |
| (h) | M.L.A representing the area | .. | Ex-officio Member |
| (i) | Member of District Panchayat representing the area | .. | Ex-officio Member |

186. In clause 3(4),

delete items (m) (n) & (o) and reletter accordingly

നേരത്തെ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ പറഞ്ഞത് വളരെ പ്രസക്തമാണെന്ന് എനിക്ക് തോന്നുന്നു. മത്സ്യബന്ധനവും തുറമുഖവും വകുപ്പുമന്ത്രിയെന്നാണ് ഇപ്പോഴുള്ളത്. എല്ലാ കാലത്തും അങ്ങനെ വരണമെന്നില്ല. ഇതൊരു നിയമമാണല്ലോ. ആ നിലയിൽ Minister for fisheries എന്ന് പ്രത്യേകം ചേർക്കുകയും തുറമുഖ വകുപ്പുമന്ത്രി എക്സ്-ഒഫിഷ്യോ വൈസ് ചെയർമാനെന്നുള്ള നിലയിൽ ആക്കുന്നതുമായിരിക്കും നല്ലത്. അതുപോലെ ഇതിനകത്ത് Minister for Public Works വന്നിട്ടില്ല. ആ വകുപ്പുമന്ത്രിയുംകൂടി ഇതിനകത്ത് ഉൾപ്പെടുത്തേണ്ടത് ആവശ്യമാണെന്ന് തോന്നുന്നു. പാർലമെന്റ് മെമ്പർമാർ, എം.എൽ.എ., ഡിസ്ട്രിക്ട് പഞ്ചായത്തുകൾക്കൊന്നും ഇതിനകത്ത് യാതൊരു പ്രാതിനിധ്യവും കൊടുത്തതായി കാണുന്നില്ല. അതിനുവേണ്ടിയാണ് ഈ ഭേദഗതി.

Shri. N. Samsudheen: Sir, I move the following amendment:

183. In the entry in column 2 against item (k) of clause 3(4) for the words "the Indian Navy" substitute the words "the Cochin Naval Base of Indian Navy"

Shri. K. M. Shaji: Sir, I move the following amendment:

185. In the entry in column 2 against item (l) of clause 3(4)

after the words " Coast Guard" insert the words " wing stationed as Kerala Coast"

Shri. S. Sarma: Sir, I move the following amendment:

188. In clause 3(4) after item (m) insert the following items and reletter the remaining items accordingly.

"(n) One representative from Customs Department .. Ex-officio member

(o) Director of ports .. Ex-officio member"

Shri. V. M. Ummer Master: Sir, I move the following amendment:

192. In clause 3(4) after item (o)

(1) The following item shall be inserted and the remaining item shall be relettered.

" (p) Chief Engineer in charge of Harbour Engineering wing of the State"

Shri. Benny Behanan: Sir, I move the following amendments:

195. After clause 3(4)(o), the following shall be inserted and the remaining shall be renumbered accordingly:

"(p) The other member from among the persons who are in the opinion of the State Government, having expertise or experience in or capable of representing any one or more of the interest of shipping, navigation, ports, sailing, vessels, fisheries, trade, commerce, finance industry, workers of minor ports and such other interests as in the opinion of the State Government ought to be represented on the Board."

197. In clause 3(4) after item (p) insert the following item namely:

"(q) two members of the Kerala Legislative Assembly nominated by the government .. Members"

ശ്രീ. വി. ഡി. സതീശൻ സൂചിപ്പിച്ചതുപോലെ ഇത് ഗുജറാത്ത് ആക്ടിന്റെ അതേ പകർപ്പാണ്. ഇതിനകത്ത് മുഴുവൻ എക്സ്-ഒഫിഷ്യോ മെമ്പേഴ്സും ഗവൺമെന്റ് സെക്രട്ടറിമാരുമാണ്. മാരിടൈം എക്സ്പേർട്ട്സ് ആരും ഈ ബോർഡിലില്ലെന്നാണ് എന്റെ 195-ാം നമ്പർ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് മാരിടൈം എക്സ്പേർട്ട്സായിട്ടുള്ള ആരെയെങ്കിലും ഈ ബോർഡിൽ ഉൾപ്പെടുത്തണം. മന്ത്രിമാർ മാരിടൈം എക്സ്പെർട്ടാണെന്നുള്ള വിശ്വാസം എനിക്കില്ല. ഞാൻ ഒരു

ഉദ്യോഗസ്ഥനേയും തരംതാഴ്ത്തി പറയുന്നതല്ല. ഉദ്യോഗസ്ഥൻമാരും മാരിടൈം എക്സ്പേർട്ട്സല്ല. പോർട്ട്സ്, സെയിലിംഗ്, വെസ്സൽസ്, ഫിഷറീസ്, ട്രേഡ്, കോമേഴ്സ്, ഫിനാൻസ് ഇൻഡസ്ട്രി, വർക്കേഴ്സ് ഓഫ് ദി മൈനർ പോർട്ട്സ് എന്നിങ്ങനെയുള്ള ആളുകളെയാണ് എക്സ്പെർട്ട്സ് എന്ന് പറയുന്നത്. ആ എക്സ്പേർട്ട്സിനെ ഉൾപ്പെടുത്താതെ ഒരു ബോർഡ് വരുന്നത് ശരിയല്ല. നമ്മളൊരു നിയമമുണ്ടാക്കുകയാണ്. അതിൽ പഞ്ചായത്തുകളുടെ മാത്രമല്ല, നിയമസഭയുടെ പ്രാതിനിധ്യമുണ്ടാകണം, നിയമസഭയിലെ എം.എൽ.എ.-മാരുടെ പ്രാതിനിധ്യമുണ്ടാകണം, മാരിടൈം എക്സ്പേർട്ട്സിന്റെ പ്രാതിനിധ്യമുണ്ടാകണമെന്നുള്ള രണ്ട് ഭേദഗതിയാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്.

Shri. V. D. Satheesan: Sir, I move the following amendment:

196. After clause 3(4)(p) add the following item namely:

“ (q) three maritime experts”

നേരത്തെ ബഹുമാനപ്പെട്ട ബെന്നി ബെഹനാൻ സൂചിപ്പിച്ചതുപോലെ ഇത്

മന്ത്രിമാരും സെക്രട്ടറിമാരും ഉൾപ്പെട്ട ഒരു കമ്മിറ്റിയാണ്. കോസ്റ്റൽ ഷിപ്പിംഗിന്റെയും മാരിടൈം ലോയുടെയുമൊക്കെ ഈ കാലത്ത് അതുമായി ബന്ധപ്പെട്ട എക്സ്പെർട്ടുകളില്ലാതെ എന്ത് ചർച്ച ചെയ്യാനാണ്? അതുകൊണ്ട് വ്യത്യസ്തമായ മൂന്ന് മാരിടൈം എക്സ്പേർട്ടുകളെ ഇതിനകത്ത് ആഡ് ചെയ്താൽ മാത്രമേ ഈ നിയമമുണ്ടാക്കുന്നതിന്റെ പർപ്പസ് സെർവ് ചെയ്യാൻ സാധിക്കുകയുള്ളൂ. നേരത്തെ ഇവിടെ ഡെഫിനിഷൻ ക്ലോസിന്റെ കാര്യം പറഞ്ഞപ്പോൾ ഇന്ത്യൻ പോർട്ട് ആക്ടിൽനിന്നാണ് ഈ ഡെഫിനിഷൻ എടുത്തിരിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇന്ത്യൻ പോർട്ട് ആക്ട് 1903 ആണ്. ഇന്ന് സെൻട്രൽ ഗവൺമെന്റ് 1903-ലെ ഇന്ത്യൻ പോർട്ട് ആക്ടും 1963-ലെ മേജർ പോർട്ട്സ് ആക്ടും തമ്മിൽ കൺസോളിഡേറ്റ് ചെയ്തുകൊണ്ട് ഒരു പുതിയ സെൻട്രൽ ലെജിസ്ലേഷൻ ബില്ലായി വന്നിട്ടുണ്ട്. ആ ബിൽ ഇന്റർനെറ്റിൽ കിടക്കുന്നുണ്ട്. പോർട്ട് വകുപ്പിലെയും നിയമവകുപ്പിലെയും ഉദ്യോഗസ്ഥൻമാർ അതിൽ കിടക്കുന്ന ഡെഫിനിഷനൊന്ന് വായിച്ചിരുന്നുവെങ്കിൽ ഇങ്ങനെയൊരു ഡെഫിനിഷൻ നിയമത്തിൽ വരില്ലായിരുന്നു. കാരണം 110 വർഷം മുമ്പുള്ള കാര്യങ്ങളാണ് അതിനകത്ത് പറഞ്ഞിരിക്കുന്നത്. 110 വർഷത്തിനിടയിൽ ലോകത്ത് ഈ ഫീൽഡിൽ എന്തെല്ലാം വ്യത്യാസംവന്നു. ആ തരത്തിലുള്ള ഒരു വെസ്സൽസുമല്ല

ഇപ്പോഴുള്ളത്. ഇപ്പോഴുള്ള ഫ്ലോട്ടിംഗ് ക്രാഫ്റ്റുകൾതന്നെ മാറി. അതുകൊണ്ട് 1903-ലെ ഇന്ത്യൻ പോർട്ട് ആക്ടാണെന്ന് പറയുന്നത് ശരിയല്ല. സെൻട്രൽ ഗവൺമെന്റിന്റെ ലെജിസ്ലേഷന്റെ ബില്ലിലെ ഡെഫിനിഷനാണ് നോക്കേണ്ടത്.

മി. ഡെപ്യൂട്ടി സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ ഏതെങ്കിലും അംഗീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 179 - ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 187-ാം നമ്പർ ഭേദഗതിയും ശ്രീ. വി. എം. ഉമ്മർ മാസ്റ്ററുടെ 192 - ാം ഭേദഗതിയും സ്വീകരിക്കുന്നു.

ഇതിൽ എക്സ്പെർട്ട്സിനെയും എം.എൽ.എ.-മാരെയും ഉൾപ്പെടുത്തുന്ന കാര്യം പറഞ്ഞു. ഇതിനകത്ത് ഈ പറയുന്ന ബന്ധപ്പെട്ട എല്ലാവരും ഉൾപ്പെടുന്ന ഒരു കൺസൾട്ടേറ്റീവ് കമ്മിറ്റിയുണ്ട്. ഈ നിയമത്തിന്റെ ഒരു പ്രധാന പ്രത്യേകത തുറമുഖ കൺസൾട്ടേറ്റീവ് കമ്മിറ്റിയുണ്ട് എന്നുള്ളതാണ്. ചേമ്പർ ഓഫ് കോമേഴ്സ്, കപ്പൽ ഗതാഗതം, ജലയാനങ്ങൾ, തൊഴിൽ, വ്യവസായം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നവരുടെ പ്രതിനിധികൾ അടങ്ങുന്ന ഒരു കമ്മിറ്റിയാണത്. ഈ നിയമസഭതന്നെ രൂപം നൽകിയിട്ടുള്ള അനവധി കമ്പനികളും ബോർഡുകളുമുണ്ട്.

അതിലൊന്നും നിയമസഭയുടെ പ്രതിനിധികളില്ല. എന്നാൽ യൂണിവേഴ്സിറ്റികളിലുണ്ട്. പക്ഷെ മറ്റ് പ്ലാന്റേഷൻ കോർപ്പറേഷനുകളിലും മറ്റുമുള്ള ബോർഡുകളിൽ നിയമസഭയുടെ പ്രതിനിധികളില്ല. അതുപോലെ ധാരാളം ബോർഡുകളും കമ്പനികളുമുണ്ട്. അതിലൊന്നും നിയമസഭയുടെ പ്രതിനിധികളില്ല.

ശ്രീ. ബെന്നി ബെഹനാൻ : സർ, എം.എൽ.എ.-മാർ വേണ്ട. എന്നാൽ മാരിടൈം എക്സ്പെർട്ട്സ് വരണ്ടേ; ഈ ബില്ലിൽ മാരിടൈം എക്സ്പെർട്ട്സ് ആരുമില്ല. ഇവിടെ പറഞ്ഞതുപോലെ ഉദ്യോഗസ്ഥന്മാരും മന്ത്രിമാരും മാത്രമേയുള്ളൂ. ഉദ്യോഗസ്ഥന്മാരുടെയും മന്ത്രിമാരുടെയും പരിചയത്തെക്കുറിച്ച് തരംതാഴ്ത്തുന്നതല്ല. മാരിടൈം എക്സ്പെർട്ട്സായ ആരെങ്കിലും ഈ ബോർഡിൽ വരേണ്ടതാണ്. ഒന്നാമത് ഞങ്ങൾ നേരത്തെ പറഞ്ഞതുപോലെ ഇത് ഗുജറാത്ത് ആക്ടിന്റെയും സെൻട്രൽ ആക്ടിന്റെയുംമറ്റും കോപ്പി അടിച്ചിരിക്കുകയാണ്. ഇത് ബഹുമാനപ്പെട്ട കെ. ബാബുവിന്റെ കാലത്തുണ്ടായതല്ല, ശ്രീ. വിജയകുമാറിന്റെ കാലത്തുണ്ടായതാണ്. അതിനകത്തുതന്നെ അവർ കൊടുത്തിരിക്കുന്ന നല്ല വശമില്ല. ഗുജറാത്ത് സ്റ്റേറ്റിന്റെയും മഹാരാഷ്ട്ര സ്റ്റേറ്റിന്റെയും നിയമത്തിൽ മാരിടൈം ആസ്പെക്ട്സ് മുഴുവൻ ഉൾപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ ഈ ബില്ലിൽ മാരിടൈം ആസ്പെക്ട്സ് മുഴുവനില്ല. കോസ്റ്റൽ ഷിപ്പിംഗ് മാത്രമേ ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. അത് ശരിയല്ല. ഇതിൽ

മാരിടൈം ആസ്പെക്ട്സ് മുഴുവൻ ഉൾപ്പെടുത്തണം. പോർട്ടിൽ നിലവിലുള്ള ഹിഡ്രോഗ്രാഫിക് സർവ്വെ വിംഗുപോലും മാറ്റിക്കൊണ്ടാണ് ഈ നിയമം ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് ഇതിൽ എക്സ്പെർട്ട്സ് വേണമെന്നുള്ളത് അംഗീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് വീണ്ടും അഭ്യർത്ഥിക്കാനുള്ളത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, മേൽപ്പറഞ്ഞ ഭേദഗതികൾ ഒഴികെ മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രിയുടെ ഔദ്യോഗിക ഭേദഗതിയും ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 179 - ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 187-ാം നമ്പർ ഭേദഗതിയും ശ്രീ. വി. എം. ഉമ്മർ മാസ്റ്ററുടെ 192 - ാം ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. പി.ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 162 - ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 163, 169 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജോസഫ് വാഴക്കൻ അവതരിപ്പിച്ച 164, 193 എന്നീ ഭേദഗതികൾ

സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 171, 181 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 173 - ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 175 - ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 180, 186 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 183 - ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 185 - ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 188-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച അവതരിപ്പിച്ച 195, 197 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 196 - ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3 - ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 4 - ാം വകുപ്പ്

Shri K. Sivadasan Nair : Sir, I move the following amendment:

199. In clause 4, for the word "Chairman" substitute the word "Chairperson" wherever it occurs.

Shri A. K. Balan : Sir, I move the following amendments:

200. In the first line of clause 4, the words " absent or" shall be deleted.

202. In clause 4, the words "and in the absence of both the Chairman and the Vice Chairman, such person as the Government may appoint", shall be deleted.

200-ാം നമ്പർ ഭേദഗതി 126 – ന് സമാനമായിട്ടുള്ളതായതുകൊണ്ട് അതുസംബന്ധിച്ച് വിശദീകരിക്കുന്നില്ല. 202-ാം നമ്പർ ഭേദഗതി എന്നുപറയുന്നത്, ഇതിന്റെ എക്സ്-ഒഫിഷ്യോ ചെയർമാൻ ചീഫ് മിനിസ്റ്ററാണ്, വൈസ്ചെയർമാൻ പോർട്ട് മിനിസ്റ്ററാണ്. അവരുടെ ആബ്സെന്റ്സിൽ ഗവൺമെന്റ് പിന്നീട് ഒരു ചെയർമാനെ നിശ്ചയിക്കുമെന്നാണ് പറയുന്നത്. അങ്ങനെ വരുമ്പോൾ ചെയർമാൻമാർ രണ്ടുപേരാകും. യഥാർത്ഥത്തിൽ ആ ബോർഡ് യോഗത്തിൽനിന്ന് ഒരാൾ ചെയർമാൻ ആയാൽ മതി. ഗവൺമെന്റ് ചെയർമാനെ തീരുമാനിക്കുമെന്ന് പറഞ്ഞാൽ പിന്നെങ്ങനെയാണ് യോഗം ചേരാൻ സാധിക്കുന്നത്. From among the members available - അതിൽ നിന്ന് ഒരാളെ എടുത്താൽ മതി. അല്ലെങ്കിൽ ചെയർമാന്മാർ രണ്ടാകും. ഇവിടെ എക്സ്-ഒഫിഷ്യോ ചെയർമാനും അതുകൂടാതെ

ഗവൺമെന്റ് നിശ്ചയിക്കുന്ന ഒരു ചെയർമാനുമുണ്ടാകും.

Shri M. Ummer : Sir, I move the following amendments:

201. In clause 4, the words and symbol " or on leave," shall be deleted.

205.In clause 4, for the words " as the Government may appoint" substitute the words " chosen by the members present from amongst themselves, shall preside at meetings of the Board."

ഇതിന്റെ ചെയർമാൻ എന്നുപറയുന്നത് ചീഫ് മിനിസ്റ്ററാണ്. Chief Minister is absent or on leave എന്നാണ്. On leave എന്നുവേണ്ട, ചീഫ് മിനിസ്റ്റർ ലീവ് കൊടുക്കാറില്ല, അതുകൊണ്ട് absent എന്നുമതി. ഇതിൽനിന്നും on leave ഒഴിവാക്കണമെന്നാണ് എന്റെ ഭേദഗതി.

Shri C. Moyinkutty : Sir, I move the following amendment:

206. In clause 4, after the word "appoint" insert the words ""from among members of the Board".

മി. ഡെപ്യൂട്ടി സ്പീക്കർ : സർ, ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, ഭേദഗതികൾ ഒന്നും സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 199 - ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 200, 202 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 201, 205 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 206 - ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ........

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4 - ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

5 - ാം വകുപ്പ്

Shri P. Ubaidulla : Sir, I move the following amendment:

208. In clause 5(1), for the words "and places" substitute the words ""at the Head quarters or at places as the Chairman may decide".

ബോർഡ് മീറ്റിംഗ് കൂടുന്ന സ്ഥലം അവ്യക്തമായിട്ടാണ് പറയുന്നത്. ഇപ്പോൾ ഇവിടെ "and places" എന്നതിനുപകരം "at the Head quarters or at places as the Chairman may decide". ഇത് ചെയർമാൻ ഡിസൈഡ് ചെയ്യു സ്ഥലമോ ഹെഡ്ക്വാർട്ടേഴ്സോ ആയിരിക്കണമെന്ന് വ്യക്തമായി പറയേണ്ടതായിട്ടുണ്ട്.

Shri K. Muhammedunni Haji : Sir, I move the following amendment:

209. After clause 5 (1), insert the following proviso namely;

“Provided that the Board shall hold atleast two meetings in a financial year.”

Shri M. Ummer : Sir, I move the following amendments:

210. Clause 5(2) shall be deleted.

221. The following shall be inserted as proviso to Clause 5 (4):

"Provided that a member shall be disqualified if he has directly or indirectly any share or interest in anywhere done by order of the Board or in any contract or employment with or on behalf of the Board".

Shri V. D. Satheesan : Sir, I move the following amendment:

212. Delete clause 5(3).

സബ്ക്ലോസ് 3 ഡിലീറ്റ് ചെയ്യണമെന്നുള്ളതാണ് എന്റെ ഭേദഗതി. ഇതിൽ മീറ്റിംഗ് ഓഫ് ദി ബോർഡിനെക്കുറിച്ചാണ് പറയുന്നത്. ആരെല്ലാമാണ് ബോർഡിലുള്ളത്, മന്ത്രിമാരും ഗവൺമെന്റ് സെക്രട്ടറിമാരുമാണ്. ഇതിൽ എഴുതിയിരിക്കുന്നത്, All questions at a meeting of the Board shall be decided by a majority of votes of the members present and voting and, in the case of equality of votes, the person presiding shall have a second or casting vote; ഒരു മന്ത്രിസഭയിലെ മുഖ്യമന്ത്രിയും മന്ത്രിമാരും ഗവൺമെന്റ് സെക്രട്ടറിമാരും കൂടി ഇരുന്നിട്ട്, മന്ത്രിസഭയിൽ അങ്ങനെ ഇരുന്ന് വോട്ടിട്ടാണോ തീരുമാനമെടുക്കുന്നത്; മന്ത്രിസഭയുടെ ഒരു മിനിയേച്ചറാണ് ഇത്. ഇവരുടെകൂടെ ഇരിക്കുന്നത് സബോർഡിനേറ്റർമാരായി പ്രവർത്തിക്കുന്ന ഗവൺമെന്റ് സെക്രട്ടറിമാർ, അവിടെ

ഇരുന്ന് ഒരു തീരുമാനമെടുക്കുന്നത് മെജോറിറ്റി വോട്ടുപ്രകാരമാണ് എന്നുപറഞ്ഞാൽ, ഒരു നിയമത്തിൽ ഇങ്ങനെ എഴുതിവയ്ക്കുന്നത് വളരെ മോശമാണ്. സെക്രട്ടറിമാർ വേറെ വോട്ട് ചെയ്യുന്നു, മന്ത്രിമാർ വേറെ വോട്ടുചെയ്യുന്നു, മുഖ്യമന്ത്രി വോട്ടു ചെയ്യുന്നു. ഇതൊക്കെ എങ്ങനെയാണ് ഒരു നിയമത്തിൽ വരുന്നത്; ഇതുകൂടാതെ കാസ്റ്റിംഗ് വോട്ടും സെക്കന്റ് വോട്ടും പറയുന്നുണ്ട്. മുഖ്യമന്ത്രിയും മന്ത്രിമാരും കൂടി വോട്ടെടുപ്പ്..... ഇത് നന്നായിരിക്കും.

Shri Benny Behanan : Sir, I move the following amendment:

218. Clause 5(3) shall be recast as follows:

"(3) Number of members necessary to constitute a quorum at a meeting be one-third".

സർ, ശ്രീ. വി.ഡി. സതീശൻ പറഞ്ഞതുപോലെതന്നെ, ഇതിൽ ക്വാറത്തെക്കുറിച്ച് പറയുന്നുണ്ടെങ്കിലും ക്വാറത്തിന്റെ നമ്പർ പറയുന്നില്ല. ക്വാറം ഉണ്ടാകണമെന്ന് പറയുന്നുണ്ട്. അതുകൊണ്ട് ക്വാറം one-third എന്ന് പറയണം. അത് ഇവിടെ പറഞ്ഞിട്ടില്ല. ശ്രീ. വിജയകുമാറിന്റെ കാലഘട്ടത്തിൽ ബിൽ ഇങ്ങോട്ട് പകർത്തി എഴുതിയപ്പോൾ ഉണ്ടായ അപാകതയാണ്.

Shri P. K. Basheer : Sir, I move the following amendment:

220. In clause 5(4) for the words "such as may be provided in the regulations" substitute the word "ten".

മി. ഡെപ്യൂട്ടി സ്പീക്കർ : സർ, ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ അംഗീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. Second or casting vote എന്നാണ് പറഞ്ഞിട്ടുള്ളത്. ബോർഡ് മീറ്റിംഗിൽ തീരുമാനമാകാതെ വന്നാലുള്ള ഒരു പ്രശ്നമാണത്. ബോർഡ് മീറ്റിംഗിൽ പങ്കെടുക്കുന്ന മന്ത്രിമാർ രണ്ടു വിഭാഗത്തിലായാൽ ഏകാഭിപ്രായം വരണമെന്നില്ല. ഇതിനകത്ത് ഏതെങ്കിലും ഒരു വിഷയത്തിൽ തീരുമാനമാകാതെ വന്നാൽ ഒരഭിപ്രായരൂപീകരണം നടത്തുന്നതിനാണ്.

ശ്രീ. ബെന്നി ബെഹനാൻ : സർ, ക്വാറത്തിന്റെ നമ്പർ വ്യക്തമായി പറയണം.

ശ്രീ. കെ. ബാബു: സർ, ക്വാറത്തിന്റെ എണ്ണം one-third എന്നുള്ള ഭേദഗതി സ്വീകരിച്ചിരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 218- ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 208 - ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 209 - ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 210, 221 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 212 - ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി.കെ. ബഷീർ അവതരിപ്പിച്ച 220 - ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം

സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5 - ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ആറാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ആറാം വകുപ്പിന് ശേഷമുള്ള പുതിയ വകുപ്പ്</u>

<u>Shri Benny Behanan</u> : Sir, I move the following amendment:

230. After clause 6, add the following new clauses, namely,-

"7. Vacation of office of other Members.- The State government shall remove a member of the Board if he -

(a) Refuses to act or becomes incapable of acting or

(b) has in the opinion of State Government, become incapable of representing the interests by virtue of which he was appointed

(c) is, without the permission of the Board previously obtained absent from six consecutive meetings of the Board.

(d) is absent from the meetings of the Board for a period exceeding six consecutive months".

"8. Fees and allowances payable to members.- The other members shall be paid by the Board such fees and allowances for attending meetings of the Board or of any of its committees and for attending any work of the Board as may be provided in the rules. Provided that no fees shall be payable to the chairman or any other member who is a member of Parliament or State Legislature or a servant of the State Government or the Board.

ഇതിൽ, ബോർഡിൽ അംഗങ്ങളായിട്ടും അവർ വരുന്നില്ലെങ്കിൽ അവരെ മാറ്റണം എന്നാണ് പറയുന്നത്. സ്ഥിരമായി വരാതിരിക്കുന്ന ആളുകളെ വച്ചുകൊണ്ടൊരു ബോർഡിന്റെ ആവശ്യമെന്താണ്; ആറ് consecutive meeting-ൽ

പങ്കെടുക്കാത്ത ആളിനെ മാറ്റണം എന്നാണ് പറയുന്നത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു ): സർ, ഭേദഗതി സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബില്ലിന്റെ ഭാഗമല്ലാത്തതിനാൽ ഈ ഭേദഗതി adopt ചെയ്യുണമെന്നില്ല.

ആറാം വകുപ്പിന് ശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ആറാം വകുപ്പിന് ശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പിന് ശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

Shri V. Sivankutty: Sir, I move the following amendment

231. In clause 7, the word " No" shall be deleted.

Minister for Fisheries, Ports and Excise (Shri. K. Babu): Sir, I move

the following oral amendment

232. In Clause 7, for the word “ proceeding” substitute the word “ proceedings” .

മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 232-ാം നമ്പർ വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. വി. ശിവൻകുട്ടി അവതരിപ്പിച്ച 231 -ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**എട്ടാം വകുപ്പ്**

Shri K. Muhammedunni Haji: Sir, I move the following amendment

237. In Clause 8, after the word “ Act” insert the word “ as” .

Shri Kodiyeri Balakrishnan: Sir, I move the following amendment

239. Clause 8 shall be recast as follows:

“ 8. Power of Chief Executive Officer - It shall be the duty of the Chief Executive Officer to execute the decisions of the Board” .

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു ): സർ, ശ്രീ. കെ മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 237 -ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 237-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 239-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**ഒൻപതാം വകുപ്പ്**

Shri V. D. Satheesan : Sir, I move the following amendment

240. In clause 9(1) after the word " the Vice Chairman" insert the word " the members" .

ബോർഡ് യോഗത്തിൽ ഹാജരാകുക എന്നുള്ളത് ചെയർമാന്റേയും വൈസ് ചെയർമാന്റേയും മാത്രം ഡ്യൂട്ടിയായി മാറുന്നു, മെമ്പേഴ്സിന് അത് binding അല്ലാതെ വരുന്നു. അതുകൊണ്ട് എല്ലാ യോഗത്തിലും ഹാജരാകണം എന്നുള്ളത് അവർക്കും binding ആക്കണം.

Minister for Fisheries, Ports and Excise (Shri. K. Babu): Sir, I move the following amendment as oral amendment:

**242.** In clause 9(2)

1. After the words " as soon as possible" insert the words " but not later than fifteen days of the meeting" .

2. After the words " transmit to the Government" insert the words " and to all members of the Board" .

മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല. ശ്രീ. വി. ഡി. സതീശൻ പറഞ്ഞ പ്രശ്നം, ഇതിൽ അംഗങ്ങളായി വരുന്നത് ഗവൺമെന്റ് സെക്രട്ടറിമാരും മറ്റുമൊക്കെയാണ്. അവർ നിർബന്ധമായും ബോർഡ് മീറ്റിംഗിൽ പങ്കെടുക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്താൻ പറ്റില്ല. കാരണം സെക്രട്ടറിമാർക്ക് വിവിധ ആവശ്യങ്ങളുമായി ബന്ധപ്പെട്ട് ഡൽഹിയിൽ പോകേണ്ടി വരികയോ നിയമസഭാ കമ്മിറ്റികളിൽ പങ്കെടുക്കേണ്ടി വരികയോ ചെയ്യും.

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, മുഖ്യമന്ത്രിയാണ് ബോർഡിന്റെ ചെയർമാൻ. ചെയർമാനും വൈസ്ചെയർമാനും, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും നിർബന്ധമായും ഹാജരാകണമെന്ന് പറയുന്നുണ്ട്. അവർക്കും ഡൽഹിയിൽ പോകുകയോ മറ്റ് യോഗങ്ങളിൽ പങ്കെടുക്കുകയോ ചെയ്യേണ്ടിവരും.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബാബു</u> ):

ചെയർമാൻ ഇല്ലെങ്കിൽ വൈസ് ചെയർമാന് യോഗത്തിൽ പങ്കെടുക്കാം. ഭേദഗതി സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 242-ാം നമ്പർ വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 240-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പത്താം വകുപ്പ്**

Minister for Fisheries, Ports and Excise (Shri. K. Babu): Sir, I move the following official amendment:

639. In clause 10 (2)(i), the word " fixed" shall be omitted.

Shri P. C. George : Sir, I move the following amendment

255. In clause 10(3) for the word " proceeding" substitute the word " proceedings" .

Minister for Fisheries, Ports and Excise (Shri. K. Babu): Sir, I move the following amendment as oral amendment:

249. In clause 10(1) for the words and figure " Companies Act, 1954" substitute the words and figure " Companies Act, 1956" .

മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 249, 639 എന്നീ നമ്പർ ഔദ്യോഗികവും വാക്കാലുമുള്ള ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. സി. ജോർജ് അവതരിപ്പിച്ച 255-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പതിനൊന്നാം വകുപ്പ്**

Shri Roshy Augustine: Sir, I move the following amendment:

259. In clause 11, for the word " undertaking" substitute the word " undertakings" .

മി. ഡെപ്യൂട്ടി സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു ): ഭേദഗതി സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. റോഷി അഗസ്റ്റിൻ അവതരിപ്പിച്ച 259-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പന്ത്രണ്ടാം വകുപ്പ്**

Shri K. V. Vijayadas : Sir, I move the following amendments:

267. In Clause 12(1), after the words and symbol " as the case may be" , add the words " New recruitment shall be made by the Board only through Kerala Public Service Commission" at the end.

271. Clause 12(2), shall be recast as follows:

" (2) Notwithstanding anything contained in the Industrial Disputes Act, 1947 (Central Act 14 of 1947), or in any other law for the time being in force, the transfer of the services of any officer or other person employed in the undertakings shall entitle such officer or other employee to

compensations which shall be disbursed to such employees by the existing rules and regulations as framed by the Government from time to time" .

273. In clause 12(3), add the words " and in accordance with the General Provisions of the KSR & KSSR" , at the end.

276. In clause 12(4), after the word " such" add the letter " a" .

Shri V. D. Satheesan: Sir, I move the following amendments:

269. Delete clause 12(2).

സർ, ക്ലോസ് 12(2)-ൽ പറഞ്ഞിരിക്കുന്നത് Industrial Dispute Act അടക്കമുള്ള മറ്റൊരു നിയമവും നിലനിൽക്കില്ലായെന്നുള്ളതാണ്. Industrial Dispute Act ഒരു Central Act ആണ്. Article 245 അനുസരിച്ച് രണ്ട് നിയമം ഉണ്ടാക്കുമ്പോൾ നിലവിലുള്ള Central Act ആണ് prevail ചെയ്യുന്നത്. ഇതുപോലെയുള്ള ഒരു പ്രൊവിഷൻ പാസ്സാക്കാൻ നമുക്ക് Legislative competency ഇല്ല. അത് ഭരണഘടനയിൽത്തന്നെ പറഞ്ഞിട്ടുണ്ട്. ശരിക്കുപറഞ്ഞാൽ ഇതൊരു ഭരണഘടനാവിരുദ്ധമായ ആക്ടാണ്. ID Act എന്നുപറയുന്നത് Central Act ആണ്. ആ ID Act prevail ചെയ്യില്ല എന്നൊരു നിയമത്തിൽ എഴുതിവയ്ക്കുന്നത്

ഭരണഘടനാവിരുദ്ധമാണ്.

Shri M. Chandran: Sir, I move the following amendments:

272. In clause 12(3), for the words " to the Government or to the Board, shall, out of the amounts standing as on the appointed day to the credit of such provident fund, superannuation fund or other fund, stand transferred to and vest in the government or the Board, as the case may be" substitute the words, " by or under the Act to the Board shall stand transferred and to vest in the government" .

274. In clause 12(4), delete the words, " or the Board, as the case may be" .

Shri V. Chenthamarakshan: Sir, I move the following amendment:

275. In clause 12(4), for the words " by that Government or Board" substitute the words " the Government" .

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു ): സർ, ബഹുമാനപ്പെട്ട വി. ഡി. സതീശൻ പറഞ്ഞത് ശരിയാണ്. പക്ഷെ സെൻട്രൽ

ആക്ടിന് വിരുദ്ധമായതുകൊണ്ടാണ് ഇതിന് പ്രസിഡന്റിന്റെ assent വാങ്ങിയിട്ടുള്ളത്. പ്രസിഡന്റിന്റെ അനുമതി വാങ്ങുന്നതിനുവേണ്ടി മൂന്നുകൊല്ലമായി ശ്രമിക്കുകയും ഇവിടെ പറഞ്ഞ പ്രശ്നങ്ങളെല്ലാം അവിടെ explain ചെയ്യുകയും ചെയ്തു. കേന്ദ്ര ഗവൺമെന്റിന്റെ വിവിധ ഡിപ്പാർട്ടുമെന്റുകൾ പരിശോധിച്ചതിനുശേഷമാണ് പ്രസിഡന്റിന്റെ assent ലഭിച്ചിട്ടുള്ളത്. അതുകൊണ്ട് ഇവിടെ ഉന്നയിച്ച പ്രശ്നം വരുന്നില്ല. ഭേദഗതികളൊന്നും സ്വീകാര്യമല്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 267, 271, 273, 276 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 269 -ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച 272, 274 എന്നീ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ചെന്താമരാക്ഷൻ അവതരിപ്പിച്ച 275 -ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പതിമൂന്നാം വകുപ്പ്**

Shri K. Dasan: Sir, I move the following amendment:

277. In clause 13(1), for the words " may, by notification" substitute the word " shall" .

Shri V. D. Satheesan: Sir, I move the following amendments:

279. In clause 13 (1), after the words " Officer of the Board" add the words " and the Conservator of ports" .

280. In clause 13(2), after the words " Chief Executive Officer" add the words " and the Conservator of ports" .

ശ്രീ. വി. ഡി. സതീശൻ: സർ, Conservator of ports എന്ന് പറയുന്ന ഒരു തസ്തികയെക്കുറിച്ച് ഈ നിയമത്തിൽ സൂചിപ്പിക്കുന്നുണ്ട്. മൈനർ പോർട്ടുകളെ സംബന്ധിച്ചും മേജർ പോട്ടുകളെ സംബന്ധിച്ചും പ്രധാനപ്പെട്ട ഒരു പോസ്റ്റാണ്

Conservator of ports. പക്ഷേ ഇവരുടെ നിയമനം എങ്ങനെയാണ് എന്നുള്ളത് സംബന്ധിച്ച് യാതൊരു സൂചനയും ഈ നിയമത്തിലില്ല. സി.ഇ.ഒ., അക്കൗണ്ട്സ് ഓഫീസർ തുടങ്ങി മറ്റുള്ള സീനിയർ ഓഫീസേഴ്സിന്റെ അപ്പോയിന്റ്മെന്റിനെക്കുറിച്ച് ഇതിൽ പറയുന്നുണ്ട്. അതിന് തത്തുല്യമായൊരു സീനിയർ പോസ്റ്റാണ് Conservator of ports എന്ന് പറയുന്നത്. അദ്ദേഹത്തിന്റെ അപ്പോയിന്റ്മെന്റിനും പ്രത്യേകമായ പ്രൊവിഷൻ വേണമെന്നാണ് എന്റെ ഭേദഗതി.

Shri C. Moyinkutty: Sir, I move the following amendment:

282. In clause 13(2), after the word " prescribed" add the following:

" in consideration of the nature, technical capability and high responsibility of the position".

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഏതെങ്കിലും ഭേദഗതികൾ അംഗീകരിക്കുന്നുണ്ടോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു ): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. ദാസൻ അവതരിപ്പിച്ച 277-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ അവതരിപ്പിച്ച 279, 280 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 282-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ......

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.......

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**പതിനാലാം വകുപ്പ്**

Shri. K. Babu: Sir, I move the following official amendment:

640. In clause 14(2) after the words "and appoint" the words "on deputation or otherwise" shall be inserted.

Shri Roshy Augustine: Sir, I move the following amendments:

285. In clause 14(1), insert the words " in writing" after the word " Government" in the first line.

318. In clause 14(6), insert the words " in writing" after the word " Government" .

Shri K.N.A. Khader: Sir, I move the following amendments:

288. In clause 14(1):

(i) After the words " appoint a person" add the following namely:-

" from among the officers absorbed to the Board" .

(ii) Delete the last sentence starting with the words " The Government may sanction such appointment on such terms and conditions as it thinks fit" .

(iii) The following words shall be added at the end namely:-

" If any officer absorbed to the Board do not possess the required qualification and experience, Government may sanction to make such appointment direct or on deputation on such terms and conditions as it thinks fit" .

Shri B. D. Devassy: Sir, I move the following amendments:

289. In clause 14(1), delete the words " to be" after the word " prescribed" .

290. In clause 14(1), substitute the words " Controller of Finance and Accounts" for the words, " Controller, Finance and Accounts" .

Shri K.V. Vijayadas: Sir, I move the following amendments:

293. In clause 14(1), add the following at the end namely:-

" But any such manner the said officer shall be a Government Officer or he/she may be appointed on deputation from the State Government service" .

326. Clause 14(6) shall be recast as follows:-

" A comprehensive and a specific special rules shall be framed in accordance with the provisions of the KSR & KSSR."

Shri K. Suresh Kurup: Sir, I move the following amendments:

294. Clause 14(1) shall be recast as follows:-

" The Board may with the previous sanction of the Government

create the post of Controller, Finance and Accounts. The Board shall appoint a person possessing the qualification such as may be prescribed to be the Controller, Finance and Accounts".

302. Clause 14(2) shall be recast as follows:-

" The Board may with the previous sanction of the Government create such other posts of officers and employees as it considers necessary for the efficient performance of the functions of the Board. The Board may appoint such officers and employees and determine by regulations their conditions of appointment and service and remuneration payable to them".

322. Delete the proviso to of clause 14(6).

Shri. V. D. Satheesan: Sir, I move the following amendments:

299. In clause 14(2), after the words " and employees" insert the words " and appoint employees on deputation from any other departments".

308. In clause 14(3) after the words " to the Board" insert the

words " or from any other departments" .

316. Delete clause 14(6).

Shri. P. Ubaidulla: Sir, I move the following amendment:

301. In clause 14(2) after the words " as it considers necessary" insert the following words," in addition to those absorbed to the Board on the appointed day" .

ബോർഡിനാവശ്യമുള്ള ജീവനക്കാരെ എപ്പോഴും എടുക്കാമെന്നാണ് പറയുന്നത്. എന്നാൽ മാരിടൈം ബോർഡിലേയ്ക്ക് മെർജ് ചെയ്യുന്ന മറ്റ് കോർപ്പറേഷൻ/ ബോർഡിലെ ജീവനക്കാരെ എടുത്തതിനുശേഷം ആവശ്യമുള്ള ജീവനക്കാരെ എടുക്കാമെന്ന ഭേദഗതിയാണ് എനിക്കുള്ളത്.

Shri. Dominic Presentation: Sir, I move the following amendment:

303. In the proviso to clause 14(2), insert the word "for", after the word "who is not"

കാരണം ഇത് വീണ്ടും deep water-ൽനിന്നും എടുക്കുക എന്നുപറഞ്ഞാൽ വളരെ ചെലവേറിയതാണ്. ഇത് പോർട്ടിലേയ്ക്കുള്ള മറ്റ് വെസ്സലുകളുടെ വരവിനെ... അപകടങ്ങൾക്ക് സാദ്ധ്യതയുണ്ടാകും. അതുകൊണ്ട് ഇപ്പോൾ എല്ലാ പോർട്ട് നിയമങ്ങളിലും removal of wrecks, അതിന്റെ liability-യെ കുറിച്ച് റഗുലേഷനുണ്ടാക്കാനുള്ള അധികാരം ഈ നിയമത്തിൽ ഉൾപ്പെടുത്തണം. അതുപ്പോലെ കോസ്റ്റൽ ഏരിയയിലാണ് പോർട്ട്. അതിന്റെ സെക്യൂരിറ്റി സംബന്ധിച്ച റഗുലേഷൻ ഉണ്ടാക്കാൻ വേണ്ടിയുള്ള സംവിധാനം ഈ നിയമത്തിൽ, അതിനെ റഗുലേറ്റ് ചെയ്യാനുള്ള പവ്വർ ബോർഡിന് കൊടുക്കുക എന്നുള്ളതാണ്. ഞാൻ ഷിപ്പ് റിപ്പയർ വർക്ക്സിനെക്കുറിച്ച് ഒരു ഭേദഗതി പറഞ്ഞിരുന്നു. അത് ഇതിൽ കാണുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് ഒഫിഷ്യൽ അമെന്റ്മെന്റായി മൂവ് ചെയ്യാവുന്നതാണ്. ഇപ്പോൾ പല മൈനർ പോർട്ടുകളിലും ഷിപ്പ് റിപ്പയറിന്റെ മറവിൽ ഷിപ്പ് ബ്രേക്കിംഗ് നടത്തുകയാണ്. കപ്പൽ പൊളിച്ച് വിൽക്കുന്നത് വലിയ ലാഭകരമായ ബിസ്സിനസ്സാണ്. അത്തരം ബിസിനസുകൾ നമ്മുടെ പോർട്ടിന്റെ പരിധിയിൽ നടക്കുന്നുണ്ടെങ്കിൽ അതിനെ നിയന്ത്രിക്കാനുള്ള പവർ ഈ നിയമത്തിൽ കൊടുക്കണം. ഈ മൂന്ന് കാര്യങ്ങൾ കൂടാതെ ബഹുമാനപ്പെട്ട മന്ത്രി ഒഫിഷ്യൽ അമെന്റ്മെന്റാക്കി ഷിപ്പ് റിപ്പയർ

വർക്സ് റഗുലേറ്റ് ചെയ്യാനുള്ള നിയമം കൂടി കൊണ്ടുവരണമെന്നാണ് എന്റെ നിർദ്ദേശം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 635-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. Ballast water regulation നിലവിലുള്ള തുറമുഖങ്ങളിൽ കടലിൽ വച്ചുതന്നെ ബല്ലാസ്റ്റ് മാറ്റം ചെയ്ത് കടലിലെ വെള്ളം ബല്ലാസ്റ്റ് ആക്കിയാണ് കപ്പലുകൾ വരുന്നത്. അതുകൊണ്ടാണ് ആ ഭേദഗതി എടുക്കാത്തത്. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 635-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 632-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 633-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 634-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 636-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ഭേദഗതി ചെയ്ത പ്രകാരമുള്ള 109-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്ത പ്രകാരമുള്ള 109-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

109-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## <u>110 മുതൽ 115 വരെയുള്ള വകുപ്പുകൾ</u>

(ഭേദഗതിയില്ല)

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> 110 മുതൽ 115 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

110 മുതൽ 115 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം

സഭ അംഗീകരിച്ചു.

110 മുതൽ 115 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**116 -ാം വകുപ്പ്**

Shri Therambil Ramakrishnan: Sir, I move the following amendment:

637. In clause 116, the following sub clause shall be inserted as sub clause(1) and renumber accordingly:

" (1) Every order made under the section shall as soon as may be after it made be laid before the State Legislature" .

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): ഭേദഗതി സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ അവതരിപ്പിച്ച 637-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

116-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ...................

116-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

116-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**117-ാം വകുപ്പ്**

(ഭേദഗതിയില്ല.)

മി. ഡെപ്യൂട്ടി സ്പീക്കർ: 117-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോയെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

117-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

117-ാം ബില്ലിന്റെ ഭാഗമായിരിക്കുന്നു.

**1-ാം വകുപ്പും പീഠികയും പേരും**

Smt. K. S. Saleekha: Sir, I move the following amendments:

107. The Title shall be recast as follows;

"THE KERALA STATE MARITIME BOARD BILL, 2014".

108. In the preamble, after the words "non-major ports" insert the words "excluding the Fishing Harbours and Fish Landing

Centres".

110. In clause 1(1) for the words figures and symbol "Kerala Maritime Board Act, 2014" substitute the words, figures and symbol "Kerala State Maritime Board Act, 2014".

114. In section 1(3) for the words, figures and symbol "13th day of November, 2014" substitute the words, figures and symbol "9th day of December, 2014".

116. In clause 1(4) for the words "excluding the Fishing Harbours and Fish Landing Centres in the State" substitute the words "excluding Major Ports and the Fishing Harbours and Fish Landing Centres in the State".

Shri P. Ubaidulla : Sir, I move the following amendment:

109. In clause 1(1) for the word "may" substitute the word "will".

Shri B. Satyan: Sir, I move the following amendment:

112. In clause 1,

(i). sub clause (2) shall be recast as follows:

" (2) it extends to the whole of the State of Kerala. It applies to all non-major ports, excluding the Fishing Harbours and Fish Landing Centres in the State, to which the Indian Ports Act, 1908 (Central Act 15 of 1908) applies on the date of the commencement of this Act and the State Government may, by notification, apply the provisions of this Act to any other non-major ports in the State to which the Indian Ports Act, 1908 (Central Act 15 of 1908) is extended by the State Government under section 4 of that Act and with effect from such date, as may be specified in the notification.

ii) Delete sub clause (4).

Shri C. Mammutty : Sir, I move the following amendment:

117. In clause 1(4) after the word "apply" insert the words "all or certain".

Shri V. D. Satheesan: Sir, I move the following amendment:

118. In clause 1(4), after the words " specified in the

notification" add the words " and to such other ports with effect from such date as the Government may, by notification in the official Gazette appoint" .

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി കെ.എസ്. സലീഖ അവതരിപ്പിച്ച 107, 108, 110, 114, 116 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 109-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ബി. സത്യൻ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു നിയമ നിർമ്മാണമാണ്. ഇവിടെ യഥാർത്ഥത്തിൽ ഈ ഒരു ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നതിനുപകരം ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ച് മറ്റ് സംസ്ഥാനങ്ങളിലെ സ്ഥിതി കൂടി പരിശോധിച്ചുകൊണ്ടായിരുന്നു ഇവിടെ നമ്മൾ കൊണ്ടുവരേണ്ടിയിരുന്നത്.

സബ്ജക്ട് കമ്മിറ്റിയും മറ്റ് സംസ്ഥാനങ്ങളിലുണ്ടായ കാര്യങ്ങളൊന്നും പരിശോധിച്ചിട്ടില്ല. ഏതായാലും ഇനി നമ്മൾ അതിനെക്കുറിച്ച് സംസാരിച്ചിട്ട് കാര്യമില്ല. ഇത് നിയമമായി മാറാൻ പോകുകയാണ്. നിയമമായി മാറുമ്പോൾ ഉണ്ടാകുന്ന ചില പ്രശ്നങ്ങൾ ഗൗരവമായി കണക്കിലെടുക്കേണ്ടതുണ്ട്. യഥാർത്ഥത്തിൽ മാരിടൈം ബോർഡ് രൂപീകരിക്കുന്നതിന്റെ പേരിൽ നമ്മുടെ തുറമുഖങ്ങൾ വിൽപ്പന നടത്താനുള്ള അവസരമാണ് വരാൻ പോകുന്നത്. ലീസിന് കൊടുക്കാം, വിൽപ്പനയ്ക്ക് കൊടുക്കാം. തുറമുഖങ്ങൾ വിൽപ്പനയ്ക്ക് വയ്ക്കുന്ന ഒരവസ്ഥ ഈ ബോർഡിന് വേണമെങ്കിൽ സ്വീകരിക്കാം. അതിനുള്ള പ്രൊവിഷൻസ് ഇവിടെ കൊടുത്തിരിക്കുകയാണ്. തീരദേശം എന്നുപറയുന്നത് നമ്മുടെ അതിർത്തിയാണ്.

അതിർത്തി പ്രദേശങ്ങളുടെ സംരക്ഷണത്തിന് വളരെ പ്രാധാന്യമുണ്ട്. പ്രത്യേകിച്ച് ഭീകരവാദ ആക്രമണം, വിദേശശക്തികളുടെ കടന്നുവരവ് ഇതൊക്കെ നടക്കുന്ന ഒരു കാലത്ത് ഈ സ്വകാര്യ മേഖലയ്ക്ക് ഇത്തരം പോർട്ടുകൾ വിട്ടുകൊടുത്താൽ വൈദേശിക ശക്തികൾക്കുവരെ പോർട്ടുകൾ

കൈക്കലാക്കാനുള്ള അവസരമാണ് ഇതിന്റെ ഫലമായി ലഭിക്കാൻ പോകുന്നത്. ഇതിന് വളരെ വലിയ പ്രത്യാഘാതങ്ങൾ ഭാഗമായി വന്നുചേരാൻ ഇടയുണ്ട്. നമ്മുടെ ഏറ്റവും വലിയ സമ്പത്താണ് തുറമുഖങ്ങൾ. ആ തുറമുഖങ്ങളെ സ്വകാര്യവൽക്കരിക്കുന്നതിനുവേണ്ടിയാണ് മാരിടൈം ബോർഡ് രൂപീകരിക്കുന്നത്. ഗുജറാത്തിലാണ് ഈ നിയമം ഉണ്ടാക്കിയതെന്ന് പറഞ്ഞു. ഗുജറാത്തിലെ പോർട്ട് ഗൗതം അദാനിക്ക് ഏൽപ്പിച്ചുകൊടുക്കാനാണ് ഈ നിയമമുണ്ടാക്കിയത്. ഗൗതമ അദാനിയാണ് ഇന്ന് ഗുജറാത്തിലെ പോർട്ടുകൾ മുഴുവൻ ഭരിക്കുന്നത്. ആ ഗുജറാത്ത് സംസ്ഥാനത്തിന്റെ എല്ലാ വികസനപദ്ധതികളുടെയും സൂത്രധാരനായിട്ടും സ്വകാര്യവൽക്കരണവും കോർപ്പറേറ്റ്വൽക്കരണവും അദ്ദേഹത്തെ ഏൽപ്പിച്ചുകൊടുത്തു. ഗുജറാത്ത് മോഡൽ നമുക്ക് ഇവിടെ സ്വീകാര്യമല്ല. ഇവിടത്തന്നെ ഇപ്പോൾ കുടിവെള്ളം പുറംകരാർ വഴി കൊടുക്കാനുള്ള തീരുമാനം എടുത്തുകഴിഞ്ഞു. കുടിവെള്ളം വിൽപ്പനയ്ക്ക് വച്ചതായിട്ടുള്ള വാർത്ത വന്നു. പൊതുമേഖല ഓഹരി വിൽക്കാൻ

പോകുകയാണ്. ഇതേ നിലയിൽ പോർട്ടും വിൽപ്പനയ്ക്ക് വയ്ക്കുന്നത് കൂട്ടുനിൽക്കാൻ ഞങ്ങൾക്ക് സാധിക്കില്ല. അതോടൊപ്പം തന്നെ പോർട്ടിലേയ്ക്ക് ജീവനക്കാരെ മുഴുവൻ മാരിടൈം ബോർഡിന്റെ ജീവനക്കാരാക്കി മാറ്റുകയാണ്. കെ.എസ്.ആർ.ടി.സി. നമ്മുടെ ഡിപ്പാർട്ടുമെന്റായിരുന്നു. അതുപിന്നീട് കോർപ്പറേഷനായി. ഇപ്പോൾ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പെൻഷൻ ഇല്ലാതായി. ഇപ്പോൾ ഒരു കെ.എസ്.ആർ.ടിസി. ജീവനക്കാരൻ ആത്മഹത്യ ചെയ്തു, ഗോപിനാഥപിള്ള. പതിനാലാമത്തെ കെ.എസ്.ആർ.ടി.സി. പെൻഷൻകാരനാണ് ഇന്ന് ആത്മഹത്യ ചെയ്യുന്നത്. ആ ഗോപിനാഥപിള്ളയുടെ ശവശരീരവുമെടുത്തുകൊണ്ട് കെ.എസ്.ആർ.ടി.സി. ജീവനക്കാർ സെക്രട്ടേറിയറ്റിലേയ്ക്ക് മാർച്ച് ആരംഭിച്ചിരിക്കുകയാണ്. ഇതേ അവസ്ഥ വരാതിരിക്കാൻ, ഈ ബില്ലിനകത്ത് പോർട്ടിലെ ജീവനക്കാർക്ക് ഇന്ന് കിട്ടുന്ന ആനുകൂല്യങ്ങളെല്ലാം സുരക്ഷിതമാക്കുന്നതിനുള്ള ഭേദഗതി കൊണ്ടുവന്നിട്ട് അതുപോലും അംഗീകരിച്ചില്ല. ആത്മഹത്യ എന്ന

സ്ഥിതിയിലേയ്ക്കാണ് പോർട്ട് ജീവനക്കാരും നാളെ എത്താൻ പോകുന്നത്. നിലവിൽ അവർക്ക് കിട്ടുന്ന സംരക്ഷണമൊന്നും ഉറപ്പുവരുത്താതെയുള്ള കാര്യമാണ് ഇവിടെ ചെയ്യുന്നത്. അതുകൊണ്ട് പ്രതിപക്ഷത്തിന് ഇതിനെ സംബന്ധിച്ച് ഇതിന് കൂട്ടുനിൽക്കാൽ കഴിയില്ല. ഈ ബിൽ പാസ്സാക്കാനുള്ള ഈ ഘട്ടത്തിൽ ഞങ്ങൾ ഇതിൽ പ്രതിഷേധിച്ചുകൊണ്ട് വാക്കൗട്ട് ചെയ്യുകയാണ്.

(പ്രതിപക്ഷ ഉപനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തു പോയി. )

ശ്രീ. സി. ദിവാകരൻ: സർ, ഇവിടെ ഞാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി കെ. ബാബുവിനെ, ഇത്രയും ക്രൂരമായ ഒരു ബിൽ നമ്മുടെ രാജ്യത്തെ പോർട്ട് മുഴുവൻ..... അതുകൊണ്ടാണ് നിങ്ങളൊക്കെ ഉന്നയിച്ച ഭേദഗതികൾ പോലും അംഗീകരിച്ചിട്ടില്ല. നിങ്ങളുടെ ഭേദഗതികൾ പലതും ഞങ്ങൾ പിന്തുണ

കൊടുക്കുന്ന ഭേദഗതികളാണ്. ഇതിനകത്ത് ലീസിന് കൊടുക്കാമെന്ന് പറഞ്ഞതിന്റെ അർത്ഥമെന്താണ്; തുറമുഖങ്ങൾ വാടകയ്ക്ക് വച്ചിരിക്കുകയാണ്. ഈ ബില്ലിന്റെ മൂലനിയമം ഏതാണ്; 1908-ലെ സെൻട്രൽ ആക്ടാണ്. 1908-ലെ സെൻട്രൽ ആക്ടിനെ ബന്ധപ്പെടുത്തി 2014-ൽ കേരള നിയമസഭയിൽ ഒരു നിയമം കൊണ്ടുവന്നാൽ ആ നിയമത്തിനകത്തുള്ള കുഴപ്പങ്ങൾ, പോരായ്മകൾ ചൂണ്ടിക്കാണിക്കാം, സ്വാഭാവികമാണ്. അതിന് ആരും രോഷം കൊണ്ടിട്ട് കാര്യമില്ല. രണ്ടു-മൂന്ന് പ്രശ്നങ്ങളുണ്ട്. ഇവിടെ പറഞ്ഞതുപോലെ ഇത് അതിർത്തി പ്രദേശങ്ങളിലുള്ളതാണ്. ഇത് ഗവൺമെന്റിന്റെ കീഴിലായിരുന്നപ്പോൾ തന്നെ വിദേശകപ്പലുകൾ വന്ന് തൊഴിലാളിയെ വെടിവച്ച് കൊല്ലുന്ന ഒരു കാലമാണ്. ഇത് ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ ആയിരുന്നപ്പോൾ ഇങ്ങനെയാണ്. ഇതിപ്പോൾ ലീസ് ഔട്ട് ചെയ്താൽ ആർക്കും വാടകയ്ക്കെടുക്കാം.എന്തും ചെയ്യാം. തന്ത്രപ്രധാനമായ നമ്മുടെ തുറമുഖങ്ങൾ അത്യന്തം ആപത്കരമായ ഒരു സാഹചര്യത്തിലേയ്ക്ക് പോകുകയാണ്. ഇത് ഒന്നാമത്തെ കാര്യം. രണ്ട്,

ഇതിനകത്തുള്ള ജീവനക്കാരുടെ മൗലികമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നില്ല. ബഹുമാനപ്പെട്ട പരിണിതപ്രജ്ഞരായ ഭരണകക്ഷിയുടെ ഒരുപാട് എം.എൽ.എ.-മാർ ഉണ്ടായിട്ടും, അവരെല്ലാം, ശ്രീ. വി. ഡി. സതീശനെപ്പോലെയുള്ളവർ നിരവധി ഭേദഗതികൾ ഉന്നയിച്ച്, വളരെ ജെനുവിൻ ആണെന്ന് ഞങ്ങൾക്കുപോലും തോന്നി. ഞങ്ങൾ പിന്തുണക്കാൻ വേണ്ടി ഇരുന്നിട്ടും അതുപോലും അംഗീകരിക്കാതെ നിങ്ങൾ ഇത് വെറും താൽപ്പര്യത്തിന്റെ, ഭരണകക്ഷിയെന്നുള്ള ഒറ്റത്താൽപ്പര്യമേ നിങ്ങൾക്കുള്ളൂ. പോർട്ടിനെക്കുറിച്ച് ഒരു താൽപ്പര്യവുമില്ല. നിങ്ങൾക്ക് ഭരണകക്ഷിയുടെ ബിൽ വന്നാൽ പാസ്സാക്കിയേ തീരൂ. ഞങ്ങൾ പാസ്സാക്കിത്തരാം. ഈ ബിൽ പാസ്സാക്കാതിരിക്കാൻ സാധിക്കില്ലല്ലോ; നിങ്ങൾക്ക് ഭൂരിപക്ഷം ഉണ്ട്. പാസ്സാക്കാം. അതുകൊണ്ട് സംസാരിക്കാൻ പാടില്ല എന്നൊരു നിലപാട് നിങ്ങൾ എടുക്കരുത്. ഇത് പാസ്സാക്കുന്നതിനെ സംബന്ധിച്ച് ഞാനും എന്റെ പാർട്ടിയുടെയും ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു. ഞാനും എന്റെ

പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. സി. കെ. നാണു: സർ, നമ്മുടെ സംസ്ഥാനമായ കേരളത്തിൽ മത്സ്യത്തൊഴിലാളികൾ വളരെയേറെയുള്ള മേഖലയാണ്. പലപ്പോഴും സമീപകാലത്തും നമ്മുടെ കടലോരങ്ങളിലൂടെ രാജ്യദ്രോഹികൾ ഇവിടെ കടക്കുന്നുണ്ടോയെന്ന് പരിശോധിക്കാനുള്ള സമ്പ്രദായം ഇന്ത്യാ ഗവൺമെന്റ് ഏർപ്പെടുത്തിയ കാലമാണ്. നമ്മുടെ പോർട്ടുകൾ സുരക്ഷിതമായി നമ്മുടെ നാടിന്റെ ഭാഗമെന്നുള്ള നിലയിൽ അവിടെ നിന്നും ലഭിക്കുന്ന വരുമാനം, അത് നമുക്ക് ലഭിക്കുന്ന നിലപാടുകൾക്ക് ഭീഷണിയുണ്ടാക്കുന്ന രൂപത്തിലുള്ള വസ്തുതകൾ ഉണ്ട് എന്ന് ഇവിടെ നിന്നും ഭരണകക്ഷിയുടെ ഭാഗത്തുനിന്നും വ്യക്തമായ സൂചനകൾ വന്നിട്ടും വെള്ളത്തിന്റെ കാര്യത്തിലടക്കം, അതിൽ കൊണ്ടുവരുന്ന വെള്ളം... ആ വെള്ളം ഇവിടെ മാറ്റുന്ന അവസരത്തിൽ അത്

നമ്മുടെ കടലിന്റെ പാരിസ്ഥിതികമായ പ്രശ്നത്തിനുപോലും അപകടമുണ്ടാകുമെന്നുള്ള ഗൗരവതരമായ കാര്യങ്ങൾ പറഞ്ഞിട്ടുപോലും ദീർഘിച്ച വർഷങ്ങളിൽ നമ്മുടെ കടലിൽ പ്രത്യാഘാതമുണ്ടാക്കുന്ന പ്രശ്നത്തെ സംബന്ധിച്ച് പറഞ്ഞിട്ടും ബഹുമാനപ്പെട്ട മന്ത്രി അതിനെ ഗൗരവമായി പരിശോധിക്കാതിരുന്നത് അപകടകരമാണ്. ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ശ്രീ. സി. കെ. നാണുവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വളരെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങളുണ്ടാക്കുന്ന ഒരു നിയമമാണ് ഇവിടെ പാസ്സാക്കാൻ പോകുന്നത്. ഇവിടെ പ്രതിപക്ഷത്തുനിന്ന് ഉന്നയിച്ച ആവശ്യങ്ങളോടൊപ്പം തന്നെ അവരുടെ ശമ്പളം കണ്ടിജൻസി ഫണ്ടിൽ നിന്നും കൊടുക്കണമെന്ന് ശ്രീ. ബെന്നി ബെഹനാൻ ഒരു ഭേദഗതി നിർദ്ദേശിക്കുകയുണ്ടായി. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ഗതികേട് ഇല്ലാതിരിക്കാൻ

വേണ്ടിയാണ് ശ്രീ. ബെന്നി ബെഹനാൻ അങ്ങനെയൊരു ഭേദഗതി ഇവിടെ നിർദ്ദേശിച്ചിട്ടുള്ളത്. അതേക്കുറിച്ചുപോലും ഗൗരവമായി ആലോചിക്കാൻ ഗവൺമെന്റിന് കഴിയുന്നില്ല. അപ്പോൾ നേരത്തേ എഴുതി തയ്യാറാക്കി കൊണ്ടുവന്നത് വള്ളിപുള്ളി തെറ്റാതെ പാസ്സാക്കുക എന്ന ദുഃശാഠ്യമാണ് ഇവിടെ സ്വീകരിച്ചിട്ടുള്ളത്. ഇത്തരം ദുഃശാഠ്യങ്ങൾ ജനനന്മയ്ക്ക് പ്രയോജനകരമല്ല എന്നുഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്.

(ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. വി. ഡി. സതീശൻ: കേരള മാരിടൈം ബോർഡ് ബിൽ രൂപീകരിച്ചുകൊണ്ടുള്ള ഈ ബിൽ നിയമസഭയിൽ അവതരിപ്പിച്ചതിന് ഞാൻ ബഹുമാനപ്പെട്ട മന്ത്രി കെ. ബാബുവിനെയും സർക്കാരിനെയും പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഇത് വളരെ പ്രധാനപ്പെട്ട, കേരളത്തിന്റെ

വികസനത്തിന് വളരെ നിർണ്ണായകമായ പങ്കുവഹിക്കാൻ കഴിയുന്ന ഒരു നിയമനിർമ്മാണമാണ്. കാരണം കേരളത്തിന്റെ സാദ്ധ്യതകൾ മുൻ പ്രസിഡന്റായിരുന്ന ഡോ. എ.പി.ജെ. അബ്ദുൾ കലാം വിലയിരുത്തിയപ്പോൾ അതിലേറ്റവും പ്രധാനപ്പെട്ട പോയിന്റായി കൊണ്ടുവന്നത് കോസ്റ്റൽ ഷിപ്പിംഗാണ്. ഒരു തീരപ്രദേശം മുഴുവൻ നമ്മുടെ കയ്യിലുണ്ട്. പ്രധാനപ്പെട്ട പോർട്ടുകളുണ്ട്. ഈ പോർട്ടുകളെല്ലാം വികസിപ്പിച്ചെടുത്താൽ ട്രാൻസ്പോർട്ടിംഗിനും കാർഗോ മൂവ്മെന്റിനും പാസഞ്ചർ മൂവ്മെന്റിനും ഉൾപ്പെടെയുള്ള ധാരാളം സാദ്ധ്യതകൾ നമ്മുടെ മുമ്പിൽ ഉരുത്തിരിഞ്ഞു വരികയാണ്. കേരളത്തിലെ ട്രാഫിക്, റോഡുകളെല്ലാം ഡെൻസിറ്റി വളരെക്കൂടുതലായ ഈ സാഹചര്യത്തിൽ കോസ്റ്റൽ ഷിപ്പിംഗിന് പ്രത്യേകിച്ച് പാസഞ്ചർ മൂവ്മെന്റിനും കാർഗോ മൂവ്മെന്റിനുമുള്ള വലിയ സാദ്ധ്യതകൾ ഉണ്ടാകുകയാണ്. അതിനുള്ള ഒരു വാതിലാണ് ഈ നിയമനിർമ്മാണത്തിലൂടെ ഈ സർക്കാർ തുറന്നുവിട്ടിരിക്കുന്നത്. അക്കാര്യത്തിനാണ് ഞാൻ പ്രത്യേകമായി അഭിനന്ദിക്കുന്നത്. പക്ഷേ ഒരു നിയമം പാസ്സാക്കുമ്പോഴുള്ള,

ഇവിടെ പല വിമർശനങ്ങളും ഉന്നയിച്ചു. അതെല്ലാം അവരുടെ കാലത്തുതന്നെ, ഇന്ന് ഇവിടെ വാക്കൗട്ടിൽ പ്രസംഗിച്ച രണ്ടുപേർ മന്ത്രിസഭയിൽ ഉണ്ടായിരുന്നപ്പോൾ ആ മന്ത്രിസഭ കൂടി അംഗീകാരം കൊടുത്ത ബില്ലാണിത്. അവരാണ് ഈ ബിൽ കൊണ്ടുവന്നത്. ഇതിൽ പറയുന്ന, ഇത് വിൽക്കാനുള്ള പ്രൊവിഷൻസ് ഇതിനകത്തുണ്ടെങ്കിൽ അതാദ്യം അംഗീകരിച്ചത് അവരാണ്. രാഷ്ട്രീയമായ ഒരു ആരോപണം ഉന്നയിക്കുകയല്ല വേണ്ടത്. നമ്മൾ ഒരു നിയമനിർമ്മാണം കൊണ്ടുവരുമ്പോൾ ആ നിയമത്തിന്റെ ന്യൂനതകൾ മനസ്സിലാക്കി പരിഹരിക്കാനുള്ള ശ്രമമാണ് വേണ്ടത്. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോടുള്ള ഒരു നിർദ്ദേശം ഇതിന് ശേഷം ഒരു കമ്മിറ്റിയെ നിയോഗിച്ചുകൊണ്ട് കാര്യമായ ചില ഭേദഗതികൾ കൂടി ഈ നിയമത്തിലുണ്ടാകണം. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ 1903-ലെ ഇന്ത്യൻ പോർട്ട് ആക്ടിനെ ബെയ്സ് ചെയ്തുകൊണ്ടാണ് ഇതിനകത്തുള്ള നിർവ്വചനങ്ങൾ ഉണ്ടാക്കിയിരിക്കുന്നത്. 110 കൊല്ലം മുമ്പുള്ള നിർവ്വചനങ്ങളാണ്. 110 കൊല്ലം മുമ്പുള്ള മാരിടൈം ഫീൽഡല്ല ഇന്നുള്ള

മാരിടൈം ഫീൽഡ്. അന്നുള്ള വെസ്സൽസ് അല്ല, ഇന്നത്തെ വെസ്സൽസ്. അന്നുണ്ടായിരുന്നതിനേക്കാൾ ലോകത്ത് എല്ലായിടത്തും എത്രയോ മാറ്റങ്ങൾ ഇതിനകത്തുണ്ടായിരിക്കുന്നു. 1981-ലെ ഗുജറാത്തിലെ നിയമം ഉണ്ടാക്കിയതിനുശേഷം 33 വർഷം കഴിഞ്ഞിരിക്കുന്നു. ഈ ഫീൽഡിൽ ഉണ്ടായിരിക്കുന്ന മാറ്റങ്ങൾ, സുപ്രധാനമായ സുപ്രീംകോടതി വിധികൾ, ഇന്റർനാഷണൽ ആർബിട്രേഷൻ കോർട്ടുകളിലുണ്ടായിരിക്കുന്ന പ്രധാനമായ വിധികൾ, ഷിപ്പിംഗുമായി ബന്ധപ്പെട്ട് ഏറ്റവും വലിയ ഇന്റർനാഷണൽ നോംസ് എന്നുപറയുന്നത് ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നടക്കുന്ന ഇന്റർനാഷണൽ കൺവെൻഷനുകളാണ്. ആ കൺവെൻഷനുകളിൽ ഒപ്പുവച്ചിട്ടുള്ള ഒരു രാജ്യം കൂടിയാണ് ഇന്ത്യ. ആ കൺവെൻഷനിൽ പറയുന്ന കാര്യങ്ങൾക്ക് വിരുദ്ധമായ കാര്യങ്ങൾ നിയമത്തിൽ ഉണ്ടാകാൻ പാടില്ല. ഇന്ത്യ ഒരു രാജ്യമെന്ന നിലയിൽ കൺവെൻഷനുകളിൽ ഒപ്പുവച്ചിട്ടുണ്ട്. അതിന്റെ പ്രൊവിഷനുകൾ നമ്മൾ അംഗീകരിച്ചിട്ടുണ്ട്. അതിന് വിരുദ്ധമായ കാര്യങ്ങൾ

നിയമത്തിൽ ഉണ്ടാകാൻ പാടില്ല. ഈ നിയമം ആദ്യമായി പാസ്സാക്കുമ്പോൾ ഒരു നിയമവും ഇരിമ്പുലക്കയല്ല. ആവശ്യമായ ഭേദഗതികൾ നമുക്ക് വരുത്താൻ കഴിയും. അതുകൊണ്ടാണ് ഞാൻ നിർദ്ദേശം വച്ചത് എക്സ്പെർട്ടുകളുമായി, നിയമ വിദഗ്ധരും മാരിടൈം വിദഗ്ദ്ധരും ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ച് ഇത് അപ്ഡേറ്റ് ചെയ്യണം. അതിനാവശ്യമായ ഭേദഗതികൾ കൊണ്ടുവന്ന് കേരളത്തിൽ കോസ്റ്റൽ ഷിപ്പിംഗ്, ഗവൺമെന്റിന്റെ തന്നെ ഒരു ഫ്ളാഗ്ഷിപ്പ് പ്രോജക്ടായി മുന്നോട്ടുകൊണ്ടുവരാൻ കൂടി ഈ നിയമത്തിലൂടെ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, ഈ നിയമം കൊണ്ടുവന്ന മന്ത്രിയെ ഞാൻ അനുമോദിക്കുകയാണ്. ഈ നിയമത്തെ കുറച്ചുകൂടി സമഗ്രമാക്കാനുതകുന്ന തരത്തിൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. മാരിടൈം പ്രദേശത്തെ എല്ലാ ആസ്പെക്ട്സും ഈ നിയമത്തിൽ കൊണ്ടുവന്നിട്ടില്ല. കോസ്റ്റൽ ഷിപ്പിംഗ് മാത്രമേയുള്ളൂ. പോർട്ട്, ഹാർബർ എഞ്ചിനീയറിംഗ്, ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് എന്നിവയെല്ലാം നമുക്കുണ്ട്. പോർട്ടിന്റെ ഭാഗമായിരുന്ന ഹൈഡ്രോഗ്രാഫിക് വിങ്ങിനെപ്പോലും

അടർത്തിമാറ്റിക്കൊണ്ടാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. ശ്രീ. വി. ഡി. സതീശൻ ഇവിടെ സൂചിപ്പിച്ചതുപോലെ നിയമം പാസ്സാക്കി കഴിഞ്ഞാൽ കുറച്ചുകൂടി സമഗ്രമായ പഠനം നടത്തി ഇതിനെ കുറച്ചുകൂടി കാര്യക്ഷമമാക്കണം. ഈ നിയമത്തിന്റെ ഏറ്റവും വലിയ പ്രയോജനം കിട്ടാൻ പോകുന്നത്.... നമ്മുടെ റോഡുകളുടെ ട്രാഫിക് സെൻസസ്, ട്രാഫിക് പോപ്പുലേഷൻ വളരെയേറെ വർദ്ധിച്ചിരിക്കുകയാണ്. ഒത്തിരി അപകടങ്ങൾ ഇതുമൂലം ഉണ്ടാകുന്നുണ്ട്. ഗ്യാസ് ടാങ്കറുകൾ മറിയുന്നതും മറ്റും നമ്മൾ ദൈനംദിനം കണ്ടുകൊണ്ടിരിക്കുന്നതാണ്. ഇത്തരം ട്രാൻസ്പോർട്ടേഷനുകൾക്ക് കോസ്റ്റൽ ഷിപ്പിംഗ് ട്രാൻസ്പോർട്ടേഷൻ രൂപീകരിച്ച് നമ്മുടെ തീരപ്രദേശത്തുകൂടി ഗുഡ്സ് മൂവ്മെന്റ് മാറ്റുന്നതിനുവേണ്ടിയുള്ള ഒരു വാതിലാണ് ഇതുവഴി തുറന്നുകിട്ടാൻ പോകുന്നത്. NATPAC പോലെയുള്ള സംഘടനകൾ നടത്തിയ പഠനമനുസരിച്ച് ഇന്ന് കേരളത്തിലെ എല്ലാ റോഡുകളും ഓവർലോഡായി മാറിയിരിക്കുകയാണ്. കേരളത്തിലെ ജനസാന്ദ്രത, ഭൂമിയുടെ വില, ഭൂമി ലഭിക്കാതിരിക്കൽ, എന്നിവയെല്ലാം കാരണം റോഡുകൾ കൂടുതൽ വീതികൂട്ടുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. ഈ സാഹചര്യത്തിൽ നമുക്ക് കൂടുതൽ ലാഭകരമായ രീതിയിൽ ഡെവലപ്പ് ചെയ്യാൻ സാധിക്കുന്നത് കോസ്റ്റൽ ട്രാൻസ്പോർട്ടേഷനെയാണ്. അതിന് അനുയോജ്യമായ രീതിയിൽ ഈ ബോർഡിന്റെ

പ്രവർത്തനം നമ്മൾ മുന്നോട്ടുകൊണ്ടുപോകണം. ജീവനക്കാരുടെ പ്രശ്നത്തെ സംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി എടുക്കേണ്ടതാണ്. ഒരു മാരിടൈം കോർപ്പറേഷൻ നമ്മൾ രൂപീകരിച്ചിരുന്നു. ആ കോർപ്പറേഷനുണ്ടായ ഗതികേട് ഈ ബോർഡിന് ഉണ്ടാകാതിരിക്കണമെങ്കിൽ ജീവനക്കാരുടെ പ്രശ്നങ്ങൾകൂടി കണക്കിലെടുത്ത് അത് പഠിച്ച് അതിന് പരിഹാരം കാണുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾകൂടി ഇനി അങ്ങോട്ടുള്ള പ്രവർത്തനത്തിൽ മുന്നോട്ടുവയ്ക്കണം, ആ തലത്തിലേയ്ക്ക് ഇത് മാറ്റണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷഉപനേതാവ് ഇത് സെലക്ട് കമ്മിറ്റിക്ക് അയക്കേണ്ടതായിരുന്നു എന്നുള്ള നിർദ്ദേശം വച്ചു. ഇത്ര ഗൗരവമുള്ള നിയമമായിട്ടുപോലും സബ്ജക്ട് കമ്മിറ്റിക്ക് ഇത് ഇൻട്രൊഡ്യൂസ് ചെയ്ത ഘട്ടത്തിലും സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് തിരിച്ചുവന്ന ഘട്ടത്തിലും അവർ ഈ ചർച്ചയിൽ പങ്കെടുത്തില്ല, അവർക്ക് മറ്റ് താൽപര്യങ്ങളായിരുന്നു. ഈ കാര്യത്തിൽ അവർക്ക് എത്രത്തോളം ഗൗരവമുണ്ട് എന്നതിന്റെ സൂചനയാണിത്. 2010-ലാണ് ഈ ബിൽ ആദ്യമിവിടെ സർക്കുലേറ്റ് ചെയ്തത്. അന്ന് സർക്കുലേറ്റ് ചെയ്തപ്പോൾ ഉണ്ടായിരുന്ന

മന്ത്രിമാർ ഇവിടെയുണ്ട്. പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. പി.കെ. ഗുരുദാസൻ, ശ്രീ. സി. ദിവാകരൻ, ശ്രീ. എ.കെ. ബാലൻ എന്നിവരെല്ലാം അന്നത്തെ മന്ത്രിസഭയിൽ അംഗങ്ങളായിരുന്നു. യഥാർത്ഥത്തിൽ എനിക്ക് അത്ഭുതം തോന്നുകയാണ്. കാരണം ഇത് ലീസിന് കൊടുക്കുകയല്ല, വിൽക്കാൻ പോകുന്നുവെന്നാണ് അവർ പറയുന്നത്. അന്നത്തെ ആ മന്ത്രിസഭ ഡിലോയ്റ്റ്-ന്റെ പ്രോജക്ട് റിപ്പോർട്ട് അംഗീകരിച്ചു. ആ റിപ്പോർട്ട് പ്രകാരം ഇതെല്ലാം പി.പി.പി. അടിസ്ഥാനത്തിൽ ഡെവലപ്പ് ചെയ്യണമെന്നാണ് അംഗീകരിച്ചിട്ടുള്ളത്. സമയക്കുറവുമൂലം ഞാനതെല്ലാം ഇപ്പോൾ ക്വാട്ട് ചെയ്യുന്നില്ല. ഇവരുടെ മന്ത്രിസഭ അംഗീകരിച്ചത് ഇതെല്ലാം സ്വകാര്യ പങ്കാളിത്തത്തോടുകൂടി വികസിപ്പിക്കണമെന്നാണ്. ഏതായാലും നാല് ഉത്തരവുകളുണ്ട്. കൊല്ലം പോർട്ടിന്റെ, ബേപ്പൂർ പോർട്ടിന്റെ, അഴീക്കൽ പോർട്ടിന്റെ.... ഇതെല്ലാം പി.പി.പി. അടിസ്ഥാനത്തിൽ അല്ലെങ്കിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ ഡെവലപ്പ് ചെയ്യാൻ വേണ്ടി കഴിഞ്ഞ ഗവൺമെന്റ് ഇറക്കിയ ഓർഡറുകളാണ്. അവർ ഇക്കാര്യത്തിൽ പറഞ്ഞതിനപ്പുറം പോകാൻ താൽപര്യമുണ്ടായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ മാരിടൈം ബോർഡ് രൂപീകരിച്ചുകൊണ്ട് നമ്മുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ തീരുമാനിച്ചു. മാരിടൈം സംസ്ഥാനങ്ങളിലെ മന്ത്രിമാരുടെ

യോഗം രണ്ടുമൂന്നു ഘട്ടങ്ങളിലായി നടന്നു. ആ യോഗങ്ങളുടെയെല്ലാം തീരുമാനം മാരിടൈം ബോർഡ് തീരുമാനിക്കണമെന്നാണ്. അതിന്റെ അടിസ്ഥാനത്തിൽ നാല് സംസ്ഥാനങ്ങളിൽ മാരിടൈം ബോർഡ് രൂപീകരിക്കുകയും ചെയ്തു. കേരളത്തിൽ 580 കിലോമീറ്റർ തീരമുണ്ടെങ്കിലും യഥാർത്ഥത്തിൽ മാരിടൈം ബോർഡ് രൂപീകരിക്കാനോ അതിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താനോ സാധിച്ചിട്ടില്ല. ശ്രീ. വി. ഡി. സതീശൻ ഒരു കാര്യം പറഞ്ഞു. ഇൻഡ്യൻ പ്രസിഡന്റായിരുന്ന ബഹുമാന്യമായ ഡോ. എ.പി.ജെ. അബ്ദുൾ കലാം വന്ന് കേരളത്തിന്റെ മുമ്പാകെ കുറേ പദ്ധതികൾ വച്ചതിൽ ഒന്ന് കോസ്റ്റൽ ഷിപ്പിംഗാണ്. അതിനുശേഷം ടെലികോം വിപ്ലവത്തിന് നേതൃത്വം കൊടുത്ത സാം പിട്രോഡ ഇവിടെവന്ന് ചർച്ച നടത്തി. അദ്ദേഹം മുന്നോട്ടുവച്ച 10 പരിപാടികളിൽ ഒന്നാമത്തെ നിർദ്ദേശം കോസ്റ്റൽ ഷിപ്പിംഗാണ്. ഞങ്ങളത് ഉൾക്കൊണ്ടുകൊണ്ട് കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി ആവിഷ്ക്കരിക്കാൻ തീരുമാനിച്ചു. കൊല്ലത്തുനിന്നാണ് കോസ്റ്റൽ ഷിപ്പിംഗ് ആരംഭിച്ചത്. കൊല്ലത്ത് വിദേശ കപ്പലുകൾ ഉൾപ്പെടെ 50 കപ്പലുകൾ വന്നു. പൊന്നാനി പോർട്ടിൽ... ഈ ബില്ല് അവതരിപ്പിച്ചതിനുശേഷം കഴിഞ്ഞ വെള്ളിയാഴ്ച, ഞങ്ങൾ കുറെക്കാലമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ മലബാർ പോർട്സ് എന്നുപറയുന്നൊരു കമ്പനിയുമായി ഫസ്റ്റ് സ്റ്റേജിൽ 800 കോടി

രൂപയുടെ ഇൻവെസ്റ്റ്മെന്റ് നടത്തുന്ന ഒരു ലീസ് എഗ്രിമെന്റിൽ ഒപ്പിട്ടു. അത് കേരളത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന വിധത്തിലുള്ള റവന്യൂ ഷെയറിംഗിനുള്ള വ്യവസ്ഥ വച്ചുകൊണ്ടാണ്. 3 മാസത്തിനുള്ളിൽ പൊന്നാനി പോർട്ടിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുന്ന രീതിയിൽ എഗ്രിമെന്റ് വച്ചിരിക്കുകയാണ്. അഴീക്കൽ പോർട്ടിൽനിന്ന് കൊച്ചിയിലേയ്ക്ക് കോസ്റ്റൽ ഷിപ്പിംഗിന്റെ ഭാഗമായി ആഴ്ചയിൽ ഒരു കപ്പൽ ഇപ്പോൾ വരുന്നുണ്ട്. അങ്ങനെ എല്ലാ പോർട്ടുകളുടെയും പ്രവർത്തനങ്ങൾ ഈ വിധത്തിൽ മെച്ചപ്പെടുത്താനും നമ്മുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനുമാണ് ഉദ്ദേശിക്കുന്നത്.

കേരളത്തിലാണ് ആദ്യമായി കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിക്ക് ഒരു സബ്സിഡി കൊടുക്കുന്ന സംവിധാനം കൊണ്ടുവന്നത്. ഒരു കിലോമീറ്ററിൽ ഒരു ടൺ ചരക്ക് ജലമാർഗ്ഗം കൊണ്ടുപോകുന്നതിന് കേരള ഗവൺമെന്റ് ഒരുരൂപ സബ്സിഡി പ്രഖ്യാപിച്ചു. ഇന്ന് ഇൻഡ്യാ ഗവൺമെന്റ് കേരളത്തിന്റെ കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിയാണ് മോഡലായി എടുത്തിട്ടുള്ളത്. അവർ അതിനെക്കുറിച്ച് ആലോചിക്കുകയാണ്. കേരളത്തിൽ ആരംഭിച്ച കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി, നമ്മൾ പ്രഖ്യാപിച്ച സബ്സിഡി എന്നിവ ഇൻഡ്യാ ഗവൺമെന്റിന്റെ പദ്ധതിയായി അവർ

പ്രഖ്യാപിച്ചിട്ടുണ്ട്. ബാക്കി വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. അതുപോലെ ജീവനക്കാരെ സംബന്ധിച്ചിടത്തോളം ഇവിടെ ചില ആശങ്കകൾ പ്രകടിപ്പിച്ചു. ഇവിടെ വളരെ ആവേശപൂർവ്വം പലരും ചൂണ്ടിക്കാണിച്ചു. 2010-ൽ അന്നത്തെ ഗവൺമെന്റ് അംഗീകരിച്ച ബില്ലാണിത്. അതിലെ ജീവനക്കാരെ ബാധിക്കുന്ന വ്യവസ്ഥകളിന്മേൽ വള്ളിപുള്ളി വ്യത്യാസം ഇപ്പോഴും വരുത്തിയിട്ടില്ല. ഞങ്ങൾ ഒരു ഭേദഗതിയും വരുത്തിയിട്ടില്ല. ഞങ്ങളിന്ന് കൊണ്ടുവന്നിട്ടില്ല ഭേദഗതി ജീവനക്കാർക്കെതിരെയാണെങ്കിൽ അന്നവർ കൊണ്ടുവന്ന ഭേദഗതിയും ജീവനക്കാർക്ക് എതിരാണെന്ന് പറയേണ്ടിവരും. ജീവനക്കാരെ സംബന്ധിച്ചിടത്തോളം അവർക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന സേവന വേതന വ്യവസ്ഥകൾ തുടർന്നും ഈ നിയമത്തിൽ ബാധകമാകുന്നതാണ്. അതിനുള്ള വ്യവസ്ഥ 16(f)-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുപോലെ ബോർഡിൽ പുതുതായി വരുന്ന ജീവനക്കാരെ സംബന്ധിച്ചിടത്തോളം ബോർഡിന് അതിൽതന്നെ റെഗുലേഷനുകൾ പ്രകാരം തീരുമാനിക്കാവുന്നതാണ്. റൂൾസ് & റെഗുലേഷനുകൾ വരുമ്പോൾ ആ കാര്യത്തിലെല്ലാം വ്യവസ്ഥകൾ കൊണ്ടുവരാൻ സാധിക്കും.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: സർ, ഇപ്പോൾ അവരുടെ ആശങ്കയെന്നു പറയുന്നത് സർക്കാർ ജീവനക്കാരായിരുന്ന പോർട്ടിലെ ജീവനക്കാരെ

ഇങ്ങോട്ടുമാറ്റുകയാണ്. ഇപ്പോൾതന്നെ മാരിടൈം കോർപ്പറേഷൻ അവതാളത്തിലാണ്. അപ്പോൾ ആ ഒരു അവസ്ഥ ഉണ്ടാവില്ലെന്നുള്ള ഉറപ്പ്, അല്ലെങ്കിൽ ആ ആശങ്ക ദൂരീകരിക്കാൻ ഗവൺമെന്റിന് ബാധ്യതയുണ്ട്. അതുകൂടി ഉറപ്പാക്കാൻ നടപടി സ്വീകരിക്കണം. അതാണ് എന്റെ റിക്വസ്റ്റ്.

ശ്രീ. കെ. ബാബു: സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, ശ്രീ. പി.കെ. ഗുരുദാസൻ, ശ്രീ. വി. ഡി. സതീശൻ, ശ്രീ. എസ്. ശർമ്മ മുതലായ അംഗങ്ങളെല്ലാംതന്നെ ഇക്കാര്യം ചൂണ്ടിക്കാണിച്ചിരുന്നു. അതുകൊണ്ട് വളരെ വിശദമായി ഈ വിഷയം പരിശോധിച്ചപ്പോൾ ഞങ്ങൾക്ക് കിട്ടിയ ഉപദേശം ഇപ്പോൾ തന്നെ വ്യവസ്ഥകൾ ഉണ്ട് എന്നാണ്. ഇതിന് ഇനിയും റൂൾസ് കൊണ്ടുവന്ന് പ്രസിഡന്റിന്റെ അസെന്റിന് പോകേണ്ടതായുണ്ട്. ഇപ്പോൾ ഇതിന്റെ സ്ട്രക്ചറിൽ മാറ്റംവരുത്താൻ പറ്റാതെ പോയതിന്റെ ഒരു കാരണം മൂന്ന് കൊല്ലമായി ഈയൊരു ഓർഡിനൻസിനുള്ള അസെന്റ് കിട്ടാൻ വേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയായിരുന്നു. ലാ ഡിപ്പാർട്ട്മെന്റ് ജോയിന്റ് സെക്രട്ടറി ഡൽഹിയിൽ പോയി ഇതുമായി ബന്ധപ്പെട്ട് എല്ലാ കാര്യങ്ങളും വിശദീകരിച്ച് കൊടുത്ത് അവസാനം നാലഞ്ച്

ഡിപ്പാർട്ട്മെന്റുകൾ പരിശോധിച്ചശേഷമാണ് ഇപ്പോൾ അനുമതി കിട്ടിയിട്ടുള്ളത്. അതുപോലെ ഈ ഘട്ടത്തിൽ സ്വീകരിച്ചിട്ടില്ലെങ്കിലും ഇതിന്റെ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ മാറ്റംവരുത്തേണ്ടി വരും. പ്രസിഡന്റിന്റെ അസെന്റ് കിട്ടുമ്പോൾ ജീവനക്കാരുടെ പ്രശ്നത്തിൽ ഒരു വീഴ്ചയും വരാതെ എന്തെല്ലാം സാധ്യമാണോ, അതെല്ലാം തീർച്ചയായിട്ടും ഗവൺമെന്റ് തുറന്ന മനസ്സോടുകൂടി പരിശോധിക്കും എന്ന് ഉറപ്പു പറയുകയാണ്. യഥാർത്ഥത്തിൽ എല്ലായിടത്തും മാരിടൈം ബോർഡ്-കൾ രൂപീകരിച്ചു വരുന്നതേയുള്ളൂ. മറ്റൊരു കാര്യം ശ്രീ. വി. ഡി. സതീശൻ ചൂണ്ടിക്കാണിച്ചതുപോലെ ഈ ബില്ലിനെ സംബന്ധിച്ച് പറയുമ്പോൾ ഗുജറാത്തിലേയും മറ്റ് സംസ്ഥാനങ്ങളിലേയും മോഡലുകൾ പരിശോധിക്കുകയും കുറെയേറെ കാര്യങ്ങൾ ഗവൺമെന്റ് ഉൾക്കൊള്ളുകയും ചെയ്തിട്ടുണ്ട്. പക്ഷെ കാലാനുസൃതമായ മാറ്റംവേണം എന്നുള്ള അദ്ദേഹത്തിന്റെ നിർദ്ദേശം തീർച്ചയായിട്ടും വളരെ പ്രസക്തമാണ്. ഇപ്പോൾ ഈ ബിൽ പാസ്സാക്കിയാലും ഇനിയും ഈ മേഖലയിലുള്ള വിദഗ്ദരും മാരിടൈം നിയമങ്ങളും എല്ലാം പരിശോധിച്ചുകൊണ്ട് ആവശ്യമായ മാറ്റം നമുക്ക് വരുത്താവുന്നതാണ്. ഈ ബിൽ ഇപ്പോൾ കൊണ്ടുവന്നാലും ഭാവിയിൽ ഭേദഗതികൾ വരുത്താൻ സാധിക്കുന്നതാണ്. ഇവിടെ പറഞ്ഞ വ്യവസ്ഥകളുടെ

അടിസ്ഥാനത്തിൽ തീർച്ചയായിട്ടും പിന്നീട് ഭേദഗതികൾ വരുത്താൻ ആലോചിക്കും. ഇവിടെ സൂചിപ്പിച്ചതുപോലെ നമ്മുടെ റോഡുകൾ എല്ലാം ഗതാഗതക്കുരുക്കിലാണ്. റോഡുകളിൽനിന്ന് വാഹനപ്പെരുപ്പത്തിന്റെ കെടുതി അനുഭവിക്കുന്ന ആളുകളെ രക്ഷിക്കണം, അതിനുവേണ്ടി ജലമാർഗ്ഗമുള്ള ചരക്ക് ഗതാഗതം പ്രോൽസാഹിപ്പിക്കണം. അത് കൂടുതൽ വേഗത്തിൽ ആക്കാനും കൂടുതൽ ആഴത്തിൽ ആക്കാനും ഇതുകൊണ്ട് ഉദ്ദേശിക്കുന്നുണ്ട്. തീരദേശ മേഖലകളിലെ മൽസ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവർക്ക് കൂടുതൽ തൊഴിലവസരമുണ്ടാക്കാൻ വാണിജ്യ-വ്യാപാര പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിലൂടെ സാധിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. ഈ ബിൽ അവതരിപ്പിച്ചപ്പോഴും, സബ്ജക്ട് കമ്മറ്റിക്ക് പോയി തിരിച്ചുവന്ന ഘട്ടത്തിലുംമറ്റും ആരും ചർച്ചയിൽ പങ്കെടുക്കുവാൻ ഉണ്ടായിരുന്നില്ല. അന്നത്തെ അന്തരീക്ഷത്തിൽ അത് സാധിച്ചിരുന്നില്ല. വകുപ്പ് തിരിച്ചുള്ള ഭേദഗതി അവതരിപ്പിച്ച ഘട്ടത്തിൽ സജീവമായി പങ്കെടുത്ത എല്ലാ അംഗങ്ങളോടും നന്ദി രേഖപ്പെടുത്തുന്നു. തീർച്ചയായിട്ടും കേരളം വളരെക്കാലമായി ആഗ്രഹിച്ച ഒന്നാണ് മാരിടൈം ബോർഡ് രൂപീകരണം. അങ്ങനെയൊരു നിയമം കൊണ്ടുവരാൻ സാധിച്ചതിൽ മന്ത്രി എന്ന നിലയിൽ

എനിക്ക് വ്യക്തിപരമായി അങ്ങേയറ്റം ചാരിതാർത്ഥ്യമുണ്ട്. ഇതിൽ സഹകരിച്ച എല്ലാവരോടും നന്ദി രേഖപ്പെടുത്തുന്നു. ഈ സെക്ടറുമായി ബന്ധപ്പെട്ട ആരുടേയും വികാരങ്ങളേയോ, താൽപ്പര്യങ്ങളേയോ വ്രണപ്പെടുത്താതെ ഈ നിയമം നടപ്പാക്കാൻ ഗവൺമെന്റ് തീർച്ചയായും ശ്രമിക്കുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: 2014 -ലെ കേരള മാരിടൈം ബോർഡ് ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....................................

പ്രതികൂലിക്കുന്നവർ...................................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(2) 2014-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ബിൽ

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, സബ്ജക്ട് കമ്മറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014 -ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും

വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള ബഹുമാനപ്പെട്ട പി.കെ. ഗുരുദാസൻ അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, ഞാൻ എന്റെ ഡിസെന്റ് രേഖപ്പെടുത്തുന്നു. ഈ ഭേദഗതി നിയമം ശരിക്കും പറഞ്ഞാൽ ആവശ്യമുള്ള കാര്യമല്ല. ഒരു വകുപ്പിൽ മാത്രമാണ് നമുക്ക് യോജിക്കുവാൻ കഴിയുന്ന കാര്യം. ബാക്കി കാര്യങ്ങളിലൊന്നും യോജിക്കുവാൻ കഴിയാത്ത കാര്യങ്ങളാണ്. ഈ നിയമത്തിനകത്ത് തന്നെ ഷോപ്പ് എന്നു പറഞ്ഞാൽ, Shop means any premises where any trade or business is carried on or where services are rendered to customers and includes offices, store rooms, go-downs, warehouses, whether in the same premises or otherwise എന്നാണ്. അതിനകത്ത് small എന്നോ big എന്നോ medium എന്നോ എവിടേയും പരാമർശിച്ചിട്ടില്ല. നിയമം എല്ലാവർക്കും ഒരുപോലെയാണ്. ഷോപ്പുകളെ മൂന്നുവിധത്തിൽ തിരിക്കുന്ന രീതിയിലാണ് ഈ കാര്യങ്ങൾ കൈകാര്യം ചെയ്തിരിക്കുന്നത്. കേരള ഗവൺമെന്റ് ആയാലും കേന്ദ്രഗവൺമെന്റ് ആയാലും

തൊഴിലാളികളുടെ താൽപ്പര്യങ്ങളോട് തികഞ്ഞ വിമുഖത കാണിക്കുന്ന ഗവൺമെന്റുകളാണ്. തൊഴിലാളികൾക്കുവേണ്ടിയുള്ള ബില്ലാണ് ഇത്. തൊഴിലാളികൾക്കുവേണ്ടിയുള്ള ഈ ബില്ല് ചർച്ച ചെയ്യുമ്പോൾതന്നെ ഇവിടെ 16 ട്രാൻസ്പോർട്ട് തൊഴിലാളികളാണ് ആത്മഹത്യ ചെയ്തിരിക്കുന്നത്. 10 ബാർ തൊഴിലാളികൾ കഴിഞ്ഞ ഏതാനും മാസമായി തൊഴിലില്ലാത്തതിന്റെ പേരിൽ ആത്മഹത്യ ചെയ്തു. ഈ തൊഴിലാളികളുടെയൊന്നും പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ നമുക്ക് സമയമില്ല. 10 തൊഴിലാളികളുടെ വിഷയം മുൻപ് നമ്മൾ ചർച്ച ചെയ്തതാണ്. ഇന്നും കഴിഞ്ഞ ദിവസവും കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ വിഷയം ചർച്ച ചെയ്തതാണ്, പക്ഷെ ഒരു പരിഹാരവുമില്ല. ഇതാണ് കേരളത്തിലെ സ്ഥിതി. നമ്മുടെ പരമ്പരാഗത വ്യവസായങ്ങൾ പലതും തകർന്നു. കയർ വ്യവസായം ഏതാണ്ട് പൂർണ്ണ തകർച്ചയിൽ എത്തിയിരിക്കുകയാണ്. കൈത്തറി വ്യവസായവും ഖാദി വ്യവസായവും തകർന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ ഒരു വിഭാഗം തൊഴിലാളികളേയും സംരക്ഷിക്കുന്ന ഒരു നയം ഗവൺമെന്റ് സ്വീകരിക്കുന്നില്ല. നമ്മൾ തൊട്ടുമുൻപ് മാരിടൈം ബോർഡ് ബില്ല് ചർച്ച ചെയ്ത സമയത്ത് ചില വാക്കുകൾ അങ്ങോട്ടുമിങ്ങോട്ടും പറഞ്ഞുവെങ്കിലും യഥാർത്ഥത്തിൽ

മൽസ്യത്തൊഴിലാളികളുടെ ഗതി എന്താണ്; അവർ കടലിൽ പോയിക്കഴിഞ്ഞാൽ എന്താണ് അവർക്ക് രക്ഷ? രണ്ട് തൊഴിലാളികളെ വെടിവച്ച് കൊല്ലുകയും 5 തൊഴിലാളികൾ കപ്പലിടിച്ച് മരിയ്ക്കുകയും ചെയ്ത പശ്ചാത്തലത്തിൽ ഞാൻ ഇവിടെ അവതരിപ്പിച്ച അടിയന്തര പ്രമേയത്തിന് മറുപടിയായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരുപാട് വാഗ്ദാനങ്ങൾ നൽകുകയുണ്ടായി. കടലിൽ പോകുന്ന മൽസ്യത്തൊഴിലാളികൾക്ക് പെട്ടെന്ന് എന്തെങ്കിലും അസുഖം വന്നുപോയാൽ, അതിനാവശ്യമായ ചികിത്സ നൽകുന്നതിനുവേണ്ടി പ്രത്യേക മെഡിക്കൽ ടീമിനെ അയയ്ക്കുമെന്നുംമറ്റും അദ്ദേഹം പറയുകയുണ്ടായി. അതുപോലെ എന്തെല്ലാം വാഗ്ദാനങ്ങളാണ് നൽകിയത്. നമ്മുടെ തീരദേശ പോലീസ് സ്റ്റേഷനുകളിൽ ആവശ്യമായ സജ്ജീകരണങ്ങൾ ഉണ്ടാക്കും. അങ്ങനെ എല്ലാ വിധത്തിലുമുള്ള സംവിധാനങ്ങളും ഏർപ്പെടുത്തി മൽസ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്നാണ് അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞത്. പക്ഷെ ഒരു കാര്യവും ഇതുവരെ ചെയ്തിട്ടില്ല. മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള ലംപ്സം ഗ്രാന്റ് യഥാസമയം

കൊടുക്കുന്നില്ല. അവരുടെ പെൻഷൻ യഥാസമയം കൊടുക്കുന്നില്ല. മൽസ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം മരവിപ്പിച്ചിരിക്കുകയാണ്. ഇങ്ങനെ മൽസ്യത്തൊഴിലാളികളടക്കം എല്ലാ വിഭാഗം തൊഴിലാളികളുടേയും ജീവിതം താറുമാറാക്കുന്ന ഒരു നയം സ്വീകരിക്കുകയാണ്. ഞാൻ അതെല്ലാം വിശദീകരിച്ച് പറയേണ്ട കാര്യമില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, ഞങ്ങൾ പോകുന്നതിനുമുൻപ് തീരുമാനമെടുക്കുകയും നിയമസഭയിൽ പാസ്സാക്കാൻ കഴിയാതെ പോയതുമായ ചില ബില്ലുകൾ ഉണ്ടായിരുന്നു. അന്ന് കേന്ദ്രത്തിന്റെ അംഗീകാരത്തോടുകൂടി നടപ്പിലാക്കേണ്ട, നിയമസഭയിൽ അവതരിപ്പിക്കേണ്ട ഒരു ബില്ലായിരുന്നു മെഡിക്കൽ റെപ്രസന്റേറ്റീവ്സ് സെയിൽസ് പ്രൊമോഷൻ എംപ്ലോയീസ് ബിൽ. ആ ബിൽ നിയമസഭയിൽ അവതരിപ്പിക്കാൻ സാധിക്കാഞ്ഞതുകൊണ്ട് 2010 ഡിസംബറിൽ അത് ഓർഡിനൻസായി പ്രഖ്യാപിച്ചു. പിന്നീട് വന്ന നിയമസഭാ സമ്മേളനം ബഡ്ജറ്റ് സെഷൻ മാത്രമായിരുന്നു. ആ ബില്ലിനകത്ത് കുറേ കാര്യങ്ങളുണ്ട്. രണ്ട് മൂന്ന് ലക്ഷം തൊഴിലാളികളെ ബാധിക്കുന്ന വിഷയമായതിനാൽ ആ ബില്ല് പാസ്സാക്കാൻവേണ്ടി ബഹുമാനപ്പെട്ട മിനിസ്റ്ററോട് ഞാൻ ആവശ്യപ്പെട്ടതാണ്. അതിനകത്ത് നമ്മൾ ആവശ്യപ്പെട്ട

ഒരു ഭേദഗതിയാണ് ഐ.ഡി ആക്ടിലെ സെക്ഷൻ 2(s). സെക്ഷൻ 2(s) ഭേദഗതി ചെയ്യുമ്പോൾ സെയിൽസ് പ്രൊമോഷൻ എംപ്ലോയീസ് എന്നത് വർക്കർ എന്നുള്ള പട്ടികയിൽ വരും. വർക്കർ എന്ന നിർവ്വചനത്തിൽ ഉൾപ്പെട്ടു കഴിഞ്ഞാൽ അവർ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടിന്റെ ആനുകൂല്യങ്ങൾക്ക് വിധേയരാകും. അത് ചെയ്തില്ല, മെഡിക്കൽ റെപ്രസെന്റേറ്റീവ്സ് മാത്രമല്ല, അങ്ങനെയുള്ള ധാരാളം തൊഴിലാളികളുണ്ട്. ലിക്വർ, ഇലക്ട്രിക്കൽ ഗുഡ്സ്, സ്റ്റേഷനറി സാധനങ്ങൾ തുടങ്ങിയവയുടെയൊക്കെ സെയിൽസ് റെപ്രസെന്റേറ്റീവ്സ് ഉണ്ട്. അതേപോലെ കോസ്മെറ്റിക്സ്, സോപ്പ്, പൗഡർ, പെയിന്റ്, കൺഫക്ഷനറി മുതലായ നിരവധി ആളുകൾ സെയിൽസ് പ്രൊമോഷൻ എംപ്ലോയീസ് വിഭാഗത്തിൽ വരുന്നുണ്ട്. ഏകദേശം രണ്ട് മൂന്ന് ലക്ഷം ജീവനക്കാരോളം അതിൽ വരുന്നുണ്ട്. ഇവരെ ഐ.ഡി. ആക്ടിന്റെ പരിധിക്കകത്ത് കൊണ്ടുവരണം. അത് കേരളത്തിലെ തൊഴിലാളികൾ മൊത്തം ആവശ്യപ്പെടുന്നതാണ്. ഇതുവരെ ആ ഓർഡിനൻസ് പുതുക്കാനോ, ബില്ലാക്കി മാറ്റി അതിന്റെ അടിസ്ഥാനത്തിൽ അത് നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കാനൊ ഗവൺമെന്റ് സന്നദ്ധമായിട്ടില്ല. അതിന് കേന്ദ്രത്തിന്റെ അനുവാദം വേണ്ട എന്ന് അവർ പറഞ്ഞതാണ്. നിങ്ങൾ

നിയമസഭയിൽ പാസ്സാക്കി അയച്ചാൽ ഞങ്ങൾ പിന്നീട് പരിഗണിക്കാം എന്നാണ് പറഞ്ഞത്.

മറ്റൊരു പ്രധാനപ്പെട്ട വിഷയമാണ് 2012 നവംബർ മാസം 1-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ വിളിച്ച് കൂട്ടിയ ഒരു കോൺഫറൻസിൽ ചർച്ച ചെയ്ത മൾട്ടിലെവൽ മാർക്കറ്റിംഗ് മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കാര്യം. മൾട്ടിലെവൽ മാർക്കറ്റിംഗ് മേഖലയെന്ന് പറഞ്ഞാൽ കൺസ്യൂമർ ഉൽപ്പന്നങ്ങളും സേവനങ്ങളും - അത് ഉപഭോക്താവിന് അവരുടെ വീട്ടിലോ അവരുടെ സുഹൃത്തുക്കളുടെയോ അവർ ചുമതലപ്പെടുത്തുന്നവരുടെ കൈകളിലോ ജോലി സ്ഥലത്തോ അല്ലെങ്കിൽ നിശ്ചയിക്കപ്പെടുന്ന സ്ഥലത്തോ വിതരണം ചെയ്യുന്ന സമ്പ്രദായമാണ് മൾട്ടിലെവൽ മാർക്കറ്റിംഗ് എന്ന് പറയുന്നത്. ആ മേഖലയിൽ ഇന്ന് ധാരാളം തൊഴിലാളികൾ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിൽത്തന്നെ ഏകദേശം രണ്ടു ലക്ഷം തൊഴിലാളികൾ ഈ മേഖലയിലുണ്ടാകും. രാജ്യത്താകമാനം രണ്ടുമൂന്ന് കോടിയോളം തൊഴിലാളികളുണ്ട്. കേരളത്തിൽ ഈ തൊഴിലാളികൾക്കു വേണ്ടി ഒരു നിയമം കൊണ്ടുവരണം എന്നതാണ് അവരുടെ ആവശ്യം.

കേരളത്തിലെ എല്ലാ തൊഴിലാളി സംഘടനകളേയും വിളിച്ചുകൂട്ടി, നിങ്ങൾക്ക് സംരക്ഷണം നൽകുന്ന നിയമം കൊണ്ടുവരാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പറഞ്ഞതാണ്. അതു നടപ്പിലായില്ലെന്ന് മാത്രമല്ല അതിനുശേഷം രണ്ട് വർഷവും ഒരു മാസവും കഴിഞ്ഞു, ഇതുവരെ ഒരു നടപടിയും അക്കാര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. മണി ചെയിൻ സമ്പ്രദായക്കാരാണെന്ന് പറഞ്ഞ് പോലീസ് ഉദ്യോഗസ്ഥർ അവരെ ഒരുപാട് ഹരാസ്സ് ചെയ്യുകയും കൈക്കൂലിയും മറ്റും വാങ്ങാനായി ഈ അവസരം ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. യഥാർത്ഥത്തിൽ മണി ചെയിനുമായി ഇവർക്ക് യാതൊരു ബന്ധവുമില്ല. മൾട്ടി ലെവൽ മാർക്കറ്റിംഗ് ജീവനക്കാർക്ക് ഒരു പ്രത്യേക നിയമവും ക്ഷേമനിധിയും വേണം. കൂടാതെ സെയിൽസ് പ്രൊമോഷൻ എംപ്ലോയീസിന് പ്രത്യേക ക്ഷേമനിധി രൂപീകരിക്കണം. ക്ഷേമനിധിയിൽപ്പെടാത്ത തൊഴിലാളികളെ എല്ലാം ക്ഷേമനിധിയിൽ കൊണ്ടുവന്ന് അവരെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികളാണ് സ്വീകരിക്കേണ്ടത്. കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ മുമ്പിൽ 11 കേന്ദ്ര തൊഴിലാളി സംഘടനകൾ പത്തിന ആവശ്യങ്ങളുന്നയിച്ചു കൊണ്ട് ദീർഘകാലം സമരം ചെയ്തു. ആ പത്തിന ആവശ്യങ്ങളിൽ ഒന്നുപോലും ഡോ. മൻമോഹൻസിംഗ് ഗവൺമെന്റിന്റെ നേതൃത്വത്തിലുള്ള സർക്കാർ

അംഗീകരിച്ചില്ല. ഏറ്റവും അവസാനം ഇൻഡ്യൻ ലേബർ കോൺഫറൻസ് (ഐ.എൽ.സി) 2009-ലും 2010-ലും അംഗീകരിച്ച ഒരു നിയമ ഭേദഗതിയുണ്ട്. കോൺട്രാക്ട് ലേബർ അബോളിഷൻ ആന്റ് റെഗുലേഷൻ ആക്ട് 1970. അതിൽ കോൺട്രാക്ട് വർക്കേഴ്സിന് അനുകൂലമായ ചില തീരുമാനങ്ങളെടുത്തു. സ്ഥിരം തൊഴിലാളികൾക്ക് സമാനമായി ജോലി ചെയ്യുന്ന കോൺട്രാക്ട് തൊഴിലാളികൾക്ക് സ്ഥിരസ്വഭാവം നൽകുന്ന ഒരു നിയമ ഭേദഗതി കൊണ്ടുവന്നു. ആ നിയമ ഭേദഗതി ഇൻഡ്യൻ ലേബർ കോൺഫറൻസ് ഏകകണ്ഠേന അംഗീകരിച്ചു. ഉടമാ പ്രതിനിധികളും തൊഴിലാളി പ്രതിനിധികളും ഗവൺമെന്റ് പ്രതിനിധികളുമെല്ലാം ഒരുമിച്ച് അംഗീകരിച്ച ആ ഭേദഗതി അന്ന് കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. മല്ലികാർജ്ജുന ഗാർഗെ ബഹു.പ്രധാനമന്ത്രിയുടെ പക്കൽ കൊടുത്തു. അത് പിന്നെ പുറംവെളിച്ചം കണ്ടിട്ടില്ല. പ്രധാനമന്ത്രി അത് മന്ത്രിസഭയിൽ വയ്ക്കാനും അത് നിയമമാക്കാനും ഒരു നടപടിയും സ്വീകരിച്ചില്ല. ഇപ്പോൾ കോൺട്രാക്ട് ലേബർ അബോളിഷൻ ആന്റ് റെഗുലേഷൻ ആക്ട്, ഇപ്പോഴത്തെ ബഹു. മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര ഗവൺമെന്റ് അത് ഭേദഗതി ചെയ്തു. പക്ഷെ നമ്മൾ അന്ന് നിർദ്ദേശിച്ച നിലയിലല്ല അത് ഭേദഗതി ചെയ്തത്. കോൺട്രാക്ട് ലേബേഴ്സിന്

വളരെയധികം ദോഷകരമായ വിധത്തിൽ ആ ഭേദഗതി നടപ്പാക്കാൻ പോവുകയാണ്. അപ്പോൾ കോൺട്രാക്ട് ലേബർക്ക് യാതൊരു അവകാശവുമില്ലാത്ത വിധത്തിൽ, പ്രിൻസിപ്പൽ എംപ്ലോയർക്ക് യാതൊരു ബാധ്യതയുമില്ലാത്ത വിധത്തിൽ, എല്ലാം കോൺട്രാക്ടറിൽ നിക്ഷിപ്തമാകുന്ന വിധത്തിൽ കോൺട്രാക്ട് ലേബർ ആക്ട് ഭേദഗതി ചെയ്ത് തൊഴിലാളികളെ അന്യാധീനപ്പെടുത്തുന്ന രൂപത്തിലേയ്ക്ക് കൊണ്ടെത്തിക്കുകയാണ് കേന്ദ്ര ഗവൺമെന്റിന്റെ നയം. ഫാക്ടറീസ് ആക്ട് അവർ ഭേദഗതി ചെയ്യുകയാണ്. വൈദ്യുതി ഉപയോഗിച്ച് പണിയെടുക്കുന്ന വ്യവസായ സ്ഥാപനങ്ങളാണെങ്കിൽ, അവിടെ പത്ത് തൊഴിലാളികൾ പണിയെടുക്കുന്നുവെങ്കിൽ അത് ഫാക്ടറീസ് ആക്ടിന്റെ പരിധിയിൽ വരും. വൈദ്യുതിയില്ലാത്ത ഫാക്ടറിയാണെങ്കിൽ 20 തൊഴിലാളികൾവേണം. ഇപ്പോൾ അവരുടെ എണ്ണം പത്തിൽ നിന്നും 20 ആക്കി. ഇരുപത് തൊഴിലാളികൾവരെ, അപ്പോൾ പത്തൊൻപത് തൊഴിലാളികൾ പണിയെടുക്കുന്ന ഒരു സ്ഥാപനത്തിലെ തൊഴിലാളികൾക്ക് യാതൊരു അവകാശവുമില്ല. അതുപോലെതന്നെ വൈദ്യുതിയില്ലാത്ത സ്ഥാപനങ്ങളാണെങ്കിൽ 39 തൊഴിലാളികൾ വരെ പണിയെടുക്കുന്ന സ്ഥാപനങ്ങളിൽ തൊഴിലാളികൾക്ക് യാതൊരു അവകാശവുമില്ല. ഇപ്പോൾ

ഫാക്ടറി നിയമവും  കോൺട്രാക്ട് ലേബർ അബോളിഷൻ ആന്റ് റഗുലേഷൻ ആക്ടും ഭേദഗതി ചെയ്യുകയാണ്. കൂടാതെ ഐ.ഡി. ആക്ട് ഭേദഗതി ചെയ്യുകയാണ്. 300 തൊഴിലാളികൾ വരെ പണിയെടുക്കുന്ന വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികളെ retrench ചെയ്യാനും ലേ ഓഫ് ചെയ്യാനും ആ ഫാക്ടറിയിൽ പോസ്റ്റ് ചെയ്യാനും ഗവൺമെന്റിന്റെ അനുവാദം വേണ്ടായെന്ന തീരുമാനം വന്നിരിക്കുകയാണ്.  അങ്ങനെ വരുമ്പോൾ നമ്മുടെ രാജ്യത്ത് ഏകദേശം 70 ശതമാനത്തിലധികം വരുന്ന തൊഴിലാളികൾക്ക് higher and fair policy നടപ്പിലാകുകയാണ് ചെയ്യുന്നത്. ഇങ്ങനെ  Industrial Dispute Act ഭേദഗതി ചെയ്യുക, ഫാക്ടറീസ് ആക്ട് ഭേദഗതി ചെയ്യുക, നിലവിലുള്ള കോൺട്രാക്ട് ലേബർ നിയമം തന്നെ കരാറുകാർക്ക് അനുകൂലമായി ഭേദഗതി ചെയ്യുക... ഈ നിലയ്ക്ക് തൊഴിലാളി വിരുദ്ധമായ നടപടികൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ട് പോകുകയാണ്. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ എല്ലാ സീറ്റും കിട്ടിയ സ്ഥലമാണ് രാജസ്ഥാൻ. ആ രാജസ്ഥാനിൽ അധികാരത്തിൽ വന്ന  ബി.ജെ.പി. ഗവൺമെന്റ്, സഭയിലെ പ്രതിപക്ഷ പാർട്ടിയായ  കോൺഗ്രസ്സിന്റെ  നൂറ് ശതമാനം പിൻതുണയോടുകൂടി ആ നിയമം പാസ്സാക്കി. ഇപ്പോൾ കേന്ദ്ര ഗവൺമെന്റും ആ നിയമം പാസ്സാക്കാൻ

പോകുകയാണ്. അങ്ങനെ പാസ്സാക്കിക്കഴിഞ്ഞാൽ ഇൻഡ്യയിലെ തൊഴിലാളികളുടെ ഭാവി ജീവിതം അങ്ങേയറ്റം അപകടകരമാകും. ഇതിനെതിരായി ശബ്ദമുയർത്താൻ നിയമസഭയും ലേബർ ഡിപ്പാർട്ടുമെന്റും സന്നദ്ധമാകണ്ടേ? അപ്പോൾ ഇതിനെല്ലാം എതിരായി ശബ്ദമുയർത്തുന്നതിന് പകരം ഷോപ്പുകളിലെ തൊഴിലാളികൾ സ്മാൾ/മീഡിയം/ലാർജ് ആണെന്നെല്ലാം പറഞ്ഞ് ഭേദഗതികൾ കൊണ്ടുവന്നിട്ട് എന്ത് പ്രയോജനമാണ് കേരളത്തിലെ ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാർക്കുള്ളത്. ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ജീവനക്കാർക്ക് ഒരു ക്ഷേമനിധിയുണ്ട്. ആ ക്ഷേമനിധി നിയമം ഇതുവരെ പ്രാവർത്തികമാക്കിയില്ല. 2006-ലെ മൂലനിയമത്തിലുള്ള ഒരു വ്യവസ്ഥയാണ് തൊഴിലാളികളായ സഹോദരിമാർക്ക് പ്രസവകാല ആനുകൂല്യം കൊടുക്കണമെന്നുള്ളത് - രണ്ട് പ്രസവത്തിന്, പന്ത്രണ്ടാഴ്ചക്കാലത്തെ അവരുടെ മിനിമം വേജസിന് തുല്യമായിട്ടുള്ള തുക അവർക്ക് പ്രസവകാല വേതനമായി കൊടുക്കണമെന്നാണ് വ്യവസ്ഥ. അത് നിയമവിരുദ്ധമായി ഭേദഗതി ചെയ്ത് 5,000/- രൂപ വരെ മാത്രമെ കൊടുക്കാൻ പാടുള്ളൂവെന്ന് തീരുമാനിച്ചു. കഴിഞ്ഞ ഇടതുപക്ഷ ജനാതിപത്യ മുന്നണി ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള നിയമങ്ങളിൽ വെള്ളം ചേർത്ത് തൊഴിലാളികൾക്ക് ദ്രോഹകരമായിട്ടുള്ള നിലപാട്

സ്വീകരിക്കുകയാണ്. ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ഇപ്പോൾ മരവിച്ച് നിൽക്കുകയാണ്. ബഹുമാനപ്പെട്ട വർക്കല കഹാർ ഐ.എൻ.റ്റി.യു.സി. ട്രേഡ് യൂണിയൻ നേതാവുകൂടിയാണ്, അദ്ദേഹം ഒന്നും മിണ്ടാതിരിക്കുകയാണ്. ബഹുമാനപ്പെട്ട ചീഫ് വിപ്പും ആ കാര്യത്തിൽ എതിർപ്പ് പറയുന്നില്ല. നിങ്ങൾ ബാറിന്റെ പിന്നാലെ പോവുകയാണ്. ബാറിന്റെ കാര്യത്തിനല്ലേ നിങ്ങളെന്നും മീഡിയായിൽ ചർച്ചയ്ക്ക് പോകുന്നത്. യഥാർത്ഥത്തിൽ ഐ.എൻ.റ്റി.യു.സി. നേതാക്കന്മാരടക്കമുള്ള എം.എൽ.എ.മാർ ഈ കാര്യത്തിൽ പ്രതികരിക്കുന്നില്ലായെന്നുള്ളതാണ് ഏറ്റവും ഗൗരവതരമായ സ്ഥിതി. ക്ഷേമനിധി ബോർഡുകളുടെയെല്ലാം പ്രവർത്തനം മരവിച്ചിരിക്കുകയാണ്. ക്ഷേമനിധി ബോർഡുകൾക്ക് ഒരു നിയമവും ചട്ടവുമെല്ലാമുണ്ട്. ആ ക്ഷേമനിധി ബോർഡിലെ സമ്പത്ത് മുഴുവൻ നമ്മുടെ മാണി സാർ ട്രഷറിയിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിരിക്കുകയാണ്. തൊഴിലാളികളുടെ സമ്പത്ത് മുഴുവൻ ട്രഷറിയിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി (<u>ശ്രീ. കെ. എം. മാണി</u>) : സർ, അവരുടെ സമ്പാദ്യം ഒന്നുകൂടി സേഫാവുകയല്ലേ ചെയ്യുന്നത്?

ശ്രീ. പി. കെ. ഗുരുദാസൻ : സർ, സേഫെന്നുള്ളതല്ല അവർക്കും നിയമങ്ങളും ചട്ടങ്ങളുമൊക്കെയില്ലേ? ആ നിയമവും ചട്ടവും നടപ്പിലാക്കാൻ തക്കവിധത്തിൽ അവരുടെ ക്ഷേമനിധിയുംകൂടി പ്രവർത്തിക്കണ്ടേ? അവരുടെ ആവശ്യങ്ങൾക്കുപോലും ആ തുക കൊടുക്കുന്നുമില്ല. ഈ നിലയ്ക്ക് തൊഴിലാളികളുടെ അവകാശങ്ങളെല്ലാം ചവിട്ടിമെതിക്കുന്ന കേന്ദ്ര ഗവൺമെന്റും ഒരു സംസ്ഥാന ഗവൺമെന്റുമാണ് നമുക്കുള്ളത്. ഇൻഡ്യയിലെ കോർപ്പറേറ്റുകൾക്ക് അനുകൂലമായ നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. പത്തുലക്ഷം ജീവനക്കാരുടെ അഭിപ്രായങ്ങളെല്ലാം മറികടന്നുകൊണ്ടാണ് ബാങ്കിംഗ് ലാ അമെന്റ്മെന്റ്സ് കൊണ്ടുവരുന്നത്. ഇൻഷ്വറൻസ് മേഖലയിൽ 26 ശതമാനം എഫ്.ഡി.ഐ. ഉണ്ടായിരുന്നതിപ്പോൾ 49 ശതമാനമായി ഉയർത്താൻ തീരുമാനിച്ചു. ഇങ്ങനെ നിരവധി നിയമ ഭേദഗതികൾ കൊണ്ടുവന്ന് ഈ രാജ്യത്തെ ജീവനക്കാരെയും തൊഴിലാളികളെയും അങ്ങേയറ്റം ദ്രോഹിക്കുകയും ഇൻഡ്യയിലെ കോർപ്പറേറ്റുകൾക്ക് വൻതോതിൽ സമ്പത്തുണ്ടാക്കാൻ അനുവദിക്കുകയും ചെയ്യുന്ന ഒരു സംവിധാനമാണ് ഇന്ന് രാജ്യത്ത് നിലവിലുള്ളത്. ഉൽപ്പാദന മേഖലയെടുത്താൽ, നമ്മുടെ രാജ്യത്തിന്റെ പൊതു സ്ഥിതിയെടുക്കുമ്പോൾ ഡോ.

മൻമോഹൻസിംഗ് ഗവൺമെന്റിന്റെ കാലത്തുണ്ടായ മാറ്റമെന്താണ്? ഒരു വ്യവസായ സ്ഥാപനമോ മാനുഫാക്ച്ചറിംഗ് സ്ഥാപനമോ നടത്തുമ്പോൾ അവിടത്തെ മൂല്യമെന്ന് പറയുന്നത് തൊഴിലാളികളുടെ അദ്ധ്വാനശക്തിയുടെ മൂല്യം, അതുപോലെ തന്നെ അസംസ്കൃത വസ്തുക്കളുടെ വില, അതിനു പുറമേ മാനേജ്മെന്റിന്റെ ചെലവുകൾ- ഇത് മൂന്നുംകൂടി ചേരുമ്പോഴാണ് മൂല്യമെന്ന് പറയുന്നത്.

സർ, 1980-കളിൽ ആകെ മൂല്യത്തിന്റെ 30 ശതമാനം വർക്കേഴ്സിനായിരുന്നു കിട്ടിയിരുന്നത്. 1990-കളിൽ അത് 20 ശതമാനമായി മാറി. 2010-ൽ അത് ഒൻപതര ശതമാനമായി. ഇതാണ് തൊഴിലാളികളുടെ സ്ഥിതി. നമ്മുടെ മുതലാളിത്ത രാജ്യങ്ങളിലെല്ലാമുള്ള തൊഴിലാളികളുടെ സ്ഥിതി ഇതാണ്. വൻകിട കോർപ്പറേറ്റുകളുടെ ലാഭം 20 ശതമാനത്തിൽനിന്ന് 60 ശതമാനമായി മാറി. യന്ത്രവൽക്കരണത്തിന്റെയും ആധുനികവൽക്കരണത്തിന്റെയും ഫലമായി ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിച്ചു. ഇതിന്റെയെല്ലാം ഫലമനുഭവിക്കുന്നത് തൊഴിലാളികളോ ജനങ്ങളോ അല്ല. നേരെമറിച്ച് ഇന്ത്യയിലെ കോർപ്പറേറ്റുകളാണ്. നമ്മുടെ പുതിയ

പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദിതന്നെ പ്രധാനമായും സഹായിക്കുന്നത് അദാനിയെയാണ്. അദ്ദേഹം വിദേശത്ത് പോയപ്പോൾ കൂട്ടിക്കൊണ്ടുപോയത് അദാനിയെയാണ്. എസ്.ബി.ഐ.-യിൽനിന്ന് 6200 കോടി രൂപയാണ് അദ്ദേഹത്തിന് കൽക്കരിപ്പാടം കോൺട്രാക്ട് എടുക്കാൻ കൊടുത്തിരിക്കുന്നത്. അത് ചരിത്രസംഭവമാണ്. ഈ നിലയ്ക്ക് നമ്മുടെ പൊതുസമ്പത്ത് മുഴുവൻ കൊള്ളയടിക്കുന്ന, പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം വിറ്റ് തുലയ്ക്കുന്ന...... ഇപ്പോൾ അവർ 44,000 കോടി രൂപയാണ് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിച്ച് സ്വരൂപിക്കാൻ തീരുമാനിച്ചിരിക്കുന്നത്. ഈ നിലയ്ക്ക് നമ്മുടെ രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെ തകർക്കുന്ന, പൊതുമേഖലയെ തകർക്കുന്ന.... വികസിത മുതലാളിത്ത രാജ്യങ്ങളിൽ സാമ്പത്തിക മാന്ദ്യമുണ്ടായപ്പോൾ നമ്മുടെ രാജ്യത്തിന് ആ മാന്ദ്യത്തിന്റെ വലിയ ആഘാതമുണ്ടായില്ല. പക്ഷേ ഇന്ന് മുതലാളിത്ത വ്യവസ്ഥയെ ബാധിക്കുന്ന ആഘാതങ്ങൾ, സാമ്പത്തികമാന്ദ്യം എന്നിവയുടെയെല്ലാം ദുരന്തഫലം അനുഭവിക്കാൻതക്കവിധത്തിൽ നമ്മുടെ രാജ്യത്തെ പൊതുമേഖലെയ തകർക്കുകയാണ്, പൊതുസമ്പത്ത് തകർക്കുകയാണ്, കോർപ്പറേറ്റുകളെ വളർത്തുകയാണ്, ബഹുരാഷ്ട്ര കുത്തകകളെ വളർത്തുകയാണ്. ഇതാണ് കേന്ദ്രഗവൺമെന്റ് നയം. കേരളത്തിലെ സ്ഥിതിയും

ഇതുതന്നെയാണ്. നിങ്ങളാരും പ്രതികരിക്കാതിരിക്കുന്നതാണ്. എല്ലാ മേഖലയിലെയും സ്ഥിതി ഇതുതന്നെയാണ്. കശുവണ്ടിത്തൊഴിലാളികൾ....... ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. എന്റെയും ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെയും ശ്രീ. സി. ദിവാകരന്റെയും നാട്ടിലെ വിഷയമാണ്. കൂലി കൂടുതൽ കിട്ടുന്നതിനുവേണ്ടി കശുവണ്ടിത്തൊഴിലാളികൾ 2013-ൽ ദീർഘമായ സമരം നടത്തി. എല്ലാ അവശ്യസാധനങ്ങളുടെയും വില വർദ്ധിച്ചു. 2011 ഫെബ്രുവരിയിലാണ് മിനിമം വേജസ് പുതുക്കിയത്. അതിനുശേഷം എല്ലാ അവശ്യസാധനങ്ങളുടെയും വില ഗണ്യമായി വർദ്ധിച്ചു. അതിന്റെ ഫലമായി തൊഴിലാളികൾ സമരത്തിലായി. വ്യവസായം സംരക്ഷിക്കപ്പെടണം. 2013 അവസാനം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി കശുവണ്ടിത്തൊഴിലാളി കോൺഗ്രസ്സിന്റെ ചെയർമാനാണ്. ഞാൻ തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് അദ്ദേഹം എല്ലാ കാര്യങ്ങളും എന്നോട് പറയുമായിരുന്നു. ഞാൻ അദ്ദേഹവുമായി കൂടിയാലോചിച്ചിട്ടാണ് എല്ലാ തീരുമാനവുമെടുക്കുന്നത്. അദ്ദേഹത്തിന്റെ പ്രതിനിധി ലേബർ കോൺഫറൻസിൽ വരുമ്പോൾ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയുടെകൂടി അഭിപ്രായംകൂടി കേൾക്കാതെ അദ്ദേഹം തീരുമാനിക്കുകയില്ല. അങ്ങനെ തീരുമാനമെടുത്ത് 2011 ഫെബ്രുവരി മാസം

ഒന്നാം തീയതി മുതൽ നടപ്പിൽവന്ന മിനിമം വേജസിന്റെ കാലത്തുള്ള ജനങ്ങളുടെ ജീവിതച്ചെലവ്, തൊഴിലാളികളുടെ ജീവിതനിലവാരം എന്നിവയുടെ അടിസ്ഥാനത്തിൽ വന്നപ്പോൾ 2013-ൽ 60-70 ശതമാനം വർദ്ധിച്ചു. അതുകൊണ്ട് കൂലി കൂട്ടണമെന്ന് തൊഴിലാളികൾ പറഞ്ഞു. ദീർഘമായ സമരം നടത്തി. അവസാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നിവേദനം കൊടുത്തു. പത്തുപതിനായിരം തൊഴിലാളികൾ സെക്രട്ടേറിയറ്റിന് മുന്നിൽ സമരം നടത്തി നിവേദനം കൊടുത്തപ്പോൾ ഈ പ്രശ്നം ടേക്ക് അപ് ചെയ്യണമെന്ന് അദ്ദേഹം പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റിയെതന്നെ ചുമതലപ്പെടുത്തി. തൊഴിലാളി പ്രതിനിധികളും ഉടമാ പ്രതിനിധികളും അടങ്ങുന്ന ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റിയുണ്ട്. ആ കമ്മിറ്റി തെളിവെടുപ്പ് ആരംഭിച്ചു. ആറുമാസം കഴിഞ്ഞിട്ടും തെളിവെടുപ്പ് തീരുന്നില്ല. മിനിമം വേജസ് കമ്മിറ്റി രൂപീകരിക്കണമെന്ന് തൊഴിലാളി സംഘടനകൾ പറഞ്ഞു. 3.7.2014-ൽ മിനിമം വേജസ് കമ്മിറ്റി രൂപീകരിച്ചു. ഇപ്പോൾ ആറുമാസമാകുന്നു. ആ കമ്മിറ്റിയുടെ കാലത്ത് പ്രവർത്തനം പൂർത്തിയാകാത്തതുകൊണ്ട് തൊഴിലാളികൾ സമരത്തിനെത്തി. ഫാക്ടറിതോറും നിരാഹാര സത്യാഗ്രഹമായി. അവസാനം ബഹുമാനപ്പെട്ട

തൊഴിൽ വകുപ്പുമന്ത്രിതന്നെ കോൺഫറൻസ് വിളിച്ചുകൂട്ടി. രണ്ടാമത്തെ കോൺഫറൻസിൽ തീരുമാനമായി. ആ തീരുമാനം വിജ്ഞാപനം ചെയ്യണ്ടേ? ആ തീരുമാനം വിജ്ഞാപനം ചെയ്യാതെ വീണ്ടും അത് അഡ്വൈസറി കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചാൽ രണ്ടുമൂന്ന് മാസം കഴിയില്ലേ. നിശ്ചയമായും മന്ത്രി അദ്ധ്യക്ഷത വഹിച്ച് തീരുമാനമെടുത്ത ഒരു വിഷയം വീണ്ടും അഡ്വൈസറി കമ്മിറ്റിയിൽ പോകേണ്ട കാര്യമില്ല. തൊഴിലാളികളുടെ ക്ഷമയെ പരീക്ഷിക്കരുത്. തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനാണ് തൊഴിൽ വകുപ്പ് യജ്ഞിക്കേണ്ടത്. ഈ ഗവൺമെന്റ് അതിന് ബാധ്യസ്ഥമാണ്. അപ്രകാരമുള്ള നിലപാടാണ് സ്വീകരിക്കുന്നതെങ്കിൽ നിശ്ചയമായും ഞങ്ങൾ അതിന് സഹകരിക്കും. ഷോപ്പ്സ് ആന്റ് കൊമേഴ്സ് എസ്റ്റാബ്ലിഷ്മെന്റ് അമെന്റ്മെന്റ് ബിൽ കാലാനുസൃതമായി പരിഷ്ക്കരിക്കുന്നുവെന്ന് പറയുമ്പോൾ ബിഗ്, ലാർജ്, മീഡിയം എന്ന ക്ലാസ് നമുക്ക് അംഗീകരിക്കാനേ സാധ്യമല്ല. അതുകൊണ്ട് ആ ക്ലാസുകൾ ഉപേക്ഷിക്കണം. 50 തൊഴിലാളികളിൽ കൂടുതൽ പണിയെടുക്കുന്ന സ്ഥാപനങ്ങളിൽ അവർക്ക് ഹോസ്റ്റൽ സൗകര്യമൊക്കെ കൊടുക്കണമെന്ന് പറയുന്നത് നല്ലതാണ്. പക്ഷേ ചെറുത്, വലുത്, ഇടത്തരം എന്നുള്ള നിലപാട് സ്വീകരിക്കാനേ പാടില്ല. അതോടൊപ്പംതന്നെ തൊഴിലാളികളുടെ

ക്ഷേമപദ്ധതികൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കണം. കഴിഞ്ഞ ഗവൺമെന്റുതന്നെ കൊണ്ടുവന്ന കുറേയധികം ബില്ലുകൾ അവിടെയുണ്ട്. ആ ബില്ലുകൾ നിയമമാക്കുന്നതിനുള്ള നടപടികൾ സത്വരമായി സ്വീകരിക്കണം. ഈ നിലയ്ക്ക് ഈ ബില്ലിന്റെ ഉള്ളടക്കത്തെ എതിർത്തുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

മി. ചെയർമാൻ: ഇനി നാല് അംഗങ്ങൾകൂടി സംസാരിക്കാനുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ പരമാവധി ചുരുക്കി സംസാരിക്കണം. ഇദ്ദേഹം സീനിയർ അംഗമായതുകൊണ്ടാണ് കൂടുതൽ നിയന്ത്രിക്കാതിരുന്നത്.

ശ്രീ. എം. ഹംസ: സർ, ബില്ലായതുകൊണ്ട് നിയന്ത്രണമില്ലല്ലോ, അല്ലേ?

മി. ചെയർമാൻ: നിയന്ത്രണമുണ്ട്.

ശ്രീ. എം. ഹംസ: സർ, സ്വയം നിയന്ത്രിക്കണമെന്നല്ലേയുള്ളൂ.

മി. ചെയർമാൻ: ഒരു തീരുമാനം രണ്ടാഴ്ചമുമ്പ് എടുത്തിട്ടുണ്ട്. പരമാവധി ചുരുക്കുകയെന്നുള്ളതാണ്.

ശ്രീ. എം. ഹംസ: സർ, ഈ ബില്ലിന് വിയോജനക്കുറിപ്പ് അവതരിപ്പിച്ചുകൊണ്ട് ശ്രീ. പി. കെ. ഗുരുദാസൻ അവതരിപ്പിച്ച

വിയോജനക്കുറിപ്പിൽ പറഞ്ഞ കാര്യങ്ങൾക്ക് എല്ലാ പിന്തുണയും അറിയിക്കുകയാണ്. കേരള സംസ്ഥാന ചരിത്രത്തിലെ ഏറ്റവും മഹത്തായ ഒരു നിയമമാണ് കേരളത്തിലെ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി 2006 സെപ്റ്റംബർ മാസം 18-ാം തീയതി കേരള നിയമസഭ പാസ്സാക്കിയത്. ആ നിയമം പൈലറ്റ് ചെയ്ത മന്ത്രിയായിരുന്ന ശ്രീ. പി. കെ. ഗുരുദാസൻ. അദ്ദേഹം ഈ നിയമത്തിന്റെ അമെന്റ്മെന്റുമായി ബന്ധപ്പെട്ട് അവതരിപ്പിച്ച മൊത്തം സ്പിരിറ്റിനോട് ഞാൻ ഇവിടെ യോജിപ്പ് പ്രകടിപ്പിക്കുകയാണ്. അതിൽ അദ്ദേഹം പറഞ്ഞ കാര്യങ്ങളിലേയ്ക്ക് വീണ്ടും ആവർത്തിച്ച് കടക്കുന്നില്ല. തൊഴിൽ നിയമങ്ങളില്ലാത്ത ഒരു കുറവ് കേരളത്തിലില്ല. തൊഴിൽ നിയമങ്ങളുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കാനാവശ്യമായ ഒരു ഗവൺമെന്റ് സംവിധാനത്തിന്റെ കുറവും ഇവിടെയില്ല. പക്ഷേ ആ ഗവൺമെന്റ് സംവിധാനങ്ങളാകെ ഉറങ്ങിക്കിടക്കുകയാണ് എന്നതാണ് ഇന്നത്തെ അവസ്ഥ. ഈ കാലത്തിന്റെ പ്രത്യേകതയെന്ന് പറയുന്നത് ഇപ്പോൾ ഇന്ത്യാ രാജ്യത്ത് ബി.ജെ.പി.-യുടെ ഗവൺമെന്റ് വന്നു, ശ്രീ. നരേന്ദ്രമോദി ഇന്ത്യയുടെ പ്രധാനമന്ത്രിയായി. ശ്രീ. നരേന്ദ്രമോദി ഇന്ത്യയുടെ പ്രധാനമന്ത്രിയാകുന്നതോടുകൂടി മുമ്പ്

കോൺഗ്രസെടുത്ത സമീപനം എന്താണോ അതിനേക്കാളും തീവ്രമായ തൊഴിലാളിവിരുദ്ധ സമീപനം സ്വീകരിക്കുകയാണ്. ന്യൂ എക്കണോമിക് പോളിസിയുടെ രണ്ടാം ജനറേഷൻ പരിഷ്ക്കാരങ്ങൾ ശ്രീ. നരേന്ദ്രമോദി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ അദ്ദേഹം ദേശീയ അന്തർദ്ദേശീയ മൂലധന ശക്തികൾക്ക് അനുകൂലമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി 'Shram Suvidha' എന്നൊരു നയം അദ്ദേഹം പ്രഖ്യാപിച്ചു. തൊഴിലുടമകളുടെ ഏറ്റവും പ്രധാനപ്പെട്ട തലവേദന ഇൻസ്പെക്ടർ രാജ് ആണ് എന്നാണ് അദ്ദേഹം പറയുന്നത്. അത് അവസാനിപ്പിച്ചുവെന്നാണ് ശ്രീ. നരേന്ദ്രമോദി പ്രഖ്യാപിക്കുന്നത്. അതിനെ ഇൻസ്പെക്ടർ രാജ് എന്ന് വിശേഷിപ്പിക്കാൻ പാടില്ല. നിലവിലുള്ള നിയമത്തെ തൊഴിലാളിക്ക് അനുകൂലമായി സൃഷ്ടിക്കപ്പെട്ട, പാർലമെന്റ് പാസ്സാക്കിയ, നിയമസഭകൾ പാസ്സാക്കിയ നിയമങ്ങൾ നടപ്പാക്കാനാവശ്യമായ നല്ല ഒരു മോണിറ്ററിംഗ് സമ്പ്രദായമാണ് വേണ്ടത്. അത് നടപ്പാക്കുന്നതിന് പകരം അതിനെ കേവലം ഇൻസ്പെക്ടർ രാജാണെന്ന് പറഞ്ഞുകൊണ്ട് ഇന്ത്യയുടെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി ദേശീയ സാർവ്വദേശീയ മൂലധനശക്തികളോടൊപ്പമാണ് തൊഴിലാളികളുടെ കൂടെയല്ലായെന്ന് പറയുന്ന

അവസ്ഥയിലേയ്ക്ക് കാലം മാറിയിരിക്കുന്നു. ഇവിടെ നമ്മൾ പറയുന്നത്, നമുക്ക് ആ ആറ്റിറ്റ്യൂഡ് മാറ്റണം. ശ്രീ. നരേന്ദ്രമോദിയിൽനിന്ന് വ്യത്യസ്തമായി കേരളത്തിന്റെ ഒരു പാരമ്പര്യമുണ്ട്. അത് തൊഴിലാളിവർഗ്ഗത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന ഒരു കാഴ്ചപ്പാടാണ്. അപ്പുറത്തുള്ള ശ്രീ. വർക്കല കഹാർ പ്രസംഗിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അദ്ദേഹം ഒരു ട്രേഡ് യൂണിയൻ നേതാവാണ്. അദ്ദേഹം അത് കേൾക്കുന്നില്ല.

ശ്രീ. വർക്കല കഹാർ പ്രസംഗിക്കുമ്പോഴും ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. ഷോപ്പ് ആന്റ് കോമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിൽ പറയുന്നത് ക്ഷേമനിധിയിലേയ്ക്കുള്ള തൊഴിലാളിയുടെ വിഹിതം 20 രൂപ, മുതലാളിയുടെ വിഹിതം 20 രൂപ, ഗവൺമെന്റിന്റെ വിഹിതം 25 ശതമാനമോ അഞ്ചു രൂപയോ ഏതാണ് കൂടുതൽ അത് എന്നാണ്. എന്നാലിപ്പോൾ ഗവൺമെന്റിന്റെ വിഹിതം അടയ്ക്കാതെ ക്ഷേമ നിധികളെ കുഴപ്പത്തിലാക്കുകയാണ്. ആ സ്ഥിതിയിൽനിന്ന് കേരളം മാറണം. ക്ഷേമനിധികളുടെ പണം ക്ഷേമനിധികൾക്ക് മാത്രമായിട്ടുപയോഗിക്കണം. ഇപ്പോൾ ക്ഷേമനിധികളുടെ പണമെടുത്ത് ട്രഷറികളിൽ ഉപയോഗിക്കുകയാണ്. ബഹുമാനപ്പെട്ട കെ. എം. മാണി

ഇവിടെയുണ്ട്. സാമ്പത്തിക ബുദ്ധിമുട്ട് വരുമ്പോഴെല്ലാം ക്ഷേമനിധികളിൽ നിന്ന് പണം എടുക്കുകയാണ്. ഇത് തിരിച്ച് കിട്ടുമോ? ക്ഷേനിധിയിലേക്ക് ഗവൺമെന്റ് അടയ്ക്കേണ്ട വിഹിതം അടയ്ക്കുന്നുമില്ല ക്ഷേമനിധിയുടെ പണമെടുത്ത് ഉപയോഗിക്കുകയും ചെയ്യുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>): സർ, ശ്രീ. പി. കെ. ഗുരുദാസനും ഇതേക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ക്ഷേമനിധിയിൽനിന്ന് ട്രഷറിയിൽ ഡെപ്പോസിറ്റ് ചെയ്ത എല്ലാ തുകയും ഡെപ്പോസിറ്റ് കാലാവധി തീരുന്ന സമയത്ത് തന്നെ കൃത്യമായി തിരിച്ചു കിട്ടിയിട്ടുമുണ്ട് എന്ന് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

<u>ശ്രീ. എം. ഹംസ</u> : സർ, ഇന്നുവരെയുള്ള സാമ്പത്തിക സ്ഥിതി അനുസരിച്ച് തിരിച്ചു കിട്ടിയിട്ടുണ്ടായിരിക്കും. പക്ഷേ, ഇപ്പോഴത്തെ സാമ്പത്തികസ്ഥിതി വ്യത്യസ്തമാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ നിന്നിറങ്ങിപ്പോന്ന സമയത്ത് ട്രഷറിയിൽ 3,500 കോടി രൂപ ബാലൻസുണ്ടായിരുന്നു. ഇപ്പോൾ 136 കോടി രൂപയാണ് ട്രഷറി ബാലൻസ് എന്ന് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഒരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞിട്ടുണ്ട്. ഇപ്പോൾ, ശമ്പളംപോലും കൊടുക്കാൻ കഴിയാത്ത അവസ്ഥയിലേക്ക് ഗവൺമെന്റ്

ട്രഷറി മാറിയിട്ടുണ്ട്. ഇത്തരം സന്ദർഭത്തിൽ തൊഴിലാളി ക്ഷേമനിധിയിൽ നിന്ന് എടുത്ത പണം എങ്ങനെയാണ് തിരിച്ചുകിട്ടുന്നത്?

ശ്രീ. കെ.കെ. ജയചന്ദ്രൻ : സർ, ക്ഷേമനിധിയിലെ തുക ട്രഷറിയിൽ ഡെപ്പോസിറ്റ് ചെയ്യുമ്പോൾ നിലവിൽ കിട്ടിണ്ടിരിക്കുന്ന ഇന്ററസ്റ്റിൽ കുറവു വരുന്നുണ്ട്. അത് ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനത്തെയും തൊഴിലാളികൾക്ക് കൊടുക്കാനുള്ള ആനുകൂല്യത്തെയും ബാധിക്കുമെന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽവന്നിട്ടുണ്ടോ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, ബഹുമാനപ്പെട്ട മെമ്പർമാരുടെ തെറ്റിദ്ധാരണ മാറ്റാനാണ് ഞാൻ ഇടപ്പെടുന്നത്. കഴിഞ്ഞ ഫെബ്രുവരി-മാർച്ച് മാസത്തെ നിക്ഷേപത്തിന് 10.50 ശതമാനം പലിശയാണ് ട്രഷറിയിൽനിന്ന് നൽകിയത്. ഒരു നാഷണലൈസ്ഡ് ബാങ്കും 10.50 ശതമാനം പലിശ നമുക്ക് നൽകുന്നില്ല. ഇപ്പോൾ 10.15 ശതമാനമാണ് ട്രഷറി ഫിക്സ് ചെയ്തിരിക്കുന്നത്. 9 ശതമാനമോ 9.25 ശതമാനമോ പലിശനിരക്കിൽ മറ്റ് ബാങ്കുകളിൽ ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നത് മാത്രം ബ്രേക്ക് ചെയ്ത് ട്രഷറിയിൽ നിക്ഷേപിച്ചാൽ മതി. മറ്റേതെങ്കിലും ബാങ്കുകളിൽനിന്ന് ഉയർന്ന റേറ്റ് ലഭിക്കുമെങ്കിൽ അത് ബ്രേക്ക് ചെയ്യേണ്ട ആവശ്യമില്ല. പക്ഷെ, മറ്റു ബാങ്കുകൾ

കൊടുക്കുന്നതിനേക്കാൾ ഒരു ശതമാനം കൂടുതൽ പലിശ നൽകാൻ ട്രഷറി തയ്യാറാകുമ്പോൾ അങ്ങനെ ചെയ്തില്ലെങ്കിൽ വലിയ കൃത്യവിലോപമാണ് നമ്മൾ കാണിക്കുന്നത് എന്നുള്ളത് മനസ്സിലാക്കാവുന്നതാണ്. തൊഴിലാളികളുടെ പണംതന്നെ ഇല്ലാതാക്കുന്ന ഒരു കാര്യമായിരിക്കും അത്. അതുകൊണ്ടാണ് ട്രഷറിയിലേയ്ക്ക് ക്ഷേമനിധി ബോർഡിന്റെ പണം പലപ്പോഴും ഡെപ്പോസിറ്റ് ചെയ്യുന്നത്.

ശ്രീ. എം. ഹംസ : സർ, അങ്ങയുടെ തൊട്ടുപുറകിൽ സഹകരണവകുപ്പുമന്ത്രി ഇരിക്കുന്നുണ്ട്. ട്രഷറിയിലേക്ക് സഹകരണവകുപ്പിൽ നിന്നെടുത്തിട്ടുള്ള പൈസയും തിരിച്ചുകിട്ടുമെന്ന ഉറപ്പില്ല. മുമ്പ് നമ്മുടെ ഖജനാവ് ഭദ്രമായിരുന്നു, ഇപ്പോൾ കാലം മാറി. മുമ്പ് നമ്മുടെ സമ്പദ്ഘടന വളരെ മെച്ചമായിരുന്നു, ഇന്ന് വളരെ അപകടത്തിലാണ്. നമ്മുടെ ടാക്സ് വരുമാനം കുറഞ്ഞു, കരാറുകാർക്ക് പൈസ കൊടുക്കാനില്ല. ഇത്തരത്തിലൊരു ബുദ്ധിമുട്ടുള്ള സന്ദർഭത്തിൽ ട്രഷറിയിലേക്ക് പണം കൊടുത്താൽ ഇന്ററസ്റ്റ് എത്ര വേണമെങ്കിലും കൂട്ടിത്തരാമെന്നു പറഞ്ഞാലും പണം തിരിച്ച് കിട്ടുമെന്ന് പ്രതീക്ഷിക്കാൻ പറ്റില്ല. ശ്രീ. പി. എ. മാധവനൊക്കെ ഇക്കാര്യം നന്നായി അറിയാം. വല്ലാത്ത ഉത്കണ്ഠയിലാണ് ഞങ്ങളെപ്പോലുള്ള ട്രേഡ് യൂണിയൻ നേതാക്കന്മാർ. അതുകൊണ്ട് ആ ഉത്കണ്ഠ ഞങ്ങളിവിടെ

പങ്കുവയ്ക്കുകയാണ്. ക്ഷേമനിധികളിലെ ഗവൺമെന്റ് വിഹിതം യഥാസമയം അടയ്ക്കുന്നില്ല. ഇതിനെക്കുറിച്ച് സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്തിട്ടുണ്ട്. തൊഴിൽ വകുപ്പിന് കിട്ടിക്കൊണ്ടിരിക്കുന്ന തുക കുറഞ്ഞുവരുന്നുണ്ട്. അത്തരം പോളിസി നമ്മൾ മാറ്റണം എന്നാണ് ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

മറ്റൊരുകാര്യം പറയാനുള്ളത്, അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ചൂഷണം സംബന്ധിച്ചാണ്. അവർക്ക് മെഡിക്കൽ ഇൻഷ്വറൻസില്ല. ഇരിക്കാനുള്ള സൗകര്യം പോലുമില്ല. ഈ മേഖലയിൽ ബാലവേല ഇപ്പോഴുമുണ്ട്. ഒരുപക്ഷെ അന്യസംസ്ഥാനങ്ങളിൽനിന്നുള്ള ബാലികാ ബാലന്മാരായിരിക്കാം. സ്ത്രീകൾക്ക് പ്രത്യേക ആനുകൂല്യങ്ങളോ സംരക്ഷണമോ കിട്ടുന്നില്ല. സ്പെഷ്യൽ ഇക്കണോമിക്സ് സോണിൽപ്പെട്ടിട്ടുള്ള ഐ.റ്റി മേഖലയിലുള്ള സ്ഥാപനങ്ങളിൽ വെള്ളം കുടിക്കാനുള്ള അളവുപോലും നിശ്ചയിച്ച് കൊടുത്തിരിക്കുകയാണ്. ബി.ടെക്ക്-ഉം എം.ടെക്ക്-ഉം വിദ്യാഭ്യാസ യോഗ്യതയുള്ളവർ ജോലിയെടുക്കുന്ന ടെക്നോപാർക്കുപോലെയുള്ള സ്ഥലങ്ങളിൽ ജോലി സമയത്ത് ഇത്ര വെള്ളമേ കുടിക്കാവൂ, ഇത്ര തവണമാത്രമേ ബാത്ത് റൂമിൽ പോകാവൂ എന്നുള്ള രൂപത്തിലേക്ക് നിയന്ത്രണം ഏർപ്പെടുത്തുകയാണ്. ഇതൊക്കെ നിയന്ത്രിക്കുന്നതിനും തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും തൊഴിൽ വകുപ്പിന് ബാധ്യതയില്ലേ; തൊഴിലാളികളുടെ ക്ഷേമം

ഉറപ്പുവരുത്താൻ ആവശ്യമായിട്ടുള്ള എന്ത് മെക്കാനിസമാണ് നമ്മുടെ മുമ്പിലുള്ളത്? അതുകൊണ്ടാണ് നമ്മുടെ ഗവൺമെന്റ് പരാജയപ്പെടുന്നു, തൊഴിൽവകുപ്പും ഉദ്യോഗസ്ഥന്മാരും ശ്രീ. നരേന്ദ്രമോഡിയുടെ നിലപാടിലേക്ക് പോകുന്നു എന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. പബ്ലിക് സെക്ടർ ബാങ്കായ കാനറാ ബാങ്കിലേയ്ക്ക് ആളുകളെ നിയമിക്കുന്നതിനായി കഴിഞ്ഞ ജൂലൈ മാസം നാലാം തീയതി ഒരു പത്രപരസ്യം വന്നു. അവരുടെ ചോദ്യാവലിയിൽ ഉദ്യോഗാർത്ഥി ഗർഭിണിയാണോ എന്നൊരു ചോദ്യമുണ്ട്. ഗർഭിണിയാണെങ്കിൽ പ്രസവാനന്തരം മൂന്നു മാസം കഴിഞ്ഞിട്ടുമാത്രമേ നിയമിക്കുകയുള്ളൂ. എന്തൊരു തൊഴിലാളി വിരുദ്ധ സമീപനമാണിത്?

<u>ശ്രീമതി കെ. എസ് സലീഖ</u> : സ്റ്റേറ്റ് ബാങ്കും ഇതുപോലൊരു നിബന്ധന വച്ചത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എം. ഹംസ</u> : സർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ഭാഗത്തു നിന്ന് ഇത്തരമൊരു നിലപാടുണ്ടായപ്പോൾ ശക്തമായ പ്രതിഷേധം വന്നതിനെത്തുടർന്ന് അവർ തിരുത്തി. ഇങ്ങനെ തൊഴിൽ രംഗത്തുപോലും കണ്ടീഷൻ വയ്ക്കുകയാണ്. ജീവശാസ്ത്രപരമായി സ്ത്രീകൾക്ക് ചില പ്രത്യേകതകളുണ്ട്. അവപോലും ചോദ്യം ചെയ്യപ്പെടുകയാണ്, അതിന് ഉത്തരം കൊടുത്തതിനുശേഷം മാത്രമാണ് അവരെ

നിയമിക്കുന്നത്. തൊഴിലാളികളുടെ സംരക്ഷണത്തിനുവേണ്ടി നിയമങ്ങളുള്ള ഇൻഡ്യാരാജ്യത്ത്, (ബ്രിട്ടീഷുകാരുടെ ഭരണകാലത്ത് നടപ്പിലാക്കിയ തൊഴിൽ നിയമങ്ങളാണ്) അത് നടപ്പിലാക്കാൻ നാഷണലൈസ്ഡ് ബാങ്കുകൾ പോലും തയ്യാറാകാതെ വരുന്ന കാലഘട്ടമാണിത്. തൊഴിലാളികളുടെ അവകാശം സംരക്ഷിക്കാൻ നമുക്ക് കഴിയണം. അതിനുവേണ്ടിയുള്ള ശ്രമങ്ങളുണ്ടാകണം.

<u>ശ്രീമതി പി. അയിഷാപോറ്റി</u> : സർ, ഇവിടെ താങ്കൾ സംസാരിച്ചപ്പോൾ പരാമർശിച്ചതും ശ്രീമതി കെ. എസ്. സലീഖ ചോദിച്ചതുമായ കാര്യം തന്നെയാണ് ഞാനും ചൂണ്ടിക്കാണിക്കുന്നത്. പല സ്ഥാപനങ്ങളുടെയും അപേക്ഷാ ഫോമുകളിൽ ഉദ്യോഗാർത്ഥികളുടെ സ്വകാര്യതയിൽ പോലും കടന്നുകയറുന്ന തരത്തിലുള്ള ചോദ്യങ്ങൾവരെ അവർ ചോദിക്കുന്നുണ്ട്. അതുപോലെതന്നെ മറ്റൊരുകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ബാങ്കുകളിലും സ്വകാര്യകമ്പനികളിലുമെല്ലാം വർക്ക് ചെയ്യുന്നവർക്ക് എട്ടു മണിക്കൂർ ജോലിയെന്ന പൊതുവായ സമയനിഷ്ഠയില്ലാതെ പാതിരാത്രിവരെ വർക്ക് ചെയ്യേണ്ട സ്ഥിതിയാണുള്ളത്. ഇതിന് എന്തെങ്കിലും ഒരു റെഗുലേഷൻ ഉണ്ടാക്കാൻ നടപടി ഉണ്ടാകേണ്ടതല്ലേ; മറ്റെല്ലാ സ്ഥാപനങ്ങളിലും രാവിലെ 10 മണിക്ക് ജോലിക്ക് കയറിയാൽ അഞ്ച് മണിക്ക് തിരികെ പോകാവുന്നതാണ്. പക്ഷെ, ഇത്തരം ബാങ്കുകളും കമ്പനികളും

ജോലി സമയത്തിന്റെ കാര്യത്തിൽ യാതൊരു നിയന്ത്രണവുമില്ലാതെ ജ്യൂസ് ഊറ്റുന്നതുപോലെ തൊഴിലാളികളെ പിഴിയുകയാണെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. ഹംസ : സർ, അതുതന്നെയാണ് ഞാൻ പറഞ്ഞത്. ഇൻഫോ പാർക്ക്, ടെക്നോപാർക്ക് തുടങ്ങിയ ഹൈടെക് സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ഉന്നതവിദ്യാഭ്യാസ യോഗ്യതയുള്ള തൊഴിലാളികളെയാണ് ഏറ്റവും കൂടുതൽ ചൂഷണം ചെയ്യുന്നത്. അവിടേയ്ക്ക് മറ്റാർക്കും പ്രവേശനമില്ല. അവിടത്തെ ജീവനക്കാർ മാനസിക സംഘർഷം കാരണം പലപ്പോഴും വിവാഹബന്ധം വേർപ്പെടുത്തുകയാണ്, ചിലപ്പോൾ ജോലി ഉപേക്ഷിക്കുകയാണ്, അല്ലെങ്കിൽ ജീവിതംതന്നെ നശിപ്പിച്ച അവസ്ഥയിലേക്ക് പോകുകയാണ്. ഈ അവസ്ഥയാണ് നിയമസഭയിൽ ചർച്ച ചെയ്യേണ്ടത്. അതിന് നേതൃത്വം കൊടുക്കേണ്ടത് ഞങ്ങളുടെ പ്രിയപ്പെട്ട നേതാവ് സഖാവ് ബേബി ജോണിന്റെ മകൻ ശ്രീ. ഷിബു ബേബി ജോണാണ്. അങ്ങേയ്ക്ക് ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിനൊപ്പമിരുന്ന് അത് ചെയ്യാൻ സാധിക്കില്ല എന്നറിയാം. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റല്ലാത്തതുകൊണ്ട് അങ്ങേയ്ക്കത് കഴിയില്ല. പക്ഷെ, സഖാവ് ബേബി ജോണിന്റെ മകനാണ് അങ്ങ് എന്നത് തീർച്ചയായും ഓർത്തുകൊണ്ട് ഇക്കാര്യത്തിൽ

ഇടപെടാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഇവിടെയിപ്പോൾ ആശാ വർക്കേഴ്സിന്റെ (Acredited Social Health Activists) സമരം നടന്നുകൊണ്ടിരിക്കുകയാണ്. 31,549 ആശാ വർക്കർമാരുണ്ട്. ബഹുമാനപ്പെട്ട കെ.എം. മാണി സാർ സഭയിലുണ്ടായത് നന്നായി. അദ്ദേഹം ബഡ്ജറ്റിൽ പ്രസംഗിച്ചത് 1.000 രൂപ കൊടുക്കുമെന്നാണ്. മാണി സാർ പ്രഖ്യാപിച്ച ആയിരം രൂപ പോയിട്ട് മുമ്പ് കിട്ടിക്കൊണ്ടിരുന്ന 500 രൂപപോലും കിട്ടുന്നില്ല. ബഹുമാനപ്പെട്ട മാണി സാർ പ്രതികരിക്കുന്നതേയില്ല. ഇക്കാര്യത്തിൽ തൊഴിൽ വകുപ്പിന് ഇടപെടാൻ കഴിയണം. ഇത് തൊഴിൽ വകുപ്പിന്റെ കീഴിൽ വരുന്നതല്ല എന്നുപറഞ്ഞ് മാറി നിൽക്കരുത്. എല്ലാ മേഖലയിലെയും തൊഴിലാളികളുടെ പ്രശ്നങ്ങളിൽ ഇടപെടാനുള്ള അധികാരം തൊഴിൽ വകുപ്പുമന്ത്രിക്ക് കിട്ടണം. അപ്പോഴാണ് തൊഴിലാളിക്ഷേമം ശരിയായ രീതിയിൽ നടപ്പിലാക്കാൻ കഴിയുന്നത്. ആശാ വർക്കേഴ്സ് നിരന്തരം സമരം നടത്തുകയാണ്. 16 രൂപ 66 പൈസയാണ് കേരളത്തിലെ ആശാ വർക്കേഴ്സിന് ഒരുദിവസത്തെ വേതനമായി ലഭിക്കുന്നത്. ഇപ്പോഴത് പ്രതിമാസം 1,000 രൂപ എന്ന് പ്രഖ്യാപിച്ചു, അതെങ്കിലും കൊടുക്കുന്നതിൽ ഇടപെടാൻ നമുക്ക് കഴിയുന്നില്ല.

മറ്റൊരുകാര്യം പറയാനുള്ളത്, Shops and Establishment Act -ൽ മിനിമം കൂലി 6,400 രൂപ മുതൽ 6,800 രൂപ വരെയാണ്. അത് പുതുക്കാൻ തീരുമാനിച്ചിരുന്നു. അതിന്റെ റിപ്പോർട്ട് വന്നോയെന്ന് എനിക്കറിയില്ല. മിനിമം വേജസ് പുതുക്കിയതിന്റെ കണക്ക് നിയമസഭാ ചോദ്യത്തിലൂടെ ലഭിച്ചിരുന്നു. 74 മേഖലകളിൽ മിനിമം വേജസ് തീരുമാനിച്ചു. 2009-ൽ തീരുമാനിച്ച 14 മേഖലകളിൽ ഇതുവരെ വേജസ് പുതുക്കി നൽകിയിട്ടില്ല. മിനിമം വേജസ് കൃത്യമായും സമയബന്ധിതമായും പുതുക്കാൻ സംവിധാനം വേണം. അതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തണം.

മറ്റൊന്ന് അംഗൻവാടികളുടെ കാര്യമാണ്. അംഗൻവാടി ജീവനക്കാർക്ക് പെൻഷൻ കൊടുക്കാമെന്ന് പ്രഖ്യാപിച്ചില്ലേ; ഇതുവരെ കൊടുത്തിട്ടില്ല. ഇതും തൊഴിൽ വകുപ്പിന്റെ കീഴിൽ വരുന്നതല്ല എന്നെനിക്കറിയാം. പക്ഷെ അവരും തൊഴിലാളികളാണല്ലോ; അംഗൻവാടി വർക്കേഴ്സിനും ഹെൽപ്പേഴ്സിനും പഞ്ചായത്ത് കൊടുക്കുന്ന ഇൻസെന്റീവ് കുടിശ്ശികയാണ്. ഇക്കാര്യത്തിൽ തൊഴിൽ വകുപ്പിന് ഇടപെടാനുള്ള അധികാരമില്ല. മാണി സാർ ഇടപെടുന്നില്ല, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടുന്നില്ല. പിന്നെ ആരാണ് ഇടപെടേണ്ടത്? അംഗൻവാടി വർക്കേഴ്സിന് 5,033 രൂപയും ഹെൽപ്പേഴ്സിന് 3,000 രൂപയുമാണ് ഓണറേറിയമായി

നൽകുന്നത്. എല്ലാ ഗർഭിണികൾക്കും 10 മാസംകൊണ്ട് 6,000 രൂപ കൊടുക്കുന്ന ഐ.ജി.എം.എസ്.വൈ. പദ്ധതി ഇവരാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അതിനുകിട്ടേണ്ട ആനുകൂല്യം അവർക്ക് കിട്ടുന്നില്ല. ഒരു കുട്ടിക്ക് ആവശ്യമായിവരുന്ന വിറകിനും പച്ചക്കറിക്കുംവേണ്ടി ഒരു രൂപയാണ് അംഗൻവാടി വർക്കേഴ്സിനും ഹെൽപ്പേഴ്സിനും കൊടുക്കുന്നത്. ഒരു രൂപകൊണ്ട് എങ്ങനെയാണ് വിറകും പച്ചക്കറിയും വാങ്ങാൻ കഴിയുന്നത്? ഇതാണ് അംഗൻവാടി ജീവനക്കാരുടെ പ്രശ്നം.

അതുപോലെതന്നെ പ്രധാനപ്പെട്ടതാണ് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ കീഴിലുള്ള ചുമട്ടുതൊഴിലാളി ക്ഷേമനിധിയുടെ കാര്യവും. ചുമട്ടുതൊഴിലാളി ക്ഷേമനിധിയുടെ സംസ്ഥാനതല ചെയർമാൻമാർ പൊതുപ്രവർത്തകരാണ്. ജില്ലാ തലത്തിലുള്ള ചെയർമാൻമാർ ഉദ്യോഗസ്ഥരാണ്. ജില്ലാതലത്തിലുള്ള ചെയർമാൻമാർ ഉദ്യോഗസ്ഥരാകുമ്പോൾ അവർക്ക് ശമ്പളം നൽകണം. ഗവൺമെന്റ് നോമിനേറ്റ് ചെയ്യുന്ന ഒരു പൊതുപ്രവർത്തകനെ ചെയർമാനായി നിയമിച്ചാൽ ഈ ഇനത്തിൽ വലിയൊരുതുക ലാഭിക്കാം. ഒരു ഗസറ്റഡ് ഓഫീസർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിനായി ഒരു മാസം 75,000 രൂപ മുതൽ 1,00,000 രൂപ വരെ ചെലവ് വന്നേയ്ക്കാം. ഒരു പൊതുപ്രവർത്തകനെ നിയമിക്കുകയാണെങ്കിൽ നമുക്ക് ആ ചെലവ് കുറയ്ക്കാൻ

കഴിയും. ഉദ്യോഗസ്ഥർക്ക് ശമ്പളം കൊടുക്കാൻ വേണ്ടിയുള്ള ഒന്നാക്കി ക്ഷേമനിധിയെ മാറ്റാൻ പാടില്ല. ആ പണം തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനുവേണ്ടി ഉപയോഗപ്പെടുത്തണം. ചുമട്ടുതൊഴിലാളിക്ഷേമനിധിയിലേയ്ക്കുള്ള ഗവൺമെന്റ് വിഹിതം അടയ്ക്കുന്നില്ല, ചുമട്ടുതൊഴിലാളി പെൻഷൻ കാലോചിതമായി പരിഷ്കരിക്കുന്നില്ല. ഇന്നും നാമമാത്രമായ തുകയാണ് പെൻഷൻ ഇനത്തിൽ ചുമട്ടുതൊഴിലാളികൾക്ക് ലഭിക്കുന്നത്. പെൻഷൻ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള തീരുമാനമെടുക്കണം.

മറ്റൊരു പ്രധാന പ്രശ്നമാണ് വിദ്യാഭ്യാസ വായ്പയെടുത്തവരുടെ കാര്യം. എവിടെയാണ് ഇതിനെക്കുറിച്ച് പറയേണ്ടത്; കേരളത്തിന്റെ ചരിത്രത്തിൽ.......

<u>ശ്രീ. പുരുഷൻ കടലുണ്ടി</u>: സർ, കലാകാരന്മാരുടെ പെൻഷൻ നൽകിയിട്ട് കുറെക്കാലമായി. സിനിമാക്കാരുടെ പെൻഷൻപോലും കൊടുക്കുന്നില്ല. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>ശ്രീ. എം. ഹംസ</u>: സർ, ഒരു പെൻഷനും കിട്ടുന്നില്ലായെന്നുള്ളതാണ് സത്യം. ഏറ്റവും കൂടുതൽ വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ളത് കേരളത്തിലെ ആളുകളാണ്. നഴ്സിംഗ്, എം.ബി.ബി.എസ്., ബി.ടെക്, തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾ പഠിക്കാൻ വായ്പ എടുത്തിട്ടുള്ള ധാരാളം ആളുകളുണ്ട്. മകളെ നഴ്സിംഗ് കോഴ്സിന്

ചേർക്കാനെടുത്ത ലോൺ തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതിന്റെ പേരിൽ കോഴിക്കോട്, നാദാപുരത്ത് 82 വയസ്സുള്ള ശ്രീ. ജോസഫ് ഇപ്പോൾ കണ്ണൂർ സെൻട്രൽ ജയിലിലാണ്. മകൾക്ക് ജോലി ആയില്ല. മകളെ വിവാഹം ചെയ്തുകൊടുത്തു. വിദ്യാഭ്യാസ വായ്പ തിരിച്ചടയ്ക്കാൻ കഴിയാത്തതിനെത്തുടർന്ന് ജയിലിൽ കഴിയുന്ന 82 വയസ്സുകാരന്റെ സ്ഥിതിയെക്കുറിച്ച് കഴിഞ്ഞ ദിവസം പത്രത്തിൽ വാർത്ത വന്നിരുന്നു. ഇത്തരത്തിലുള്ള പ്രശ്നങ്ങളെ അഡ്രസ് ചെയ്യാൻ…..........

മി. ചെയർമാൻ: ശ്രീ. എം. ഹംസ 20 മിനിട്ടായി. ഈ ബില്ലിൽ പ്രസംഗിക്കാൻ അവസരം കിട്ടിയപ്പോൾ ഞാൻ 10 മിനിട്ടുകൊണ്ട് പ്രസംഗം അവസാനിപ്പിച്ചു.

ശ്രീ. എം. ഹംസ: അതൊരു ചരിത്ര സംഭവമായിരിക്കും. അങ്ങ് അപ്പുറത്തിരിക്കുമ്പോൾ അങ്ങനെ ചുരുക്കാറില്ല. ചുരുക്കിയത് നന്നായി.

ശ്രീമതി കെ. കെ. ലതിക: സർ, ശ്രീ. ജോസഫ് ഇപ്പോൾ ജയിലിൽ അല്ല ഉള്ളത്. സി.പി.ഐ (എം) പണം പിരിച്ച് ബാങ്കിൽ അടയ്ക്കാനുള്ള തുക അടച്ച് ജോസഫിനെ ജയിലിൽനിന്നും ഇറക്കിയിട്ടുണ്ട്.

ശ്രീ. എം. ഹംസ: സർ, അതൊരു നല്ല വാർത്തയാണ്. സി.പി.ഐ (എം)

പണം പിരിച്ചുകൊടുത്ത് ജയിലിൽ കിടന്ന ജോസഫിനെ ജയിലിൽ നിന്നും ഇറക്കിയതും കേരളത്തിന്റെ ചരിത്രത്തിലുണ്ട്. അതും നിയമസഭയുടെ രേഖകളിൽ ഉണ്ടാകണം. അങ്ങനെയുള്ള അവസ്ഥയിലേയ്ക്ക് കേരളം എത്തുകയാണ്. സ്ത്രീ വിരുദ്ധമായ, തൊഴിലാളി വിരുദ്ധമായ സമീപനങ്ങളിൽനിന്നും വ്യത്യസ്തമായി തൊഴിലാളികൾക്കനുകൂലമായിട്ടുള്ള നിയമനിർമ്മാണത്തിനുവേണ്ടി ഈ നിയമസഭയെ ഉപയോഗിക്കണം. ആ അർത്ഥത്തിൽ ഈ ബില്ല് പൂർണ്ണമല്ല എന്നുള്ളതുകൊണ്ടാണ് ഞങ്ങൾ വിയോജിപ്പ് പ്രകടിപ്പിക്കുന്നത്. ഇനിയും കുറെ കാര്യങ്ങൾ പറയാനുണ്ട്. അത് പിന്നീട് പറയാം എന്നറിയിച്ചുകൊണ്ട് ബഹുമാനപ്പെട്ട ചെയറിന്റെ അഭ്യർത്ഥന മാനിച്ച് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ:</u> സർ, ഞാൻ എന്റെ വിയോജനക്കുറിപ്പ് അവതരിപ്പിക്കുന്നു. വിയോജനം രേഖപ്പെടുത്തി രണ്ട് ബഹുമാന്യ മെമ്പർമാർ ഇവിടെ അവതരിപ്പിച്ച എല്ലാ പ്രശ്നങ്ങളേയും ഞാൻ പിന്താങ്ങുന്നു. നമ്മുടെ തൊഴിൽ മേഖല ഒരു നിരീക്ഷണത്തിന് വിധേയമാക്കിയാൽ എല്ലാ മേഖലയിലും മുൻകാലങ്ങളെക്കാൾ കൂടുതലായി തൊഴിലാളികൾ ചൂഷണം ചെയ്യപ്പെടുകയോ

വഞ്ചിക്കപ്പെടുകയോ ചെയ്യുന്നതായി കാണാൻ കഴിയും. അങ്ങനെ വഞ്ചിക്കപ്പെടുന്നവരിൽ ഏറ്റവും കൂടുതൽ സ്ത്രീകളാണ്. ഷോപ്പുകളിൽ ജോലി ചെയ്യുന്നവരിൽ അധികംപേരും സ്ത്രീകളാണ്. ആശാ വർക്കർമാരും അംഗൻവാടി വർക്കർമാരും നഴ്സുമാരും സ്ത്രീകളാണ്. പരിഷ്കൃത സ്കൂളുകൾ എന്നുവിശേഷിപ്പിക്കുന്ന അൺ-എയ്ഡഡ് സ്കൂളുകളിലെ ടീച്ചർമാരിൽ കൂടുതലും സ്ത്രീകളാണ്. ഇവരെല്ലാം ചൂഷണത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഷോപ്പിൽ ജോലി ചെയ്യുന്നവരുടെ സുരക്ഷയ്ക്കുവേണ്ടിയുള്ള ഒരു ബില്ലാണ് നമ്മൾ ഇവിടെ ഭേദഗതിയായി അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്. അവർക്കിപ്പോൾ കിട്ടുന്നത് 2,500 രൂപ മുതൽ മാക്സിമം 5,000 രൂപവരെയാണ്. എന്നുപറഞ്ഞാൽ ഒരു ദിവസം 100 രൂപ മുതൽ 200 രൂപ വരെയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇന്ന് മാർക്കറ്റിൽപോയി ഒരു അയല വാങ്ങിയാൽ 60 രൂപ വിലകൊടുക്കണം. തൊഴിലാളികളെ വലിയ രീതിയിൽ തൊഴിലുടമകൾ ചൂഷണം ചെയ്യുകയാണ്. ഇപ്പോൾ വന്നിട്ടുള്ള പുതിയ പ്രവണത, പല സ്ഥലങ്ങളിലും ഉടമസ്ഥർ നേരിട്ടല്ല തൊഴിലാളികളെ നിശ്ചയിക്കുന്നത്. പ്രത്യേകിച്ചും 25 -നും 50-നും ഇടയിൽ വരുന്ന തൊഴിലാളികൾ ജോലി ചെയ്യുന്ന പ്രദേശങ്ങളിൽ. അവിടെ കരാർ ജോലിക്കാരായാണ് വരുന്നത്. കഞ്ചിക്കോട്ടെ ഇരുമ്പുരുക്ക് വ്യവസായ മേഖലയിലെ പ്രശ്നം ഇന്നുരാവിലെ നമ്മൾ

ചർച്ച ചെയ്തതാണ്. ആരാണ് ശമ്പളം കൊടുക്കുന്നതെന്ന് അവിടത്തെ തൊഴിലാളികൾക്ക് അറിയില്ല. ഉടമസ്ഥർ പറയുന്നത് വ്യവസ്ഥയനുസരിച്ചുള്ള ശമ്പളം കൊടുക്കുന്നുണ്ട് എന്നാണ്. പക്ഷെ ഇടനിലക്കാരൻ തൊഴിലാളികളുടെ പേരിൽ കണക്കെഴുതി ശമ്പളം വാങ്ങുകയും അവരെ ചൂഷണം ചെയ്യുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള ചൂഷണങ്ങൾ അവസാനിപ്പിക്കാൻ ഏതെങ്കിലും തരത്തിലുള്ള ഇടപെടൽ നടത്താൻ നമ്മുടെ ഗവൺമെന്റുകൾക്ക് കഴിയുന്നുണ്ടോ?

കഴിഞ്ഞ 25 വർഷക്കാലത്തെ കേരളചരിത്രമെടുത്ത് പരിശോധിച്ചുനോക്കിയാൽ , ഏത് മുന്നണി സംസ്ഥാനം ഭരിച്ചാലും തൊഴിൽമേഖലയിൽ ഭരണകൂടങ്ങളുടെ ഇടപെടലുകൾ വളരെ ശക്തമായി നടത്തിയിരുന്നു. ഇന്ന് തൊഴിൽ മേഖലയിലെ പ്രശ്നങ്ങൾ ഭരണകൂടം കാണുന്നുണ്ടോ? അങ്ങയുടെ ഒരു അനുഭവം തന്നെ ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാം. ഈ സർക്കാർ അധികാരത്തിൽ വന്ന ആദ്യ വർഷം സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ വലിയ സമരം നടത്തി. ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി ഇക്കാര്യത്തിൽ ഇടപെടുകയും ചെയ്തു. അക്കാര്യത്തിൽ ഞാൻ അങ്ങയെ അഭിനന്ദിക്കുകയും ചെയ്യുന്നു. ആ സമരം എവിടെ എത്തി; എങ്ങനെ അവസാനിപ്പിക്കാൻ കഴിഞ്ഞു; പിന്നീട്

തുടർനടപടികളുണ്ടായോ? ഇതിൽനിന്ന് മനസ്സിലാക്കാവുന്നത് ആ മേഖലയിലൊന്നും തൊടാൻ ഇന്നത്തെ ഭരണകൂടത്തിന് കഴിയുന്നില്ല എന്നുള്ളതാണ്. എന്തുകൊണ്ടാണ് ഭരണകൂടങ്ങൾ ഇങ്ങനെ അശക്തരായി മാറുന്നത്? അത് നമ്മുടെ തൊഴിൽ മേഖലയിലും വ്യാവസായിക-സാമൂഹിക മേഖലയിലും വന്നിട്ടുള്ള പുത്തൻ പരിഷ്കാരങ്ങളുടെ ഫലമായി സംഭവിച്ചിട്ടുള്ള ഒരു മാറ്റമാണ്. ആ മാറ്റത്തിന്റെ ഫലമായി തൊഴിലാളികളുടെ ശേഷി കുറയുകയും തൊഴിലാളികൾക്കുവേണ്ടി സംസാരിക്കാനുള്ള ആഭിമുഖ്യത്തിൽനിന്ന് ഭരണകൂടങ്ങൾ പിൻവാങ്ങുകയും ചെയ്യുന്നതുകൊണ്ട് നമ്മുടെ രാജ്യത്തെ തൊഴിലാളികൾ വഞ്ചിക്കപ്പെടുകയാണ്, ഈ തൊഴിലാളികളെല്ലാം അവരിൽപ്പെട്ടവരാണ്. അവരെ രക്ഷിക്കാൻ ഉദ്യോഗസ്ഥന്മാരാണ് ഫലപ്രദമായി പ്രവർത്തിക്കേണ്ടത്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിതന്നെ രാവിലെ ഇവിടെ സമ്മതിച്ചതാണ്.

<u>ശ്രീമതി കെ. കെ. ലതിക</u>: സർ, കടകളിൽ ജോലി ചെയ്യുന്ന പെൺകുട്ടികളുടെ പ്രശ്നം കൂലിയുടെ കാര്യത്തിൽ മാത്രമല്ല അവർ രാവിലെ ആറുമണിക്ക് ജോലിയിൽ പ്രവേശിച്ചാൽ രാത്രി 7 മണിക്ക് തിരിച്ചുവരുന്നതുവരെ മുഴുവൻ സമയവും നിൽക്കുകയാണ്, ഇരിക്കാനുള്ള സംവിധാനമില്ല. കടകളിൽ നിന്നാണ് ജോലി ചെയ്യുന്നത്. ബാത്ത് റൂമിൽ പോകാനുള്ള സമയംപോലും അവർക്ക് ലഭിക്കുന്നില്ല.

ഒരു തൊഴിൽനിയമവും ഇവർക്കാർക്കും ബാധകമല്ല എന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത് നൂറ് ശതമാനവും ശരിയാണ്. കടകളിൽ ജോലിചെയ്യുന്ന പെൺകുട്ടികൾക്ക് ഒരു സമയനിഷ്ഠയില്ല, ഭക്ഷണം കഴിക്കാൻ പോലും സമയമില്ല, ഇന്റർവെല്ലുമില്ല. പരിഷ്കൃതം എന്ന് വിശേഷിപ്പിക്കപ്പെടുന്ന കടകളിൽ നടക്കുന്ന കാര്യമാണ് ഇവിടെ ചൂണ്ടികാണിച്ചിട്ടുള്ളത്. കേരളത്തിൽ ഇങ്ങനെയൊക്കെ നടക്കുന്നുവെന്നുള്ളത് വാസ്തവമാണ്. കഞ്ചിക്കോട് ഇരുമ്പുരുക്ക് വ്യവസായ മേഖലയിലെ അവസ്ഥ നമ്മൾ കണ്ടതാണല്ലോ? ഇത്തരം കാര്യങ്ങളിൽ നമ്മുടെ ഇടപെടൽ ശേഷി ഓരോ വർഷം കഴിയുമ്പോഴും കുറഞ്ഞ് വരുന്നത് എന്തുകൊണ്ടാണ്; അതിനെക്കുറിച്ചാണ് നമ്മൾ ആലോചിക്കേണ്ടത്. ആ കുറവ് പരിഹരിക്കുന്നതിന് തൊഴിൽവകുപ്പ് സജ്ജമല്ലെന്നാണ് എന്റെ നിരീക്ഷണം. തൊഴിൽ വകുപ്പിൽ വേണ്ടത്ര ഉദ്യോഗസ്ഥന്മാരില്ല, പരിശോധന നടക്കുന്നില്ല. പരിശോധന നടത്തിയെന്ന് വ്യാജ റിപ്പോർട്ടുകളാണ് നമുക്ക് കിട്ടുന്നത്. ഇതൊക്കെ നമ്മുടെ അനുഭവമല്ലേ? ഇങ്ങനെയൊരു സാഹചര്യം ഒഴിവാക്കണമെങ്കിൽ ഫലപ്രദമായി ഇടപെടാൻ കഴിയുന്ന സുശക്തമായൊരു സംവിധാനമായി തൊഴിൽവകുപ്പിനെ

മാറ്റിയെടുക്കേണ്ടതുണ്ട്. ഇപ്പോൾ തൊഴിലാളികളെ മൂന്ന് വിഭാഗമായി തിരിച്ചിട്ടുണ്ട്. അത് അംഗീകരിച്ചാലും നമ്മുടെ ഇപ്പോഴത്തെ ഉദ്യോഗസ്ഥ സംവിധാനംവച്ച് ഇത് ഇൻസിസ്റ്റ് ചെയ്യാൻ കഴിയുമോയെന്നുള്ള ആശങ്കയുണ്ട്. അതുകൊണ്ട്, ഇന്ത്യയിലെ പുതിയ സാമ്പത്തിക, രാഷ്ട്രീയ സാഹചര്യത്തിൽ ഭരണകൂടങ്ങൾ അവരുടെ കടമകൾ നിർവ്വഹിക്കുന്നതിനുപകരം അവരുടെ ഉത്തരവാദിത്വമെല്ലാം കോർപ്പറേറ്റുകൾക്ക്, വൻകിട വ്യവസായ ഭീമന്മാർക്ക് അടിയറവയ്ക്കുകയാണ്. അതിന്റെ ഫലമായി ഭരണകൂടശക്തികൾ അപ്രസക്തമാകുകയും കോർപ്പറേറ്റ് മൂലധനശക്തികൾ പ്രസക്തമാകുകയും ചെയ്യുന്ന കാലഘട്ടത്തിന്റെ ദുര്യോഗമാണ് ഈ മേഖലയിലെ തൊഴിലാളികൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. അതിനെതിരെ പടപൊരുതാൻ കഴിയണമെങ്കിൽ, ശ്രീ. എം. ഹംസ ചൂണ്ടിക്കാണിച്ചതുപോലെ, കേരളമെങ്കിലും അക്കാര്യത്തിൽ ഒരു മാതൃക കാണിക്കാൻ കഴിയുന്ന വിധത്തിൽ ഉണർന്ന് പ്രവർത്തിക്കേണ്ടതിന്റെ അനിവാര്യതയാണ് വർത്തമാനകാലഘട്ടം നമ്മെ ഓർമ്മിപ്പിക്കുന്നത്. അത്തരം അനിവാര്യതകളോട് ഈ ഭേദഗതിയോ ബില്ലോ ഒരു തരത്തിലും നീതി പുലർത്തുന്നില്ല എന്നുമാത്രം ചൂണ്ടിക്കാണിച്ചുകൊണ്ട് എന്റെ ഈ വിയോജനക്കുറിച്ച് ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വർക്കല കഹാർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇവിടെ പ്രസംഗിച്ച ബഹുമാനപ്പെട്ട മെമ്പർമാരിൽ പലരും ഈ ബില്ലിന്റെ അമെന്റ്മെന്റിനെ കുറിച്ചൊന്നുമല്ല സംസാരിച്ചത്. അവർ ബില്ലിനെക്കുറിച്ചൊന്നും പറഞ്ഞില്ലെന്നാണ് എനിക്ക് തോന്നുന്നത്. ഈ ബില്ലുമായി ബന്ധപ്പെട്ട് സംസാരിച്ചത് ശ്രീ. പി. കെ. ഗുരുദാസൻ മാത്രമാണ്. തൊഴിലാളികളെ മൂന്നായി തരം തിരിക്കുന്നത് ശരിയല്ലെന്ന് അദ്ദേഹം പറഞ്ഞു. എന്താണ് അതിനുള്ള കാരണമെന്തെന്ന് അദ്ദേഹം പറഞ്ഞില്ല. ബഹുമാനപ്പെട്ട മെമ്പറിനുംകൂടി അറിയാവുന്ന ഒരു കാര്യമുണ്ട്. നമ്മുടെ നാട്ടിലെ ചുമട്ടുതൊഴിലാളികളിൽത്തന്നെ അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളുണ്ട്. ഏകദേശം അവരും ഈ സ്വഭാവത്തിൽ വരുന്നവരാണ്. കടകളിലും സ്വകാര്യ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന സ്കാറ്റേർഡ് വർക്കേഴ്സിനെത്തന്നെ മൂന്ന് സ്ലാബായി തിരിച്ചിട്ടുണ്ട്. അത് നിങ്ങളും ഞങ്ങളുംകൂടി ആലോചിച്ച് ചെയ്തതാണ്. അതുപോലെ നമ്മുടെ നാട്ടിലെ സ്ഥാപനങ്ങളെല്ലാം ഒരേ സ്വഭാവത്തിലുള്ളതാണോ; വലിയ സ്ഥാപനങ്ങളും ചെറിയ സ്ഥാപനങ്ങളുമുണ്ട്. 5

തൊഴിലാളികൾ മാത്രം പണിയെടുക്കുന്ന ചെറിയ സ്ഥാപനങ്ങളും ഉണ്ടാകും. 50 തൊഴിലാളികളിൽ കൂടുതലുണ്ടെങ്കിൽ ഹോസ്റ്റൽ സൗകര്യമേർപ്പെടുത്തണമെന്ന് ഈ ബില്ലിൽ പറയുന്നുണ്ട്. അത് മോശമായ കാര്യമാണോ? പല തൊഴിലാളികളുടെയും ജീവിതസാഹചര്യങ്ങൾ വളരെ മോശമാണെന്നും അവർ നേരിടുന്ന പ്രശ്നങ്ങൾ വളരെ വലുതാണെന്നും നിങ്ങൾതന്നെ പറയുന്നുണ്ടല്ലോ?

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u>: സർ, ഹോസ്റ്റൽ സൗകര്യങ്ങൾ അടക്കമുള്ള കാര്യങ്ങൾ കൊടുക്കണമെന്നുള്ളത് ശരിയായൊരു തീരുമാനമാണ്. അത് നിയമപരമായി നടപ്പിലാക്കേണ്ടതുമാണ്. എന്നാൽ 50 എന്ന് പറയുമ്പോൾ ഒരു വലിയ സംഖ്യയാണ്. സ്വാഭാവികമായും കേരളത്തിലെ ഈ രംഗത്ത് ജോലിയെടുക്കുന്ന മഹാഭൂരിപക്ഷം വരുന്ന തൊഴിലാളികൾക്കും ഇതിന്റെ ആനുകൂല്യങ്ങൾ ലഭിക്കാതെപോകും. അതുകൊണ്ട്, അഞ്ചോ-ആറോ തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥലങ്ങളിലും താമസസൗകര്യം ഏർപ്പെടുത്തുന്നതിനുള്ള ഭേദഗതിയാണ് ഇതിൽ വരേണ്ടത് എന്നുള്ള അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

<u>ശ്രീ. വർക്കല കഹാർ</u>: ഈ ബില്ല് എന്നാണ് ഉണ്ടായതെന്ന് നിങ്ങൾക്കറിയാവുന്നതല്ലേ; ഈ ബിൽ ഉണ്ടായതിനുശേഷം, 1961-നുശേഷം ഈ

ബില്ലിൽ എന്തെങ്കിലും ഭേദഗതികൾ വന്നിട്ടുണ്ടോ? ഇപ്പോഴാണ് ഇതിനൊരു അമെന്റ്മെന്റ് വരുന്നത്. ഈ ബിൽ പ്രകാരം മൂന്ന കാറ്റഗറിയായി തിരിച്ചിട്ടുണ്ട് - 5 തൊഴിലാളികൾ വരെയുള്ളത്, അതിനുമുകളിലുള്ളത്, 50 പേർ മുതൽ മുകളിലേയ്ക്കുള്ളത്. യഥാർത്ഥത്തിൽ അങ്ങനെയല്ലേ വരേണ്ടത്? ഞാൻ അതിനെ സ്വാഗതം ചെയ്യുകയാണ്. യോജിക്കാവുന്ന കാര്യങ്ങളെ സംബന്ധിച്ചും വിയോജിക്കാവുന്ന കാര്യങ്ങളെ സംബന്ധിച്ചും ഇവിടെ പറയുകയുണ്ടായി. ഞങ്ങളും നിങ്ങളും യോജിക്കുന്ന ചില കാര്യങ്ങൾ ഉണ്ടല്ലോ. ഇപ്പോൾ കൊണ്ടുവരുന്ന എല്ലാ നിയമങ്ങളുടെയും കടയ്ക്കൽ കേന്ദ്ര ഗവൺമെന്റ് കത്തി വയ്ക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ, ഐ.ഡി ആക്ടിന്റെ കാര്യത്തിലും ഫാക്ടറീസ് ആക്ടിന്റെ കാര്യത്തിലും കോൺട്രാക്ട് ലേബറിന്റെ കാര്യത്തിലുമൊക്കെ തൊഴിലാളിവിരുദ്ധമായ നിലപാടെടുത്തുകൊണ്ട് കേന്ദ്ര ഗവൺമെന്റ് ഒരു പ്രത്യേക ഉദ്ദേശ്യത്തോടുകൂടി കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. ഇതൊന്നും ആർക്കും വിയോജിപ്പുള്ള കാര്യങ്ങളല്ല, അതിനെതിരെ സമരങ്ങളും പ്രക്ഷോഭങ്ങളുമായി യോജിച്ച് മുന്നോട്ടുപോകുകയും ചെയ്യും. ഇവിടെ സൂചിപ്പിച്ച മറ്റൊരുകാര്യം, പരമ്പരാഗത വ്യവസായങ്ങൾ അപകടത്തിലാണെന്നാണ്. കയർ വ്യവസായം അപകടത്തിലായത് ഇപ്പോൾ മാത്രമാണോ; ഇത് നിങ്ങളുടെ കാലംമുതൽ

ഉള്ളതല്ലോ; അന്നും ഇന്നും തമ്മിലുള്ള പ്രകടമായ വ്യത്യാസമെന്താണ്? കയർമേഖലയായാലും കശുവണ്ടി മേഖലയായാലും മറ്റേതൊരു മേഖലയായാലും നിങ്ങൾ പറയുന്നത് എൻഫോഴ്സ്മെന്റ് വിംഗിന്റെ കാര്യമാണ്. ആവശ്യത്തിനുള്ള ജീവനക്കാരില്ലാത്തതുകൊണ്ട് എൻഫോഴ്സ്മെന്റ് വിംഗിന് ശരിക്കും പ്രവർത്തിക്കാൻ കഴിയുന്നില്ലെന്നാണ് പറയുന്നത്. ഞാൻ ചോദിക്കട്ടെ, വർഷങ്ങൾക്കുമുമ്പ്, 1964-ൽ ശ്രീ. ആർ. ശങ്കറിന്റെ കാലത്തുണ്ടായ സ്റ്റാഫ് പാറ്റേണിൽ മാറ്റം വരുത്താൻ നിങ്ങൾ ശ്രമിച്ചോ; നിങ്ങൾ മൂന്നുതവണ ഭരിച്ചപ്പോഴും സ്റ്റാഫ് പാറ്റേണിൽമാറ്റം വരുത്താൻ നിങ്ങൾക്ക് കഴിഞ്ഞോ?

1961 - നുശേഷം കേരളത്തിൽ ഷോപ്പുകളുടെ എണ്ണം എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ട്; കേരളത്തിലെ ജംഗ്ഷനുകളോരോന്നും നഗരങ്ങളും പട്ടണങ്ങളുമായില്ലേ; പത്തിരട്ടി സ്ഥാപനങ്ങളും പത്തിരട്ടി ജീവനക്കാരുമുണ്ടായില്ലേ? പക്ഷേ ഇതിനെയെല്ലാം നിയന്ത്രിക്കേണ്ട ലേബർ ഡിപ്പാർട്ട്മെന്റിലെ എൻഫോഴ്സ്മെന്റ് വിംഗ് 1961-ലേത് തന്നെയല്ലേ? അതിനുമാറ്റം മാറ്റം വരുത്താൻ ഒരാളിനുമാത്രമേ സാധിച്ചിട്ടുള്ളൂ, ശ്രീ. ആര്യാടൻ മുഹമ്മദ് മന്ത്രിയായിരുന്ന കാലത്ത്. അന്ന് അദ്ദേഹം 25 പുതിയ എ.എൽ.ഒ.

മാരെ നിയമിച്ചു. എല്ലാ ജില്ലകളിലും എൻഫോഴ്സ്മെന്റിന് ഓരോ ഡി.എൽ.ഒ. മാരെയും അഡീഷണൽ ലേബർ കമ്മീഷണറെയും നിയമിച്ചു. ഇത്രയും മതിയോ? അവരാണ് കയർ മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേജസ് നൽകുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടത്. ഇവിടെ കയർ, കശുവണ്ടി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് മിനിമം വേജസ് പ്രഖ്യാപിക്കുമെങ്കിലും അത് കൊടുക്കാറില്ല, തൊഴിലുടമകൾക്കും തൊഴിലാളി പ്രവർത്തകർക്കുമെല്ലാം ഇക്കാര്യം അറിയാവുന്നതാണ്. ശ്രീ. പി. കെ. ഗുരുദാസൻ മന്ത്രിയായിരുന്ന കാലത്ത് കയർ, കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേജസ് കൃത്യമായി നൽകിയിരുന്നോ? ഞാൻ അദ്ദേഹത്തെ കുറ്റം പറയുന്നില്ല, കാരണം എൻഫോഴ്സ്മെന്റ് വിംഗ് വീക്കായിരുന്നു.

<u>ശ്രീ. പാലോട് രവി</u>: സർ, പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ തോട്ടങ്ങൾ പരിശോധിക്കാൻ പോകണമെങ്കിൽ തോട്ടം ഉടമ വണ്ടി അയച്ചുകൊടുക്കണം. പ്ലാന്റേഷൻ ഇൻസ്പെക്ടർമാർക്ക് വാഹനം നൽകുന്നില്ല, അവരുടെ ഓഫീസിൽ സ്റ്റാഫില്ല. ഇത് കഴിഞ്ഞ 60 വർഷക്കാലമായി തുടരുന്ന ദയനീയാവസ്ഥയാണ്. ഭരണപക്ഷത്തും പ്രതിപക്ഷത്തും ഉള്ളവർക്ക് ഇതറിയാവുന്നതാണ്, ശരിയല്ലേ?

ശ്രീ. വർക്കല കഹാർ: അതെ. കേരളത്തിൽ തൊഴിൽ നിയമങ്ങൾ ലംഘിക്കപ്പെടുമ്പോഴും തൊഴിലാളിയുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോഴും അത് കണ്ടുപിടിക്കാനും നടപടിയെടുക്കാനും നമുക്ക് കഴിയുന്നില്ല. എൻഫോഴ്സ്മെന്റ് വിംഗിൽ ആവശ്യത്തിന് ഉദ്യോഗസ്ഥൻമാരില്ലാത്തതാണ് കാരണം. കയർ, കശുവണ്ടി മേഖലകളിലും തോട്ടം മേഖലയിലുമൊക്കെയുള്ള പ്രശ്നങ്ങൾക്ക് കാരണം എൻഫോഴ്സ്മെന്റ് വിംഗിൽ ആവശ്യത്തിന് ഉദ്യോഗസ്ഥന്മരില്ലാത്തതാണ്. അതിന് മാറ്റം വരുത്തുന്നത് സംബന്ധിച്ച് ശ്രീ. പി. കെ. ഗുരുദാസൻ മന്ത്രിയായിരുന്നപ്പോൾ ഈ സഭയിൽ നമ്മൾ പറഞ്ഞിരുന്നു. എന്നാൽ അദ്ദേഹം ഒരു നടപടിയും സ്വീകരിച്ചില്ല. ഐ.ഡി. ആക്ടിന്റെ പരിധിയിൽ തൊഴിലാളികളെ കൊണ്ടുവരുന്ന കാര്യം, മൾട്ടിലെവൽ മാർക്കറ്റിംഗ് തൊഴിലാളികളുടെ കാര്യം എന്നിവയൊന്നും അദ്ദേഹത്തിനും ചെയ്യാൻ കഴിഞ്ഞില്ല, ഇത് ആലോചിക്കേണ്ട കാര്യമാണ്. മറ്റൊന്ന്, തൊഴിലാളികളുടെ ക്ഷേമനിധിയിലെ പണം ട്രഷറിയിൽ നിക്ഷേപിക്കുന്നു, ഇത് ആരംഭിച്ചത് നിങ്ങളല്ലേ? ഇ. കെ. നായനാർ ഗവൺമെന്റിന്റെ കാലത്ത്, അന്ന് ഞാനും ഒന്നു രണ്ട് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ചെയർമാനായിരുന്നു, ഞാൻ ക്ഷേമനിധി ബോർഡിന്റെ പണം

ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് സമ്മതിക്കാതിരുന്നതുകൊണ്ട് അന്നുണ്ടായിരുന്ന ചീഫ് എക്സിക്യൂട്ടീവിനെ വിളിച്ച് കർശനമായി വിരട്ടുകയായിരുന്നു. അന്നും പണം ട്രഷറിയിൽ നിക്ഷേപിച്ചു. എന്നൊക്കെ സംസ്ഥാന സർക്കാർ സാമ്പത്തികമായി കുഴപ്പത്തിലായിട്ടുണ്ടോ അന്നെല്ലാം ബോർഡുകളോടാവശ്യപ്പെട്ട് ട്രഷറിയിൽ പണം നിക്ഷേപിക്കുന്നു. അത് ഇന്നുമാത്രമല്ല, അന്നും അങ്ങനെതന്നെയായിരുന്നു. മറ്റൊന്ന്, ക്ഷേമനിധി ബോർഡുകളുടെ സംയോജനം - ശ്രീനിവാസൻ കമ്മിറ്റിയെ നിയമിച്ചത് നിങ്ങളുടെ ഭരണകാലത്തല്ലേ? ക്ഷേമനിധി ബോർഡുകളുടെ സംയോജനത്തെ സംബന്ധിച്ചുള്ള ആലോചനകൾ ഇപ്പോൾ നടക്കുന്നു. അതുപോലെ ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സിന്റെ മിനിമം വേജസ് ഏകദേശമായിക്കഴിഞ്ഞു. അത് നോട്ടിഫൈ ചെയ്ത് പ്രഖ്യാപിച്ചാൽ മതി. മന്ത്രി സ്വീകരിച്ച ചില നിലപാടുകളെ പ്രകീർത്തിച്ചുകൊണ്ട് ശ്രീ. എ. കെ. ശശീന്ദ്രൻ സംസാരിക്കുകയുണ്ടായി. പ്രഗത്ഭരായ പല മന്ത്രിമാരുടെയും നടപടികളെ പിന്തുടർന്ന് അദ്ദേഹം ചില കാര്യങ്ങൾ ചെയ്തു. സ്വാശ്രയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വേതനം, തൊഴിൽ സുരക്ഷിതത്വം എന്നിവ സംബന്ധിച്ച് വളരെയേറെ പ്രശ്നങ്ങളുണ്ടായിരുന്ന കാലത്ത് അതിൽ ഇടപെടാനും

കാര്യക്ഷമമായ നടപടി സ്വീകരിക്കാനും അദ്ദേഹത്തിന് കഴിഞ്ഞു എന്നത് മുമ്പുള്ള സർക്കാരിനെക്കാളും വലിയ നേട്ടമായി എല്ലാവരും കണ്ട കാര്യമാണ്. അതുപോലെ നിയമന ഉത്തരവ് നൽകണം, അസൽ സർട്ടിഫിക്കറ്റുകൾ തൊഴിലുടമ കൈവശം വയ്ക്കാൻ പാടില്ല, ജോലി പരിചയ സർട്ടിഫിക്കറ്റ് നൽകിയിരിക്കണം. ഈ രംഗത്ത് ചെയ്യേണ്ട ഒരു പ്രധാനപ്പെട്ട കാര്യം, തൊഴിലാളികളുടെ ശമ്പളം ബാങ്കുവഴി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. വ്യാപാര മേഖലയിലെ കമ്പോളങ്ങളിലെ തൊഴിലാളികൾക്ക് ശമ്പളം നൽകുന്നത് ബാങ്ക് വഴിയാണ്. ഈ രംഗത്തുള്ള തൊഴിലാളികളുടെയും ശമ്പളം ബാങ്ക് വഴിയാക്കിയാൽ ......... ഇപ്പോൾ ശമ്പളം രേഖയിലേയുള്ളൂ. ശമ്പളം കൈയിൽ കൊടുക്കുമ്പോൾ മുഴുവനും കൊടുക്കുന്നില്ല. ശമ്പളം ബാങ്ക് വഴി നൽകിയാൽ യഥാർത്ഥ ശമ്പളം തൊഴിലാളിക്ക് ലഭിക്കുന്നതാണ്. ലേബർ ഇൻസ്പെക്ടർമാർ നടത്തുന്ന പരിശോധനയിൽ നിയമലംഘനം കണ്ടെത്തിയാൽ ഓരോ നിയമലംഘനത്തിനും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പിഴ ഈടാക്കാനുള്ള അധികാരം ഇൻസ്പെക്ടർമാർക്ക് നൽകണം. പിഴ അടയ്ക്കാത്തവർക്ക് വാർഷിക ലൈസൻസ് പുതുക്കി നൽകുന്നത് നിഷേധിക്കപ്പെടണം. അതിനുവേണ്ടിയുള്ള നടപടിയുണ്ടാകണം. നിയമലംഘനം സെക്കന്റ് ക്ലാസ് മജിസ്ട്രേട്ട് മുമ്പാകെ

വിചാരണ ചെയ്യപ്പെടുന്നത് ഗുരുതരമായ കാലതാമസമുണ്ടാക്കുന്നു. അതിനുപകരം തൊഴിലാളിക്കോ ട്രേഡ് യൂണിയൻ ഭാരവാഹിക്കോ സ്വമേധയാ ഹാജരായി തങ്ങളുടെ ഭാഗം വാദിക്കാൻ കഴിയത്തക്ക വിധത്തിൽ ട്രിബ്യൂണലോ അതോറിറ്റിയോ ഉണ്ടാക്കാം. ലേബർ കമ്മീഷണർക്കുതന്നെ അധികാരം നൽകാം. ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് ആലോചിക്കണം. ഇപ്പോൾ നിയമപരമായ പിരിച്ചുവിടൽ വ്യപകമായി നടക്കുന്നുണ്ട്. പിരിച്ചുവിടലിനെതിരെ അപ്പലേറ്റ് അതോറിറ്റിയുടെ ഉത്തരവ് കർശനമായി നടപ്പിലാക്കാനാവശ്യമായ നിയമം നിർമ്മിക്കണം. എന്നാൽ പലപ്പോഴും അപ്പലേറ്റ് അതോറിറ്റിയുടെ തീരുമാനങ്ങൾ ഉടമകൾ അംഗീകരിക്കാത്ത സാഹചര്യമാണുള്ളത്. ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ജില്ലാ കമ്മിറ്റികളിൽ ഉദ്യോഗസ്ഥൻമാരെ മാറ്റണമെന്ന നിർദ്ദേശം പറഞ്ഞിരുന്നു. അങ്ങനെയാണെങ്കിൽ ആക്ട് ഭേദഗതി ചെയ്യേണ്ടി വരും. ജില്ലാ ലേബർ ഓഫീസർമാരുടെ റേഞ്ചിലുള്ള ആളുകളാണ് ഓരോ കമ്മിറ്റിയുടെയും ചെയർമാൻമാരായിരിക്കുന്നത്. അവരെ മാറ്റി രാഷ്ട്രീയ പ്രതിനിധികളെ വയ്ക്കണം, ഇപ്പോഴുള്ള ഗുരുതരമായ സാഹചര്യം ഇരുവശത്തുമുള്ള തൊഴിലാളി പ്രവർത്തകർ മനസിലാക്കണം. ഷോപ്പ്സ് ആന്റ്

കൊമേഴ്സ്യലിന്റെ ക്ഷേമനിധി ബോർഡ് നന്നായി പ്രവർത്തിക്കുന്നുണ്ട്. ശ്രീ.പി. കെ. ഗുരുദാസൻ സംസാരിച്ചപ്പോൾ അതിനെന്തോ പോരായ്മയുള്ളതായി പറയുന്നത് കേട്ടു.

അതുകൊണ്ടാണ് ഞാൻ പറയുന്നത്, ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിനെ ഇന്ന് ബാധിച്ചിരിക്കുന്ന ഗുരുതരമായ ഒരു കാര്യമെന്ന് പറയുന്നത് ക്ഷേമനിധിയിൽ തൊഴിലാളികൾ നേരിട്ട് 50 ശതമാനം പൈസപോലും കൃത്യമായി അടക്കുന്നില്ല എന്നുള്ളതാണ്. ശമ്പളം കയ്യിൽ വാങ്ങിക്കൊണ്ട് പോകുന്നു. അങ്ങനെ വരുമ്പോൾ എന്താണ് ദോഷം. തൊഴിലാളികൾക്ക് ബോണസ് കൃത്യമായി കിട്ടുന്നില്ല. ക്ഷേമനിധി ബോർഡിലെ എല്ലാ ആനുകൂല്യങ്ങളും അവരുടെ വേജസ്സിനെ അടിസ്ഥാനപ്പെടുത്തിയാണ് കൊടുക്കുന്നത്. ഏകദേശം 23-ഓളം ആനുകൂല്യങ്ങൾ ഏൺഡ് വേജസ്സിനെ ആശ്രയിച്ചിരിക്കുകയാണ്. ഏൺഡ് വേജസ്സിന്റെ പകുതിയിൽ കൂടുതൽ കയ്യിൽ വാങ്ങുകയാണ്. അതുകാരണം, ഗ്രാറ്റുവിറ്റി പോലും തൊഴിലാളികൾക്ക് കൊടുക്കാൻ കഴിയാത്ത രീതിയിൽ ചില കമ്മിറ്റികൾ ഗുരുതരമായ ഭീഷണി നേരിടുന്നു. കാര്യമെന്താണ്; ബോണസ്സിന്റെ സമയമാകുമ്പോൾ ബോണസ്സിന്

ഈ കാശ് എടുത്തുകൊടുക്കേണ്ടിവരും. അതുകൊണ്ട് ഐ.എൻ.റ്റി.യു.സി., സി.ഐ.റ്റി.യു. തുടങ്ങി എല്ലാ തൊഴിലാളി സംഘടനകളുമായി ആലോചിക്കണം. തൊഴിലാളികൾ സ്കീമിൽ നിക്ഷേപിക്കാതെ കയ്യിൽ കാശ് വാങ്ങിക്കൊണ്ട് പോകുന്ന സാഹചര്യം ഗുരുതരമായി നിൽക്കുന്നു. ഇത് ഒരു ട്രേഡ് യൂണിയനുകളും കാര്യമായി ശ്രദ്ധിക്കുന്നില്ല. അതുകൊണ്ട് ആ ക്ഷേമനിധി ബോർഡും സംസ്ഥാനത്തെ മറ്റ് ക്ഷേമനിധി ബോർഡുകളും ഇത്തരം ഗുരുതരമായ ഭീഷണി നേരിടുകയാണ്. ക്ഷേമാനുകൂല്യ കാര്യങ്ങൾ നോക്കേണ്ട ചുമതല മാത്രമേ എല്ലാ ക്ഷേമനിധി ബോർഡുകൾക്കുമുള്ളു. എന്നാൽ ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിനെ സംബന്ധിച്ച് തൊഴിലാളികളുടെ തൊഴിൽ ക്രമീകരണ റെഗുലേഷൻ കൂടിയുണ്ട്. മാനേജ്മെന്റിന്റെ ജോലിയായ തൊഴിൽ ക്രമീകരണം കൂടി നിർവ്വഹിക്കുന്ന ഒരേ ഒരു ക്ഷേമനിധി ബോർഡ് എന്ന് പറയുന്നത് ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡാണ്. ആ ബോർഡ് ഇത്തരത്തിലുള്ള അവഗണനകളുടെ മധ്യത്തിലാണ്. ഞാൻ ആ ആവശ്യം കൂടി മുന്നോട്ട് വയ്ക്കുന്നു. ചുമട്ടുതൊഴിലാളി സ്കാറ്റേർഡ് പദ്ധതി നടപ്പിലാക്കി അസംഘടിത മേഖലയിലെ തൊഴിലാളികൾ ഉൾപ്പെടെയുള്ളവർക്ക്, എന്ത് സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടെങ്കിലും സർക്കാർ സാമ്പത്തിക സഹായം

നൽകാൻ തയ്യാറാകണം. ആർക്കെല്ലാം പണം കൊടുക്കുന്നു. അതിന്റെ പങ്ക് കേരളത്തിലെ തൊഴിലാളികൾക്ക് കിട്ടേണ്ടതില്ലേ? തൊഴിലാളികൾക്ക് ഗവൺമെന്റ് വിഹിതം അടക്കാനുള്ളത് അടക്കണമെന്നുള്ളതിനോട് ഞാനും യോജിക്കുന്നു. ആ തുക ഒരിക്കലും അടക്കാതിരിക്കരുത്. ഞാൻ മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഫൈനും ശിക്ഷാ നടപടികളും വർദ്ധിപ്പിച്ചത് തീർച്ചയായും നല്ല കാര്യമാണ്. അതോടൊപ്പം തൊഴിലാളികൾക്ക് ഗുണകരമായ പല കാര്യങ്ങളും ഉണ്ടാകുന്നത് നല്ല കാൽവയ്പ്പാണ്. അതുകൊണ്ട് കക്ഷിഭേദമന്യേ പിന്തുണയ്ക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. എം. ചന്ദ്രൻ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ഭേദഗതി) ബിൽ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി പ്രസംഗിച്ചത്, 1960-ലെ ഷോപ്പ്സ്

ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം ഇന്നത്തെ കാലത്ത് തൊഴിലാളികളുടെ ആവശ്യങ്ങൾക്ക് പര്യാപ്തമല്ലാത്തതിനാലാണ് ഈ ഭേദഗതി കൊണ്ടുവരുന്നതെന്നാണ്. 1960 കഴിഞ്ഞ് ഇപ്പോൾ 54 വർഷം പിന്നിട്ടു. അന്ന് നിയമം ലംഘിക്കുന്നവർക്ക് 250 രൂപയായിരുന്നു ഫൈൻ. ആ തുകയാണ് ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി അയ്യായിരവും പതിനായിരവും രൂപയായി വർദ്ധിപ്പിക്കുന്നത്. 54 വർഷത്തിനിടയിൽ 250 രൂപ ഫൈൻ എത്രപേരിൽ നിന്നും വസൂലാക്കിയിട്ടുണ്ടെന്നത് സംബന്ധിച്ച് ഒരു പരിശോധന നടത്തിയാൽ ആരും ഉണ്ടാവില്ലെന്നുള്ളതാണ് എന്റെ അഭിപ്രായം. ഇവിടെ തൊഴിലാളികൾക്ക് വേണ്ടിയുള്ള നിയമം ഇല്ലാത്തതുകൊണ്ടല്ല. നിയമങ്ങൾ നിയമസഭയും പാർലമെന്റും പാസ്സാക്കുന്നുണ്ട്. പക്ഷേ, അത് നടപ്പിലാക്കുന്നില്ല. തൊഴിലാളികൾ എത്രയോ സമരങ്ങൾ നടത്തിയതിനുശേഷമാണ് ജനപ്രതിനിധികളുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെട്ട് ഇത്തരത്തിലൊരു നിയമം ഉണ്ടാക്കുന്നത്. നിയമം നടപ്പിലാക്കുന്നതിന് നിരന്തരമായ സമരം നടത്തിയാലും നിയമം ഉണ്ടാക്കിയ ഗവൺമെന്റ് തന്നെ സമരത്തെ അടിച്ചമർത്തി നിയമം നടപ്പിലാക്കാതിരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. ഇന്ത്യയിൽ തൊഴിൽ രംഗത്ത് 50-ഓളം

കേന്ദ്ര നിയമങ്ങളും 1000-ത്തോളം സംസ്ഥാന നിയമങ്ങളുമുണ്ട്. എന്നാൽ ഈ നിയമങ്ങൾ നടപ്പിലാക്കിക്കിട്ടാൻ തൊഴിലാളികൾ എത്ര പാടുപെടുന്നുണ്ടെന്ന് ഒരു വകുപ്പും പരിശോധിക്കുന്നില്ല. നമ്മുടെ സംസ്ഥാനത്ത് ത്വരിതഗതിയിൽ വളർന്നുകൊണ്ടിരിക്കുന്ന തൊഴിൽ മേഖലയാണ് വ്യാപാര മേഖല. ഇന്ന് ആധുനിക രീതിയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളും സൂപ്പർ മാർക്കറ്റുകളും ഗ്രാമപ്രദേശങ്ങളിൽ തന്നെ സാർവ്വത്രികമായി വളർന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിൽത്തന്നെ അത്തരം സ്ഥലങ്ങളിൽ ലക്ഷക്കണക്കിന് തൊഴിലാളികളാണ് പണിയെടുക്കുന്നത്. തൊഴിൽ രംഗത്തെ റിസർവ് സേനയായ സ്ത്രീതൊഴിലാളികളെയാണ് ഈ രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നത്. കുറഞ്ഞ കൂലിയ്ക്ക് കിട്ടുന്നത് സ്ത്രീ തൊഴിലാളികളായതുകൊണ്ട്, വമ്പിച്ച ചൂഷണം ചെയ്യുന്നതിന് സ്ത്രീകളെ ഉപയോഗിക്കുകയാണ് വ്യാപാര മേഖല ചെയ്തുകൊണ്ടിരിക്കുന്നത്. ഇപ്പോൾ എന്റെ നിയോജകമണ്ഡലത്തിലെ ഒരു സ്ഥാപനത്തിൽ പെൺകുട്ടികളെ ജോലിക്ക് നിശ്ചയിക്കുകയും കല്ല്യാണം കഴിഞ്ഞാൽ പിരിച്ചുവിടുകയും ചെയ്യും. മിക്കവാറും സ്ഥാപനങ്ങളിലെല്ലാം ഇത്തരത്തിലുള്ള സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടനുസരിച്ച്

തൊഴിലാളി ക്ഷേമനിധി ഇവിടെ പ്രാവർത്തികമാക്കിയിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന ക്ഷേമനിധിയാണിത്. പക്ഷേ, എന്ത് പ്രയോജനം. ആ ക്ഷേമനിധിയിൽ ചേരാൻ സർട്ടിഫിക്കറ്റ് നൽകാൻ ഉടമ തയ്യാറാകാത്തുകൊണ്ടാണ് ഉടമാ വിഹിതവും തൊഴിലാളി വിഹിതവും ഒന്നിച്ചടച്ച് ക്ഷേമനിധിയിൽ ചേരാമെന്ന് നിയമത്തിൽ ഒരു വകുപ്പ് എഴുതി ചേർത്തത്. യഥാർത്ഥത്തിൽ ക്ഷേമനിധിയിൽ ചേരാനുള്ള അർഹത തൊഴിലാളികൾക്കുണ്ട്. പണിയെടുപ്പിക്കുന്ന ഉടമ വിഹിതം അടയ്ക്കണം. ക്ഷേമനിധിയിൽ ചേരുന്നതിന് ഉടമ സർട്ടിഫിക്കറ്റ് കൊടുക്കേണ്ടതല്ലേ; കൊടുക്കുന്നില്ലെങ്കിൽ കൊടുപ്പിക്കാനല്ലേ ഇവിടെ ലേബർ ഡിപ്പാർട്ടുമെന്റുള്ളത്. ട്രേഡ് യൂണിയനുകളുടെ പ്രവർത്തനം ഈ രംഗത്ത് കുറയുന്നതുകൊണ്ടാണ് തൊഴിലാളികൾ പ്രതിസന്ധി നേരിടുന്നത്. തൊഴിൽ എടുക്കുന്നതിന് സമയനിഷ്ഠയില്ല. തുണിക്കടകളിലൊക്കെ ഒരു പാർട്ടി വന്നാൽ പെൺകുട്ടികൾ പ്രാഥമിക ആവശ്യങ്ങൾക്കുപോലും പോകാൻ കഴിയാതെ അവരോടൊപ്പം രാവിലെ മുതൽ വൈകുന്നേരം വരെ നിൽക്കേണ്ട അവസ്ഥയുണ്ട്. മാത്രമല്ല, ഇതിന്റെ ഭാഗമായി ധാരാളം പെൺകുട്ടികൾക്ക് വൃക്കരോഗം ഉൾപ്പെടെയുള്ള ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. പെട്രോൾ

ബങ്കിലും ധാരാളം പെൺകുട്ടികൾ ജോലിചെയ്യുന്നുണ്ട്. രാവിലെ വന്ന് പമ്പ് പിടിച്ചാൽ രാത്രിയേ അത് താഴെവയ്ക്കാനോ അവർക്കൊന്ന് ഇരിക്കാനോ കഴിയുകയുള്ളൂ. ഒരു തിര പിന്നെയും തിര എന്നുപറയുന്നതുപോലെ വാഹനങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. പെട്രോൾ ബങ്കിലെ സ്ത്രീ തൊഴിലാളികൾ ഉൾപ്പെടെ ഇത്തരത്തിലുള്ള ഗുരുതരമായ പ്രശ്നങ്ങൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ നിയമത്തിൽ ഗ്രേഡ് തിരിച്ചിട്ടുണ്ടെങ്കിലും എന്തെങ്കിലും ഗുണം വേണ്ടേ? കല്ല്യാൺ സിൽക്സിന്റെയൊക്കെ പരസ്യത്തിൽ നല്ല സാരിയുടുത്ത വടിവൊത്ത പെൺകുട്ടികളെയാണ് കാണുന്നത്. കാഞ്ചിപുരത്ത് ആ സാരി നെയ്യുന്ന പ്രദേശത്ത് ഞാൻ പോയിട്ടുണ്ട്. അവിടെ ജോലി ചെയ്യുന്ന പെൺകുട്ടികളുടെ ശരീരത്തിൽ മാംസമേയില്ല. അത്രയ്ക്ക് പരിതാപകരമാണ് കാഞ്ചീപുരം പട്ട് നെയ്യുന്നവരുടെ അവസ്ഥ. പരസ്യത്തിൽ കാണുമ്പോൾ സാരി എങ്ങനെ വരുന്നുവെന്ന് ആരും ചിന്തിക്കാറില്ല. പട്ട്സാരി ഉടുത്താൽ സ്ത്രീകൾക്ക് എന്ത് ഭംഗിയായിരിക്കുമെന്നാണ് ചിന്തിക്കുന്നത്. അത് ഉണ്ടാക്കുന്ന വിഭാഗത്തിലെ സ്ത്രീകൾ ഈ പട്ട് ഉടുത്താലും കാണാൻ ഭംഗിയുണ്ടാകില്ല. വൃത്തികെട്ട പശ്ചാത്തലത്തിൽ തൊഴിൽ ചെയ്യാൻ വിധിക്കപ്പെട്ടവരാണിവർ. ഇടത്തട്ടുകാർ

അവരെ കൊള്ളചെയ്ത് വൻകിട ലാഭമുണ്ടാക്കി 25,000 മുതൽ 50,000 വരെയുള്ള വിലയ്ക്ക് വിൽക്കുകയാണ് ചെയ്യുന്നത്. വിൽക്കുന്ന അവസരത്തിലും പെൺകുട്ടികളെ ചൂഷണം ചെയ്യുന്നു. ഇവിടെ നിയമങ്ങൾ നടപ്പിലാവില്ലെന്ന് ഞാൻ പറഞ്ഞു.

ഇവിടെ ആഭരണനിർമ്മാണ തൊഴിലാളി ക്ഷേമനിധിയെന്ന ഒരു ക്ഷേമനിധിയുണ്ട്. ആഭരണം നിർമ്മിക്കുന്ന തൊഴിലാളികൾക്കുവേണ്ടി ഉണ്ടാക്കിയതാണിത്. അതിൽ 10 ലക്ഷം രൂപയിലധികം വിറ്റുവരവുള്ള സ്വർണ്ണക്കച്ചവടക്കാർക്ക് ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കുന്നതിന് ഒരു വിഹിതം നിശ്ചയിച്ചിട്ടുണ്ട്. 10 ലക്ഷം രൂപയിലധികം വിറ്റുവരവുള്ളവർക്ക് 0.25 ശതമാനമാണ് വിഹിതമായി നിശ്ചയിച്ചിട്ടുള്ളത്. ക്ഷേമനിധി നിയമമുണ്ടായിട്ട് ഇന്നുവരെ ഉടമകൾ ആ വിഹിതം കൃത്യമായി അടച്ചിട്ടില്ലായെന്ന് മാത്രമല്ല ബഹുഭൂരിപക്ഷം ഉടമകളും ഒരു പൈസപോലും ക്ഷേമനിധിയിലേയ്ക്ക് അടച്ചിട്ടില്ല. അടയ്ക്കാതിരിക്കാൻ 118 കേസുകളാണ് അവർ ഹൈക്കോടതിയിൽ കൊടുത്തിരിക്കുന്നത്. അവർ സാമ്പത്തിക ശേഷിയുള്ളവരാണ്, ജനങ്ങളെ കൊള്ളചെയ്ത് കാശുണ്ടാക്കുന്നവരാണ്. നികുതി വെട്ടിപ്പ് നടത്തുന്നവരാണ്.

പക്ഷെ, അവർക്ക് ആഭരണം നിർമ്മിച്ച് നൽകുന്ന തൊഴിലാളിക്ക് അവരുടെ ക്ഷേമത്തിനുവേണ്ടി നിശ്ചയിക്കപ്പെട്ട പൈസ കൊടുക്കാതിരിക്കാൻ വേണ്ടി 118 കേസുകൾ ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിക്കുന്നു. തൊഴിലാളികൾക്ക് ഈ 118 കേസിനും വക്കീലിനെ ഹാജരാക്കാൻ സാധിക്കുമോ; എക്സ്പാർട്ടിയായി വിഹിതമടയ്ക്കണ്ടായെന്ന് വിധിയാകുകയാണ്. അങ്ങയുടെ സർക്കാർ അതിനെ സംബന്ധിച്ച് എന്തെങ്കിലും പരിശോധിക്കുന്നുണ്ടോ? ഈ കേസിനെ സംബന്ധിച്ച് ഒരുകാര്യവും സർക്കാരിന്റെ ശ്രദ്ധയിലില്ല, അങ്ങും അതിലിടപെടുന്നില്ല. തൊഴിലാളി യൂണിയൻ...

<u>ശ്രീ. വർക്കല കഹാർ:</u> സർ, ഇത് യഥാർത്ഥത്തിൽ ശ്രീ. ഷിബു ബേബി ജോണിന്റെ സർക്കാർ എന്നല്ല, നിങ്ങളുടെ സർക്കാരും ഒന്നും ചെയ്തില്ല. വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങളാണ് ശ്രീ. എം. ചന്ദ്രൻ ഇവിടെ പറഞ്ഞത്. അത് യാഥാർത്ഥ്യങ്ങളുമാണ്. നമുക്ക് ഇവിടെ പെട്രോൾ പമ്പുകളിലും അതുപോലെ സ്വർണ്ണക്കടകളിലും പത്തും പന്ത്രണ്ടും മണിക്കൂറുകളാണ് തൊഴിലാളികൾ ജോലി ചെയ്യുന്നത്. ജോലി ചെയ്യുന്നവർ നിന്നുകൊണ്ട് അനന്തം അവിരാമം ആ ജോലി അങ്ങനെ മുന്നോട്ടു പോകുകയാണ്. അത് ഈ പറയുന്നതുപോലെ ധാരാളം വൃക്ക രോഗികളെയും മറ്റ് രോഗികളെയും ഉണ്ടാക്കിയിട്ടുണ്ട്.

അതുപോലെ ഈ കാര്യങ്ങളൊക്കെ നടക്കുന്ന സമയത്ത് നിങ്ങളുടെ സർക്കാരിനോ ഞങ്ങളുടെ സർക്കാരിനോ ഇക്കാര്യങ്ങളിൽ നടപടി സ്വീകരിക്കാൻ കഴിഞ്ഞില്ല.

ശ്രീ. എം. ചന്ദ്രൻ: സർ, ഞാൻ ഇപ്പോഴുള്ള കാര്യമാണ് പറയുന്നത്. ഇപ്പോൾ നിയമം കൊണ്ടുവരികയാണ്. ആ നിയമം നടപ്പിലാകുമോയെന്നുള്ള ആശങ്കയാണെനിക്കുള്ളത്. സർക്കാരുകൾ മുമ്പും, അതിനുമുമ്പും ഉണ്ടായിട്ടുണ്ട്. 44 വർഷത്തിനിടയിൽ സർക്കാരുകൾ ധാരാളമുണ്ടായിട്ടുണ്ട്. അതല്ലല്ലോ ഇപ്പോൾ ഇവിടത്തെ വിഷയം. ഇപ്പോൾ ശ്രീ. ഷിബു ബേബി ജോണിന്റെ നേതൃത്വത്തിലുള്ള ലേബർ ഡിപ്പാർട്ടുമെന്റിനാണ് ഈ നിയമം നടപ്പിലാക്കേണ്ടതിന്റെ...

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചപ്പോൾ ആഭരണ തൊഴിലാളികളുടെ കേസിന്റെ കാര്യം പറഞ്ഞു. എൽ.ഡി.എഫ്. ഗവൺമെന്റ് നിയമം പാസ്സാക്കിയിരുന്നുവെങ്കിലും അത് നടപ്പിലാക്കിയിരുന്നില്ല. ആ ക്ഷേമനിധി ബോർഡ് പ്രവർത്തനസജ്ജമായിരുന്നില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം ക്ഷേമനിധി ബോർഡ് പ്രവർത്തനസജ്ജമാക്കി ഉടമകൾക്ക് നോട്ടീസ് അയച്ച

തുടങ്ങിയപ്പോഴാണ് അവർ കോടതിയെ സമീപിച്ചത്. കോടതി ആദ്യം താൽക്കാലിക സ്റ്റേ നൽകുകയും പിന്നീട് അബ്സല്യൂട്ട് സ്റ്റേ ആക്കുകയും ചെയ്തു. ആ സ്റ്റേ റിമൂവ് ചെയ്യുന്നതിനുവേണ്ടി ക്ഷേമനിധി ബോർഡിന്റെ വക്കീലുതന്നെ അത് കൗണ്ടർ ഫയൽ ചെയ്ത് ആ കേസിനെ ഫൈറ്റ് ഔട്ട് ചെയ്തുകൊണ്ടിരിക്കുകയാണ്. പക്ഷെ കോടതി ഇടപെട്ട് സ്റ്റേ ചെയ്തുകഴിഞ്ഞാൽ നമുക്ക് എന്തുചെയ്യാൻ സാധിക്കും? ആ സ്റ്റേ ഇല്ലാത്ത എല്ലാ കടകൾക്കും വീണ്ടും നോട്ടീസ് ഇഷ്യൂ ചെയ്തുകൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് പാസ്സാക്കി നടപ്പിലാക്കാത്ത ആ നിയമം നടപ്പിലാക്കാൻത്തന്നെയാണ് ഗവൺമെന്റ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നതെന്ന് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെടുത്തുന്നുവെന്നേയുള്ളൂ.

<u>ശ്രീ. പി. കെ. ഗുരുദാസൻ:</u> സർ, 0.25 ശതമാനം എന്നുപറയുന്നത് അന്ന് ഗവൺമെന്റ് തീരുമാനിച്ച് നിയമം പാസ്സാക്കി അതിനുശേഷം ഈ കടയുടമകളെ വിളിച്ചുകൂട്ടി അവരത് എഗ്രി ചെയ്തു. വിൽക്കുന്ന ഒരു പോയിന്റിലേ വരാൻ പാടുള്ളൂവെന്ന് പറഞ്ഞു. ഗവൺമെന്റ് അതംഗീകരിച്ചു. അതിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കി തുടങ്ങിയപ്പോഴാണ് ഗവൺമെന്റ് മാറിയത്.

ഗവൺമെന്റ് മാറിയതിനുശേഷമാണ് അവർ കേസിന് പോയതും സ്റ്റേ വന്നതും. അപ്പോൾ അന്ന് ഗവൺമെന്റ് എന്തുചെയ്തുവെന്നുള്ളതാണ് വിഷയം.

<u>ശ്രീ. ഷിബു ബേബി ജോൺ:</u> സർ, ഞാൻ അതൊന്ന് ക്ലാരിഫൈ ചെയ്തോട്ടെ. അങ്ങയുടെ ഗവൺമെന്റ് നിയമം പാസ്സാക്കികഴിഞ്ഞിട്ട് ഒരാൾക്കുപോലും പണമടയ്ക്കാൻ നോട്ടീസ് ഇഷ്യൂ ചെയ്തിരുന്നില്ല. ഞാൻ ഒരു വാദപ്രതിവാദത്തിനില്ല, വസ്തുതകൾ പറയുകയാണ്. എന്നാൽ അതിനുശേഷമാണ് നോട്ടീസ് ഇഷ്യൂ ചെയ്ത് തുടങ്ങിയത്. ആ ബിൽ ഡ്രാഫ്റ്റ് ചെയ്തതിൽ ഒരു പ്രശ്നമുണ്ട്. അതിൽ ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിച്ചിരുന്നത് 0.25 ശതമാനമാണെങ്കിൽപ്പോലും സെയിൽസ് പ്രൊസീഡ്സ് എന്നുള്ള നിലയിലേയ്ക്ക് ഡെഫിനിഷൻ വന്നപ്പോൾ വിൽക്കുന്നതും വാങ്ങുന്നതും 0.25 ശതമാനമായിരിക്കണമെന്നതന്നെയാണ് വന്നിരിക്കുന്നത്. എങ്കിൽപ്പോലും 0.5 വച്ചുകൊണ്ടുതന്നെ നോട്ടീസ് ഇഷ്യൂ ചെയ്യാൻ ഗവൺമെന്റ് തീരുമാനിച്ച് ഡയറക്ഷൻ കൊടുത്തതിന്റെ അടിസ്ഥാനത്തിൽ, നോട്ടീസുകളെല്ലാവർക്കും ആദ്യമായി ചെന്നപ്പോൾ അവർ കോടതിയെ സമീപിച്ച് കോടതിയിൽനിന്ന് സ്റ്റേ വാങ്ങി. ഇതാരെയും കുറ്റപ്പെടുത്താൻ വേണ്ടി പറഞ്ഞതല്ല. ഇതാണ് വസ്തുത.

<u>ശ്രീ. പി. കെ. ഗുരുദാസൻ:</u> സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് കഴിഞ്ഞ ഗവൺമെന്റ് അവസാന കാലഘട്ടത്തിലാണ് ഈ നിയമം പാസ്സാക്കിയത് എന്നാണ്. നിയമം പാസ്സാക്കി ചട്ടങ്ങളുണ്ടാക്കി ചട്ടങ്ങൾക്ക് വിൽക്കുന്നതും വാങ്ങുന്നതും എന്ന 2 പോയിന്റിലും 0.25 ശതമാനം ഈടാക്കണമെന്ന വ്യവസ്ഥ വന്നിട്ടില്ല. അത് ക്ലാരിഫൈ ചെയ്തിട്ടുണ്ട്. അതേസമയം രണ്ടുപ്രാവശ്യം ഇവരെ വിളിച്ചുകൂട്ടിയപ്പോൾ അവർ എഗ്രി ചെയ്തു, അത് നടപ്പിലാക്കി തുടങ്ങിയപ്പോൾ ആ സർക്കാരിന്റെ കാലാവധി കഴിഞ്ഞ് പുതിയ ഗവൺമെന്റ് വന്ന് അത് നടപ്പിലാക്കുന്ന നടപടിയിലേയ്ക്ക് വന്നു. നിങ്ങൾ അത് നടപ്പിലാക്കിയപ്പോൾ അവർ സ്റ്റേയ്ക്ക് പോയി. സ്റ്റേ വെക്കേറ്റ് ചെയ്യാൻ കഴിഞ്ഞില്ല. അതാണ് ഞാൻ പറഞ്ഞത്.

<u>ശ്രീ. എം. ചന്ദ്രൻ:</u> സർ, ഇത് മൊത്തത്തിലുള്ള സ്റ്റേയല്ല, ഓരോ കടക്കാരനും സ്റ്റേ വാങ്ങുകയാണ്. അതാണ് 118 പെറ്റീഷൻ വന്നത്. ഞങ്ങൾ സി.ഐ.ടി.യു. തൊഴിലാളി യൂണിയന്റെ നേതൃത്വത്തിൽ കുറേ പെറ്റീഷനുകൾക്ക് വക്കീലിനെ ഹാജരാക്കി. പിന്നെ അത് താങ്ങാൻ കഴിയുന്നില്ല, വക്കീലന്മാർക്ക് ഫീസ് കൊടുക്കണ്ടെ? സ്വർണ്ണകടക്കാർ കാശുള്ളവരാണ്, അവർ ഓരോരുത്തരും സ്റ്റേ വാങ്ങികൊണ്ടുവരികയാണ്. ഒരു

നിയമംതന്നെ കേരളത്തിൽ സാമ്പത്തിക ശേഷിയുള്ളവർ അട്ടിമറിച്ചുകൊണ്ടിരിക്കുകയാണെന്നാണ് ഞാൻ പറയുന്നത്. നിയമമുണ്ടായിട്ട് കാര്യമില്ല. അത് സാമ്പത്തികശേഷിയുള്ളവർ അട്ടിമറിക്കും. ഇൻഡ്യാ രാജ്യത്ത് കുറേ നിയമങ്ങൾ ഇപ്പോൾ റദ്ദാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇപ്പോൾ രാജ്യസഭയിൽ 16 തൊഴിലാളി നിയമങ്ങളാണ് റദ്ദാക്കിയത്. ഇവിടെ ശ്രീ. വർക്കല കഹാർ ഞങ്ങൾ അങ്ങനെയാണ് ഇങ്ങനെയാണ് എന്ന് പറഞ്ഞു. പക്ഷെ, കോൺഗ്രസിന്റെ പിന്തുണ അതിനുണ്ടായില്ലേ; രാജ്യസഭയിൽ ആ 16 തൊഴിൽ നിയമങ്ങൾ റദ്ദാക്കാനുള്ള ബിൽ വന്നപ്പോൾ ബി.ജെ.പി. ഗവൺമെന്റിനെ കോൺഗ്രസ് പിന്തുണച്ചില്ലേ; ഇടതുപക്ഷം മാത്രമല്ലേ അതിനെ എതിർത്തുള്ളൂ? അതുപോലെ രാജസ്ഥാനിൽ 20 സീറ്റുമാത്രമെ കോൺഗ്രസിനുള്ളൂ. 200 സീറ്റിൽ 180 സീറ്റും ബി.ജെ.പി.യാണ്. ആ ബി.ജെ.പി. ഗവൺമെന്റാണ് ഇൻഡ്യയിൽ 1946-ലുണ്ടാക്കിയ വ്യവസായ തർക്ക നിയമവും 1948-ലെ ഫാക്ടറീസ് ആക്ടും കോൺട്രാക്ട് ലേബർ ആക്ടും ഭേദഗതി ചെയ്ത് തൊഴിലാളികൾക്കെതിരായുള്ള സമീപനമെടുത്തപ്പോൾ ഈ 20 കോൺഗ്രസ് എം.എൽ.എ.മാരും കൈയുയർത്തി അംഗീകരിച്ചു. ശ്രീ. വർക്കല കഹാറിന്റെ ട്രേഡ് യൂണിയനായ ഐ.എൻ.ടി.യു.സി. അംഗീകരിച്ചില്ല,

അവർ അതിനെതിരായി രാജസ്ഥാനിൽ പ്രക്ഷോഭമുണ്ടാക്കി. പക്ഷെ, കോൺഗ്രസിന്റെ 20 എം.എൽ.എ.മാരും ഈ ബി.ജെ.പി. ഗവൺമെന്റിന് പിന്തുണ കൊടുത്ത കാര്യം അങ്ങേയ്ക്കറിയാമല്ലോ? അതിനെതിരായി ബി.എം.സ്.-ഉം, സി.ഐ.ടി.യു.-വുമെല്ലാം യോജിച്ചുകൊണ്ട് അവിടെ സമരവും പണിമുടക്കും നടത്തിയില്ലേ? അപ്പോൾ നിയമങ്ങളുണ്ടാക്കുന്നതല്ല, നിയമങ്ങളെ ഇല്ലാതാക്കി രാജ്യത്ത് വ്യവസായികൾക്ക് സൗകര്യം ചെയ്തുകൊടുക്കാൻ കോൺഗ്രസാണോ ബി.ജെ.പി.യാണോ മുൻപന്തിയിൽ നിൽക്കുന്നത് എന്ന മത്സരമാണിപ്പോൾ നടക്കുന്നത്. കോൺഗ്രസിന്റെ കാലത്ത് ഈ നിയമങ്ങളൊക്കെ ഭേദഗതി ചെയ്ത് മുതലാളിമാർക്ക് അനുകൂലമാക്കിമാറ്റി. അന്ന് ബി.ജെ.പി. അതിന് പിന്തുണ നൽകി. ഇപ്പോൾ ബി.ജെ.പി. അത് ചെയ്യുമ്പോൾ കോൺഗ്രസ് അതിന് പിന്തുണ നൽകുന്നു ഇതാണ് ഇൻഡ്യാ രാജ്യത്തെ സ്ഥിതി. മുതലാളിമാർക്കും വ്യവസായികൾക്കും വേണ്ടി നിയമങ്ങളൊക്കെ റദ്ദാക്കുകയാണ്. ഇപ്പോൾ ഒരു മാസം ഇൻഡ്യാ രാജ്യത്തെ തൊഴിലാളിക്ക് 16250/- രൂപ മിനിമം കൂലി കൊടുക്കണമെന്ന് ഇൻഡ്യൻ ലേബർ കോൺഫറൻസ് നിർദ്ദേശിച്ചതാണ്. അതിനെ സംബന്ധിച്ചൊരു നിയമം ഇൻഡ്യാ രാജ്യത്തുണ്ടോ; 15,000/- രൂപയെങ്കിലും മിനിമം കൂലി

ലഭിക്കണമെന്നാവശ്യപ്പെട്ട് 11 ട്രേഡ് യൂണിയനുകളും ഇപ്പോൾ പ്രക്ഷോഭം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇൻഡ്യാ ഗവൺമെന്റിന്റെ ലേബർ സെക്രട്ടറി മിനിമം കൂലിയില്ലാത്തതുകൊണ്ട് സന്തോഷം പ്രകടിപ്പിച്ചു. ചൈനയെക്കാൾ കുറഞ്ഞ മിനിമംകൂലിയാണ് ഇൻഡ്യാ രാജ്യത്ത് ഉള്ളതെന്നുള്ളതുകൊണ്ട് വിദേശ മൂലധനം കടന്നുവരാൻ എളുപ്പമാണെന്ന് പറഞ്ഞ് സന്തോഷം പ്രകടിപ്പിക്കുകയാണ് ചെയ്തത്, അതാണിവിടത്തെ ലേബർ ഡിപ്പാർട്ടുമെന്റ്. കേന്ദ്രത്തിന്റെ സെക്രട്ടറിയാണ് സന്തോഷം പ്രകടിപ്പിച്ചത്.

ശ്രീ. പാലോട് രവി: സർ, ഈ മൈഗ്രന്റ് ലേബേഴ്സ് വന്നുതുടങ്ങിയപ്പോൾ, പണ്ട് **കങ്കാണി** സമ്പ്രദായമൊക്കെ നമ്മളിവിടെ നിർത്തലാക്കിയതാണ്. മിക്ക സ്ഥാപനങ്ങളിലും മിക്ക തൊഴിൽ മേഖലയിലും ഇപ്പോൾ നമ്മുടെ തൊഴിലാളികളില്ല. ലക്ഷക്കണക്കിന് ആളുകളെ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവന്ന് നമ്മുടെ സംസ്ഥാനത്ത് അടിമപ്പണി ചെയ്യിക്കുകയാണ്. അതോടൊപ്പംതന്നെ ഇവിടെ നഴ്സുമാർ പണിമുടക്കി, ഒരുകാര്യം അങ്ങേയ്ക്കറിയാമോ; കേരളത്തിലെ സ്വകാര്യ ആശുപത്രികൾ ഒരുമിച്ച് യോഗംകൂടി ഒരൊറ്റ മെയിൽ നഴ്സിനെയും ഒരാശുപത്രിയിലും ജോലിക്കെടുക്കുന്നില്ല. നമുക്ക് ജോയിന്റ് പ്ലാറ്റ്ഫോമുണ്ടെന്ന് അങ്ങ് പറഞ്ഞു.

ഇത്രയും ആന്റി ട്രേഡ് യൂണിയൻ മൂവ്മെന്റ് നമ്മുടെ സംസ്ഥാനത്ത് നടക്കുന്നതുപോലെ .... മറ്റ് സംസ്ഥാനങ്ങളിൽ ട്രേഡ് യൂണിയൻ മൂവ്മെന്റ് ചെറിയ തോതിൽ നടക്കുന്നുണ്ടായിരിക്കാം, നമ്മുടെ സംസ്ഥാനത്ത് സംഘടിതമായി ആന്റി ട്രേഡ് യൂണിയൻ മൂവ്മെന്റ് നടക്കുന്ന വിവരം അങ്ങേയ്ക്കറിയാമോ?

<u>ശ്രീ. എം. ചന്ദ്രൻ</u> : സർ, നമ്മുടെ സംസ്ഥാനത്ത് മിനിമംകൂലി നിശ്ചയിച്ചിട്ടുണ്ട് എന്നൊക്കെ തൊഴിൽ വകുപ്പുമന്ത്രി അവകാശപ്പെടുമ്പോഴാണ് ആശാ വർക്കേഴ്സ് 700 രൂപയ്ക്ക് സർക്കാരിന്റെ കീഴിൽ പണിയെടുക്കുന്നത്. അവർ സ്ത്രീകളല്ലേ; അവർക്ക് കുടുംബമില്ലേ? സർക്കാർ എന്തെല്ലാം ജോലി അവരെ ഏൽപ്പിക്കുന്നുണ്ട്. മന്ത് രോഗനിവാരണത്തിനും പ്രസവിക്കുന്നവരെ ദിവസവും വീടുകളിൽപ്പോയി നോക്കാനുമെല്ലാമുള്ള ഉത്തരവാദിത്വം അവരെയല്ലേ ഏൽപ്പിക്കുന്നത്. നാട്ടുകാരുടെ പ്രസവമൊക്കെ അന്വേഷിച്ചുനടക്കുന്നവർക്ക് ഭക്ഷണം കഴിക്കാനുള്ള രൂപയെങ്കിലും കൊടുക്കണ്ടേ? അതും 700 രൂപ തീരുമാനിച്ചിട്ടും ഒരു വർഷം കുടിശ്ശികയാക്കിയില്ലേ? നിങ്ങൾ എല്ലാപേർക്കും പണംകൊടുത്തല്ലോ. ഒരു വർഷം ഇവരുടെ കൂലി കുടിശ്ശികയാക്കിയപ്പോൾ ഇവിടത്തെ ലേബർ ഡിപ്പാർട്ടുമെന്റ് ഇടപെട്ടോ? ധനകാര്യ

വകുപ്പുമന്ത്രി പണം കൊടുത്തില്ല. പക്ഷെ ലേബർ ഡിപ്പാർട്ടുമെന്റിന് ഒരു ചുമതലയുണ്ടല്ലോ. ഇത്രയും മോശപ്പെട്ട കൂലികൊടുത്ത് ചൂഷണം ചെയ്യുന്നവർക്ക് നിശ്ചയിച്ച ഓണറേറിയമെങ്കിലും കൃത്യമായി വാങ്ങിക്കൊടുക്കണമെന്ന തോന്നൽ ഇവിടത്തെ ഡിപ്പാർട്ടുമെന്റിന് ഉണ്ടായില്ല. അതാണ് ഞാൻ പറയുന്നത്, ഏത് ഗവണ്മെന്റ് വന്നാലും തൊഴിലാളികൾക്ക് സംഘടിത ശക്തിയില്ലെങ്കിൽ ഒരു നിയമവും നടപ്പിലാകാൻ പോകുന്നില്ല. ഇന്ത്യാ രാജ്യത്ത് ആദ്യമായി ഒരു നിയമമുണ്ടായത് 1918 -ലാണ്. അതാണ് മദ്രാസ് ലേബർ നിയമം. അത് ബ്രിട്ടീഷുകാരുടെ കാലത്ത് തൊഴിലാളികൾ സമരം ചെയ്തുണ്ടാക്കിയതാണ്. ആദ്യത്തെ ട്രേഡ് യൂണിയൻ നിയമം വരുന്നത് 1923-ലാണ്. അതിനുശേഷമാണ് 1946-ൽ വ്യവസായ തർക്ക നിയമവും അതുപോലെ 1948-ൽ ഫാക്ടറീസ് ആക്ടുമൊക്കെ നിലവിൽ വന്നത്. ഇപ്പോൾ കോൺട്രാക്റ്റ് ലേബർ സിസ്റ്റം അടിച്ചേൽപ്പിക്കുകയല്ലേ ചെയ്യുന്നത്. പെർമനന്റ് തൊഴിലാളിയേയില്ല. ഒരു സ്ഥാപനത്തിലും പെർമനന്റ് തൊഴിലാളിയെ വയ്ക്കേണ്ട കാര്യമില്ല. 40-ൽ താഴെ തൊഴിലാളികളുള്ളിടത്തൊക്കെ കോൺട്രാക്ട് ലേബറെ ഇഷ്ടംപോലെ വയ്ക്കാം. തൊഴിലുടമയ്ക്ക് ആ തൊഴിലാളിയുമായി യാതൊരു ബന്ധവുമില്ല. കോൺട്രാക്ടറാണ് അവരുടെ ചുമതലയൊക്കെ നിശ്ചയിക്കേണ്ടത്. അപകടമരണം സംഭവിച്ചാൽപ്പോലും തൊഴിലുടമ ഒരു കാര്യത്തിനും ബാധ്യസ്ഥമല്ല.

അതിൽനിന്നൊക്കെ ഇളവുകൊടുത്തിരിക്കുകയാണ്. ഈ നാട്ടിലെ സർക്കാർ ജീവനക്കാർക്കും സംഘടിത തൊഴിൽ മേഖലയിലുള്ളവർക്കുമൊക്കെ പ്രസവാവധി ഉണ്ടല്ലോ. കോൺട്രാക്ട് ലേബർക്ക് പ്രസവാവധിയുണ്ടോ; ഏൺഡ് ലീവുണ്ടോ; മെഡിക്കൽ ലീവുണ്ടോ; ആഴ്ചയിൽ ഒരു ഓഫുണ്ടോ? അവർക്ക് മണിക്കൂറിനാണ് കൂലി. അതുകഴിഞ്ഞാൽ ഒഴിവായി. അതിന്റെ ലാഭം മുഴുവൻ മുതലാളിമാർക്ക് പങ്കുവയ്ക്കുക, അവരങ്ങനെ തടിച്ചുകൊഴുത്ത് ബഹുരാഷ്ട്ര കുത്തകകളായി വരിക. അതല്ലേ നമ്മൾ നിത്യേന കണ്ടുകൊണ്ടിരിക്കുന്നത്? രണ്ടരലക്ഷം കോടി രൂപയുടെ ആസ്തിയുള്ള അംബാനി ജനങ്ങളെ കൊള്ള ചെയ്തിട്ടുണ്ടാക്കിയ പണമല്ലേ അത്. ജനങ്ങളെ കൊള്ളചെയ്തിട്ടാണ് ഇവിടത്തെ കുത്തകകൾ വളർന്നത്. അവർ ബഹുരാഷ്ട്ര കുത്തകകളായി മാറിയത്. അവർ ഇപ്പോൾ മൂലധനം കയറ്റുമതി ചെയ്യുകയാണ്. വിദേശനാണ്യശേഖരത്തിലെ കമ്മി പരിഹരിക്കുന്നതിനുവേണ്ടി യാണ് വിദേശമൂലധനം ഇങ്ങോട്ട് കൊണ്ടുവരാൻ ശ്രീ. നരേന്ദ്ര മോദി ഇപ്പോൾ ഓടി നടക്കുന്നത്. ആ വിദേശമൂലധനം കൊണ്ടുവന്നാൽ അവർക്ക് ഇഷ്ടംപോലെ പ്രവർത്തിക്കുന്നതിന് എല്ലാ തൊഴിൽ നിയമങ്ങളും ഇല്ലാതാക്കിക്കൊണ്ടിരിക്കുക യാണ്. ഇത്തരത്തിൽ തൊഴിൽ നിയമമുണ്ടാകുന്നതുകൊണ്ട് തൊഴിലാളിക്ക് ഒരു കാര്യവുമില്ല. തൊഴിൽ നിയമം നടപ്പിലാക്കി കിട്ടാനുള്ള പരിശ്രമമാണ്

സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടത്. 'കസ്തൂരി മണക്കുന്നല്ലോ കാറ്റേ' എന്നുപറഞ്ഞതുപോലെ ഈ നിയമസഭ മുഴുവൻ അഴിമതി മണക്കുന്ന ഒരു സമ്മേളനമായിട്ടാണ് ഈ നിയമസഭാ സമ്മേളനം മാറിയത്. ഇത് വളരെ മോശപ്പെട്ട സ്ഥിതിയാണ്. മാണിസാർ വരുമ്പോൾ അഴിമതി മണക്കുകയാണ്. അത് ബാർ ഉടമകളെ കണ്ടിട്ടാണ് മാണിസാർ വരുന്നത് എന്നുള്ളതുകൊണ്ടാണ്. ആ മണം ഇല്ലാതാക്കാൻ ശ്രീ. കെ. എം. മാണി രാജിവച്ച് മാറി നിൽക്കുകയാണ് നല്ലത്. ശ്രീ. കെ. എം. മാണി മാറിനിന്നാൽ അഴിമതിയുടെ മണം ഈ നിയമസഭാ തലത്തിൽ ഇല്ലാതാക്കാൻ കഴിയും. അതിന് അങ്ങുകൂടി പരിശ്രമിക്കണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട്.......

മി. ഡെപ്യൂട്ടി സ്പീക്കർ : അതും ഈ ബില്ലിൽ ഉണ്ടോ?

ശ്രീ. എം. ചന്ദ്രൻ: സർ, നിയമസഭയിലല്ലെ ഈ ബിൽ ചർച്ച ചെയ്യുന്നത്. നിയമസഭയിലുള്ള ഒരു കാര്യമാണ് ഞാൻ പറഞ്ഞത്. ബില്ലുമായി ബന്ധപ്പെട്ടുതന്നെ. അതുകൊണ്ട് യു.ഡി.എഫ്. അങ്ങനെയൊരു തീരുമാനമെടുത്ത് ഈ മണംമാറ്റി നിയമസഭാസമ്മേളനം നല്ലരീതിയിൽ നടത്തിക്കൊണ്ടു പോകാനുള്ള സൗകര്യമെങ്കിലും ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഈ ചർച്ചയിൽ പങ്കെടുത്ത തൊഴിലാളി നേതാക്കന്മാരായ ജനപ്രതിനിധികളുടെ പല നിർദ്ദേശങ്ങളോടും പല അഭിപ്രായങ്ങളോടും ഞാനും യോജിക്കുകയാണ്. എന്നാൽ ഈ ബില്ലിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചതുപോലെ 1961-ൽ നിലവിൽ വന്നൊരു ബിൽ എന്തുകൊണ്ടോ 53 വർഷമായി മാറിമാറി വന്ന ഗവണ്മെന്റുകൾക്ക് ഭേദഗതി ചെയ്യാൻ തോന്നിയില്ല. കഴിഞ്ഞ മെയ് മാസത്തിൽ കേരളത്തിൽ പൊട്ടിപ്പുറപ്പെട്ട ഒരു സമരമാണ് യഥാർത്ഥത്തിൽ ഈ ഗവണ്മെന്റിനെ ഇങ്ങനെ ചിന്തിക്കാൻ പ്രേരിപ്പിച്ചത്. കാരണം, നമ്മുടെ സഹോദരിമാർ അവരുടെ ഇരിക്കാനുള്ള അവകാശത്തിനുവേണ്ടിയാണ് സമരം ചെയ്തതെങ്കിലും അതിനെത്തുടർന്ന് കേരളത്തിലെ എല്ലാ തുണിക്കടകളും സ്ക്വാഡ് പരിശോധന നടത്താൻ നിർദ്ദേശിക്കുകയും അതിന്റെയടിസ്ഥാനത്തിൽ ഏകദേശം രണ്ടായിരത്തോളം കടകൾ പരിശോധിച്ചുവെന്നാണ് എനിക്ക് കിട്ടിയിരിക്കുന്ന കണക്ക്. അവിടെയാണ് ഈ വിഷയങ്ങൾ കുറച്ചുകൂടി ആഴത്തിൽ പഠിക്കാൻ നമുക്ക് സാധിച്ചത്. അങ്ങനെ പഠിച്ചപ്പോൾ ഉണ്ടാകുന്ന തൊഴിൽ നിഷേധവും അതിന് പ്രധാന കാരണമായിട്ടുള്ളത് ഈ നിയമത്തിലെ പോരായ്മകളുണ്ട് എന്നുകണ്ടുകൊണ്ടാണ് ഇങ്ങനെ ചില ഭേദഗതികൾ

കൊണ്ടുവന്നത്. ഈ നിയമവുമായി ബന്ധപ്പെട്ട് ഒരു വിയോജിപ്പാണ് ഇവിടെ നടന്ന പ്രസംഗങ്ങളിലൊക്കെ വന്നിട്ടുള്ളത്. അതാണ് ഇത് മൂന്നായി വേർതിരിക്കണ്ടായെന്ന് ശ്രീ. പി. കെ. ഗുരുദാസൻ പറഞ്ഞത്. 1961-ൽ ഈ രാജ്യത്തും നമ്മുടെ സംസ്ഥാനത്തും നിലവിലുണ്ടായിരുന്ന കടകളും ആ സ്ഥിതിയുമല്ല ഇന്നുള്ളത്. ഇന്ന് നമുക്ക് ബിഗ് ബസാറിനെപ്പോലുള്ള കടകളും സാധാരണ ഒരു സ്റ്റേഷനറി കടയും തുല്യമാണെന്ന് കണക്കാക്കാൻ സാധിക്കുമോ? അതല്ലെങ്കിൽ മലബാർ ഗോൾഡോ അതുപോലുള്ള വലിയ സ്വർണ്ണക്കടകൾ, തുണിക്കടകൾ, നൂറുകണക്കിന് ആളുകൾ ജോലി ചെയ്യുന്ന കടകളും ഒരു സാധാരണ ചെറിയകടയും തുല്യമായികാണാൻ സാധിക്കില്ല. ഈ നിയമത്തിലെ മിനിമം വേജസ് ആക്ടും സെൻട്രൽ ആക്റ്റും എല്ലാപേർക്കും ബാധകമാണെങ്കിലും കട വലുതാകുന്നതനുസരിച്ച് കൂടുതൽ ആൾക്കാരെ എംപ്ലോയ് ചെയ്യുന്നതനുസരിച്ച് കൂടുതൽ ഫെസിലിറ്റികൾ വേണമെന്നാണ് നമ്മൾ നിഷ്ക്കർഷിക്കുന്നത്. ഇവിടെ പലരും പറഞ്ഞു, 50 തൊഴിലാളികളിൽ താഴെയുള്ളവർക്കും ഹോസ്റ്റൽ സൗകര്യം വേണമെന്ന്. ഹോസ്റ്റൽ സൗകര്യം വേണ്ടായെന്നല്ല ഞങ്ങൾ പറയുന്നത്. പക്ഷെ നമ്മുടെ പ്രായോഗിക പരിജ്ഞാനംവച്ച് നോക്കുമ്പോൾ നാട്ടിൻപുറത്ത് പ്രവർത്തിക്കുന്ന 20 പേരിൽതാഴെയുള്ള ഒരു കടയിൽ ഹോസ്റ്റൽ സൗകര്യത്തിന്റെ ആവശ്യം

സാധാരണഗതിയിലില്ല. അങ്ങനെ അവശ്യമില്ലാത്തൊരു കാര്യം എഴുതിവച്ചുകൊണ്ട്, ആവശ്യമില്ലാത്തൊരുകാര്യം നിഷ്കർഷിച്ചുകൊണ്ട് ഇവിടെ ശ്രീ. എം. ചന്ദ്രൻ പറഞ്ഞതുപോലെ ഈ നിയമം നടപ്പിലാക്കാത്തൊരു നിയമമാക്കി മാറ്റാൻ ആഗ്രഹിക്കാത്തതുകൊണ്ടാണ് നമ്മൾ വളരെയധികം ആലോചിച്ചശേഷം പല പരിശോധനകളുടെയും അടിസ്ഥാനത്തിലാണ് ഈ തീരുമാനം കൊണ്ടുവന്നത്. അതിനുള്ള വേർതിരിവും ആ വേർതിരിവിനനുസരിച്ച് കൂടുതൽ ഫെസിലിറ്റിയും വേണമെന്ന് പറയുന്നത്. ഇവിടെ പല എം.എൽ.എ.മാരും ഇങ്ങനെയുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന പെൺകുട്ടികളുടെ ദയനീയ സ്ഥിതിയെക്കുറിച്ച് സൂചിപ്പിച്ചു. ആദ്യമായി ഒരു ക്രഷ് നിർബന്ധമാക്കാൻ പോവുകയാണ്. വലിയ കടകളാണെങ്കിൽ അവർക്ക് നിർബന്ധമായും സ്വന്തമായി ക്രഷ് ഉണ്ടാകണം. ചെറിയകടകളാണെങ്കിൽ അവർ ഗ്രൂപ്പായിച്ചേർന്ന് ക്രഷ് ഉണ്ടാകണം. വലിയ കടകളാണെങ്കിൽ നിർബന്ധമായും റസ്റ്റ് റൂമും ടോയ്ലറ്റും ഉണ്ടാകണം. ചെറിയൊരു സ്റ്റേഷനറി കടയ്ക്കകത്ത് റസ്റ്റ് റൂം വേണമെന്ന് നിബന്ധന കൊണ്ടുവന്നാൽ പ്രായോഗികമായി അത് നടപ്പിലാകുമോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u> : സർ, 50 തൊഴിലാളികളിൽ കൂടുതലുള്ളവർക്കാണ് ഹോസ്റ്റൽ സൗകര്യം അനുവദിക്കുന്നത്. അപ്പോൾ 45 തൊഴിലാളികളായാലോ?

ഇത് തമ്മിൽ വലിയ വ്യത്യാസമില്ല. അങ്ങനെ പ്രത്യേകിച്ച് കാറ്റഗറി തിരിച്ച് 50 തൊഴിലാളികളിൽ കൂടുതലുള്ളവർ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ മാത്രം ഹോസ്റ്റലെന്നു പറഞ്ഞാൽ 49 തൊഴിലാളികളെവരെ വച്ച് പ്രവർത്തിപ്പിക്കുന്ന സ്ഥാപനങ്ങൾ ഈ നിയമത്തിന്റെ പരിധിക്ക് പുറത്താകും. അത് തൊഴിലാളികൾക്ക് ദോഷം ചെയ്യില്ലേ?

ശ്രീ. ഷിബു ബേബി ജോൺ : സർ, ആ ഭാഗത്തോട് ഞാൻ യോജിക്കുന്നു, സാങ്കേതികമായും 49 ആയാൽ.... പക്ഷെ കേരളത്തിൽ പ്രായോഗികമായി നടന്നുകൊണ്ടിരിക്കുന്ന പശ്ചാത്തലം പരിശോധിക്കുകയാണെങ്കിൽ ഇരുന്നൂറും മുന്നൂറും തൊഴിലാളികൾ പണിയെടുക്കുന്ന കടകളിൽ സാധാരണ ഗതിയിൽ പലരും ഹോസ്റ്റൽ സൗകര്യം കൊടുക്കുന്നുണ്ട്. എന്നാൽ പുതുതായി 50-ൽ കൂടുതൽപേരുണ്ടെങ്കിൽ നിർബന്ധമായും ഹോസ്റ്റൽ സൗകര്യം വേണമെന്നൊരു പുതിയ നിയമം നമ്മൾ കൊണ്ടുവരികയാണ്. 50 എന്നുപറഞ്ഞത് ഒരു hypothetical figure ആണ്. ഇപ്പോൾ 30 ഉം 29 ആയാൽ എന്തുചെയ്യും എന്ന ചോദ്യം വരും. നമ്മൾ പരിശോധനയുടെ അടിസ്ഥാനത്തിലാണ് ഇങ്ങനെ ചെയ്തത്. അതുകൊണ്ട് ആ വേർതിരിവ് ഇന്നത്തെ കാലത്ത് അനിവാര്യമാണ്. ബാക്കി വിമർശനങ്ങളെ ക്കുറിച്ചൊന്നും ഞാൻ ദീർഘമായി പറയുന്നില്ല. പക്ഷെ ഒരു കാര്യം പറയാൻ ഞാൻ

ആഗ്രഹിക്കുകയാണ്. അതി പ്രഗത്ഭരായിട്ടുള്ള തൊഴിലാളി നേതാക്കന്മാർ ഈ സഭയിലേക്ക് വരികയും ഒട്ടനവധി നിയമങ്ങൾ പാസ്സാക്കുകയും ചെയ്തിട്ടുള്ള ഒരു സഭയാണ് ഈ നിയമസഭ. ആ നിയമങ്ങളൊക്കെ കേരളത്തിൽ പ്രാബല്യത്തിലാക്കിയിട്ടുമുണ്ട്.

നാം ഒരു കാര്യം ഓർക്കണം, ഈ നിയമങ്ങളൊക്കെ പ്രാബല്യത്തിൽ വന്നത് കേരളത്തിൽ ഒരു ലേബർ ഡിപ്പാർട്ടുമെന്റുള്ളതുകൊണ്ട് മാത്രമല്ല. കേരളത്തിൽ ഈ നിയമങ്ങൾ പാസ്സാകാൻ ഇടവന്നിട്ടുള്ളത് ശക്തമായ ട്രേഡ് യൂണിയനുകളുടെ ഇടപെടലുകൾ കൊണ്ടാണ്. ഞാൻ അത് പറയാൻ ഉദ്ദേശിച്ചതല്ല. പക്ഷെ വ്യാപകമായി ലേബർ എൻഫോഴ്സ്മെന്റിന്റെ പോരായ്മ മാത്രം ചൂണ്ടിക്കാണിക്കുമ്പോൾ എത്ര വിചാരിച്ചാലും..... 1960-ന് ശേഷം പതിൻമടങ്ങ് എസ്റ്റാബ്ലിഷ്മെന്റ്സ് കൂടിയിട്ടുണ്ട്. അതിനനുസരിച്ച് ലേബർ ഡിപ്പാർട്ടുമെന്റിന് ആൾസംഖ്യ വർദ്ധിപ്പിക്കാൻ സാധിക്കില്ല. ഇവിടെ ഇപ്പോൾ എല്ലാ മേഖലയിലും തൊഴിൽ നിയമങ്ങളുടെ ലംഘനം നടക്കുന്നുവെന്ന വസ്തുതയോട് ഞാനും യോജിക്കുന്നു. പക്ഷെ അത് പരിഹരിക്കാൻ ഒരു തൊഴിൽവകുപ്പും ഏതാനും ഉദ്യോഗസ്ഥരും മാത്രം വിചാരിച്ചാൽ കഴിയില്ല. കേരളം ഇന്ത്യക്ക് മാതൃകയായിരുന്നത് അവബോധമുള്ള ഒരു

തൊഴിലാളി സമൂഹവും ട്രേഡ് യൂണിയനുകളുമായിരുന്നു. അതുവഴിയാണ് നടപ്പിലാക്കിയത് അവിടെ എന്താണ് അപചയം സംഭവിച്ചിരിക്കുന്നതെന്നുകൂടി നമുക്ക് കൂട്ടായി പരിശോധിക്കേണ്ടതുണ്ട് എന്ന് യാദൃശ്ചികവശാൽ ഞാൻ സൂചിപ്പിച്ചുവെന്നുമാത്രമേയുള്ളൂ.

സെയിൽസ് റെപ്രസെന്റേറ്റീവിന്റെ ബില്ലിന്റെ കാര്യം ശ്രീ. പി. കെ. ഗുരുദാസൻ സൂചിപ്പിച്ചു. കഴിഞ്ഞ മൂന്നര വർഷമായി ഓർഡിനൻസ് ബില്ലാക്കി മാറ്റുന്നത് മാത്രമേ ഇവിടെ നടക്കാറുള്ളൂ. നിയമനിർമ്മാണത്തിന് സമയം കുറവായതുകൊണ്ട് പലപ്പോഴും മറ്റു ബില്ലുകൾ എടുക്കാൻ സാധിച്ചിട്ടില്ല. തൊഴിൽ വകുപ്പിലെ പല നിയമങ്ങളും ഇവിടെ പബ്ലിഷ് ചെയ്തെങ്കിലും നിയമമാക്കി മാറ്റാൻ സാധിക്കാതെ വന്ന പശ്ചാത്തലമുണ്ട്. തീർച്ചയായും ആ വിഷയം പരിഗണിച്ചു കൊണ്ട് സമയം കിട്ടുന്ന മുറയ്ക്ക് അങ്ങയുടെ കാലഘട്ടത്തിൽ കൊണ്ടുവന്ന നിയമം പാസ്സാക്കാൻ തന്നെ പരിശ്രമിക്കുമെന്ന് ഇക്കാര്യത്തിൽ ഉറപ്പ് നൽകാൻ ആഗ്രഹിക്കുന്നു.

<u>ശ്രീ. പി. കെ. ഗുരുദാസൻ</u>: സർ, മൾട്ടി ലെവൽ മാർക്കറ്റിംഗിന്റെ തൊഴിലാളികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2012 നവംബർ 1-ാം തീയതി വിളിച്ചു ചേർത്ത കോൺഫറൻസിൽ തീരുമാനിച്ചതാണ്.

അക്കാര്യത്തിൽ മുൻകയ്യെടുക്കുമോ?

<u>ശ്രീ. ഷിബു ബേബി ജോൺ:</u> സർ, അക്കാര്യം പരിശോധിക്കാം. മൾട്ടിലെവൽ മാർക്കറ്റിംഗുമായി ബന്ധപ്പെട്ട വിഷയങ്ങൾ ലേബർ ഡിപ്പാർട്ടുമെന്റിന്റെ പരിധിയിൽ വരുന്ന വിഷയമല്ലായെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്കുമറിയാം. എങ്കിലും അത് പരിശോധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ തീരുമാനമെന്താണെന്ന് നോക്കി ലേബർ ഡിപ്പാർട്ടുമെന്റിനെക്കൊണ്ട് ചെയ്യാൻ കഴിയുന്നത് തീർച്ചയായും ചെയ്യാം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽ എനിക്കൽപ്പം വിയോജിപ്പുള്ളത് കശുവണ്ടി തൊഴിലാളികളുടെ മിനിമം വേജസിന്റെ കാര്യത്തിലാണ്. എൽ.ഡി.എഫ് ഗവൺമെന്റ് ജനുവരി 1, 2007-ൽ മിനിമം വേജസ് പുതുക്കി. അതിനു മുൻപുള്ള യു.ഡി.എഫ്. ഗവൺമെന്റിൽ ശ്രീ. ബാബു ദിവാകരൻ മന്ത്രിയായിരുന്നപ്പോൾ മിനിമം വേജസ് പുതുക്കാനെടുത്ത തീരുമാനം നടപ്പാക്കാൻ വൈകിയത് 2007- ൽ എൽ.ഡി.എഫ് ഗവൺമെന്റ് മിനിമം വേജസ് പുതുക്കി. നാല് വർഷം കഴിഞ്ഞ് 2011 ഫെബ്രുവരി 1-ാം തീയതി മുതൽ പുതിയ നിയമം പ്രാബല്യത്തിൽ വന്നു. 2011 കഴിഞ്ഞ് മൂന്ന് വർഷവും പത്ത് മാസവും കഴിഞ്ഞപ്പോൾ പുതിയ മിനിമം വേജസിനെക്കുറിച്ച് ധാരണ ഈ ഗവൺമെന്റുണ്ടാക്കിയിട്ടുണ്ട്. അങ്ങയുടെ ഗവൺമെന്റ് പ്രവർത്തിച്ചിരുന്ന അതേ വേഗതയിൽ അല്ലെങ്കിൽ അൽപ്പം കൂടുതൽ

കൂടിയ വേഗതയിൽ ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നുവെന്നത് അങ്ങ് സമ്മതിച്ചു തരേണ്ട കാര്യമാണ്. ഇക്കാര്യത്തിൽ ധാരാളം ബുദ്ധിമുട്ടുകളും പ്രയാസങ്ങളു മുണ്ടായിട്ടുപോലും ട്രേഡ് യൂണിയനുകളും ഗവൺമെന്റും ഒറ്റക്കെട്ടായിനിന്ന് മുതലാളിമാരെക്കൊണ്ട് സമ്മതിപ്പിച്ചാണ് ഇപ്പോൾ ധാരണയായിട്ടുള്ളത്. അങ്ങും ഞാനും തമ്മിലുള്ള അഭിപ്രായ വ്യത്യാസം ഇത് മിനിമം വേജസ് അഡ്വൈസറി ബോർഡിന് റഫർ ചെയ്യണമോ വേണ്ടയോ എന്നുള്ള ഒരു കാര്യത്തിലേയുള്ളൂ. നിയമപരമായി പല ഉപദേശവും നോക്കിയിട്ടുണ്ട്. നിയമ വകുപ്പിൽ നിന്ന് കിട്ടുന്ന ഉപദേശമനുസരിച്ച്, നമുക്ക് മിനിമം വേജസ് നടപ്പാക്കണം. ഇതിനെതിരെ സംഘടിത നീക്കം അവിടത്തെ മുതലാളിമാർ നടത്തുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാവുന്നതാണ്. അതുകൊണ്ട് നിയമപരമായി കുറ്റമറ്റതാക്കാൻ ഏതാണ് നല്ലതെന്ന് നോക്കി നിയമ വകുപ്പിന്റെ അഡ്വൈസ് കിട്ടിയാലുടനെ മിനിമം വേജസ് അഡ്വൈസറി ബോർഡിലേക്ക് പോകുന്നത് കാലതാമസ മുണ്ടാക്കുമെങ്കിൽ അത് ഒഴിവാക്കി നമുക്ക് നേരിട്ട് നോട്ടിഫൈ ചെയ്യാം. എന്തായാലും ഡ്രാഫ്റ്റ് പബ്ലിഷ് ചെയ്യണം. അതിനുള്ള സമയമാണ്, അക്കാര്യത്തിൽ യാതൊരു വിയോജിപ്പുമില്ല.

<u>ശ്രീ. പി. കെ. ഗുരുദാസൻ</u>: സർ, കമ്മിറ്റിയുടെ തീരുമാനമായ സ്ഥിതിക്ക് കരട്

പ്രസിദ്ധീകരിച്ച് ഒബ്ജക്ഷൻസ് ക്ഷണിക്കേണ്ട കാര്യമില്ല. ബഹുമാനപ്പെട്ട മിനിസ്റ്റർ തന്നെ എടുത്ത തീരുമാനമെന്ന നിലയിൽ നോട്ടിഫൈ ചെയ്യാനുള്ള അവകാശം നമുക്കുണ്ട്.

ശ്രീ. ഷിബു ബേബി ജോൺ: സർ, മിനിമം വേജസ് ആക്ട് എന്റെ കൈയിൽ ഉണ്ട്. അഡ്വൈസറി ബോർഡിൽ പറയുന്നുണ്ട്. For the purpose of co-ordinating work of committees and subcommittees appointed under section 65 and advising the appropriate Government generally in the matter of fixing and revising minimum wages, the appropriate Government shall appointed advisory board എന്നാണ് മിനിമം വേജസ് ആക്ടിൽ പറയുന്നത്. അതാണ് തർക്കം. നിയമ വകുപ്പ് അതിന്റെ ആവശ്യമില്ലെന്ന് പറഞ്ഞാൽ ആ നിമിഷം ചെയ്യാം. എനിക്ക് ആഗ്രഹം ഇത് നാളെ കോടതിയിൽ പോയി ചോദ്യം ചെയ്യാൻ ഇടവരാതെ എടുത്ത തീരുമാനം നടപ്പാക്കപ്പെടണമെന്നതാണ്.

ബഹുമാനപ്പെട്ട എം. ഹംസ സൂചിപ്പിച്ച ഷോപ്പ്സിന്റെ മിനിമം വേജസ്, സബ് കമ്മിറ്റി അതിന്റെ ശുപാർശ കൊടുത്തിട്ടുണ്ട്. മിനിമം വേജസ് അഡ്വൈസറി കമ്മിറ്റി നോട്ടിഫൈ ചെയ്യേണ്ട കാര്യമേയുള്ളൂ. മാത്രവുമല്ല അഞ്ചു വർഷം കാലാവധി തീർന്ന എല്ലാ മിനിമം വേജസും റിവൈസ് ചെയ്യാൻ മിനിമം വേജസ്

അഡ്‌വൈസറി ബോർഡിനെ ചുമതലപ്പെടുത്തി കാലതാമസമുണ്ടാകുന്നവെന്ന് കാണുന്നത് ലേബർ കമ്മീഷണറേറ്റിൽ നിന്നു തന്നെ നോട്ടിഫിക്കേഷൻ റൂട്ടിൽ പുതുക്കാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. അത് പ്രോഗ്രസ് ചെയ്തുകൊണ്ടിരിക്കുകയാണ്. അഞ്ചു വർഷം പൂർത്തിയാകുന്ന മുറയ്ക്ക് അത് പരിഷ്കരിച്ചു കൊണ്ടിരിക്കുകയാണ്.

അതുപോലെ തന്നെ വളരെ പ്രധാനപ്പെട്ട നിർദ്ദേശം ഇവിടെ വന്നത് ഹെഡ് ലോഡ് വർക്കേഴ്സ് ജില്ലാ ചെയർമാൻമാരുടേതാണ്. ഇപ്പോൾത്തന്നെ മിക്ക ജില്ലകളിലും ഡി.എൽ.ഒ. മാർക്ക് ചാർജ് കൊടുത്തിരിക്കുകയാണ്. എന്നാൽ മൂന്ന് ജില്ലകളിലാണ് ചെയർമാൻമാരെ നിയമിച്ചിട്ടുള്ളത്. അത് ശ്രീ. വർക്കല കഹാർ പറഞ്ഞതുപോലെ പൊളിറ്റിക്കൽ ലീഡേഴ്സിനെ വയ്ക്കണമെങ്കിൽ ആക്ട് അമെന്റ് ചെയ്യണം. എന്നാൽ കഴിവതും ഡി.എൽ.ഒ.മാർക്കോ തത്തുല്യമായ ഉദ്യോഗസ്ഥർക്കോ ചാർജ് കൊടുത്ത് ശമ്പളത്തിന്റെ ഭാരം വരാതെ നോക്കാൻ ഗവൺമെന്റ് തയ്യാറാണ്, ആ നിലയിൽ കാര്യങ്ങൾ മുന്നോട്ട് നീക്കാം.

ബഹുമാനപ്പെട്ട എം. ചന്ദ്രൻ ആശാ വർക്കേഴ്സിന്റെ കാര്യത്തിൽ അവർക്ക് കുടിശ്ശികയുണ്ടെന്നും ലേബർ ഡിപ്പാർട്ടുമെന്റ് ഇടപെടണമെന്നും പറഞ്ഞു. അക്കാര്യം തീർച്ചയായും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി ഞാൻ ചർച്ച ചെയ്യാം. പക്ഷെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തും ആശാ വർക്കേഴ്സ്

ഇല്ലായിരുന്നോ, അന്നവരുടെ ശമ്പളം എത്രയായിരുന്നു? അന്ന് ലേബർ ഡിപ്പാർട്ടുമെന്റ് എന്താണ് ചെയ്തത്? അതുകൊണ്ട് ഇക്കാര്യങ്ങൾ നമ്മൾ വസ്തുത അറിഞ്ഞുകൊണ്ട്........ അതിദയനീയമാണ് സ്ഥിതി. പക്ഷെ അത് ലേബർ ഡിപ്പാർട്ടുമെന്റ് വിചാരിച്ചാൽ കാണാവുന്ന പരിഹാരമല്ല. അങ്ങനെയായിരുന്നെങ്കിൽ എൽ.ഡി.എഫ് ഗവൺമെന്റ് മിനിമം വേജസ് കിട്ടുന്നില്ലെന്ന് ബോധ്യപ്പെട്ടിരുന്നെങ്കിൽ അന്ന് തന്നെ പരിഹാരം കാണുമായിരുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ പറഞ്ഞത്, നഴ്സിംഗ് സമരത്തെക്കുറിച്ചാണ്. ഞാൻ കഴിഞ്ഞ ഗവൺമെന്റിനെ കുറ്റം പറയാനല്ല ആഗ്രഹിക്കുന്നത്. കേരളത്തിന്റെ പൊതുസ്ഥിതി വച്ചുകൊണ്ട് ഏറ്റവുമധികം ചൂഷണം നടന്ന മേഖല നഴ്സിംഗ് മേഖലയാണ്. അന്നത്തെ ഗവൺമെന്റ് മിനിമം വേജസ് പ്രഖ്യാപിച്ചെങ്കിൽപ്പോലും പ്രോസിക്യൂഷൻ പാടില്ലെന്ന സ്റ്റേ വാങ്ങിയതിന്റെ പേരിൽ മിനിമം വേജസ് നടപ്പാക്കാൻ ആ സെക്ടർ തയ്യാറായിരുന്നില്ല. അന്ന് സമരം പൊട്ടിപുറപ്പെട്ടപ്പോൾ 2000-2500 രൂപയ്ക്കാണ് നഴ്സുമാർ പലസ്ഥലങ്ങളിലും പഞ്ചനക്ഷത്ര ആശുപത്രികളിൽ പ്പോലും ജോലി ചെയ്തുകൊണ്ടിരുന്നത്. എന്നെ സംബന്ധിച്ചിടത്തോളം ഏറ്റവും കൂടുതൽ ആത്മസംതൃപ്തി നൽകുന്നത് അക്കാര്യത്തിൽ ഈ ഗവൺമെന്റിന് ഇടപെടാൻ കഴിഞ്ഞു എന്നതാണ്. മിനിമം വേജസ് നിഷേധിച്ചതായിരുന്നു

അന്നത്തെ പരാതിയെങ്കിൽ മിനിമം വേജസ് വർദ്ധിപ്പിച്ചുകൊണ്ട് ഏറ്റവും ചുരുങ്ങിയത് 10,000 രൂപയും ശ്രീ. ബലരാമൻ കമ്മിറ്റി ശുപാർശ ചെയ്ത 13,000 രൂപയും അവർക്ക് ഫിക്സ് ചെയ്തു കൊടുത്തു. ഇന്ന് കേരളത്തിൽ നടക്കുന്ന പരിശോധനയിൽ ബഹുഭൂരിപക്ഷം ആശുപത്രികളിലും മിനിമം വേജസ് നടപ്പാക്കുന്നുവെന്നതാണ് എന്നെ സംബന്ധിച്ചിടത്തോളവും ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളവും ഏറ്റവും ആത്മസംതൃപ്തി നൽകുന്നത്. അവിടെ അത് നിഷേധിക്കുന്നുവെന്ന് പറയുന്നത് വസ്തുതാപരമല്ല.

<u>ശ്രീ. എം. ചന്ദ്രൻ</u>: സർ, അങ്ങ് പല മേഖലകളിലും ഇടപെടുന്നുണ്ട്, ഇപ്പോൾ കഞ്ചിക്കോടിലെ പ്രശ്നത്തിൽ ഇടപെട്ടു. അതുപോലെ ഏറ്റവും ചൂഷണം നടക്കുന്ന ഒരു മേഖലയാണ് ഐ.ടി. മേഖല. അവരൊക്കെ ലക്ഷക്കണക്കിന് സമ്പാദിച്ച് വരികയാണെന്ന് നമുക്ക് തോന്നും. എന്നാൽ apprentice എന്നു പറഞ്ഞുകൊണ്ട് തൊഴിലാളികളെ ചൂഷണം ചെയ്യുന്ന കേരളത്തിലെ ഏറ്റവും വലിയ മേഖലയാണ് ഐ.ടി. മേഖല. ആ മേഖലയിൽ അങ്ങ് ഇടപെടുമോ?

<u>ശ്രീ. ഷിബു ബേബി ജോൺ</u>: ബഹുമാനപ്പെട്ട അംഗം പറഞ്ഞത് തീർച്ചയായും പരിശോധനയിലുള്ള ഒരു കാര്യമാണ്. അതിലെ ബുദ്ധിമുട്ട് ഞാൻ നേരത്തെ

വിശദീകരിച്ചതാണ്. പൊതുവിൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും ഐ.ടി. വ്യവസായത്തെ സ്വാഗതം ചെയ്യാൻ വേണ്ടി ഇറങ്ങിത്തിരിച്ച് അല്ലെങ്കിൽ red carpet role out ചെയ്യുന്ന ഒരു കാലഘട്ടമാണ്. അപ്പോൾ vindictive ആയി നമ്മൾ പെരുമാറുന്നത് ഐ.ടി. സംരംഭകരെ ഇങ്ങോട്ടുകൊണ്ടുവരാൻ തടസ്സമാകും എന്നുള്ള വസ്തുത അല്ലെങ്കിൽ അങ്ങനെയൊരു ചിന്താധാരയുണ്ട്. സാധാരണ ഗതിയിൽ ലേബർ വകുപ്പിന് വ്യക്തമായ പരാതി കിട്ടിയാൽ മാത്രമേ ഐ.ടി. മേഖലയിൽ പോയി പരിശോധന നടത്താറുള്ളൂ. അല്ലാതെ സ്വമേധയാ പോയി ഒരു പരിശോധന സാധാരണ ഗതിയിൽ ഇല്ലായിരുന്നു. എങ്കിലും സബ്ജക്ട് കമ്മിറ്റിയിൽ അടക്കം ഈ വിഷയം വന്ന സ്ഥിതിക്ക്, അവിടെ എങ്ങനെ പരിശോധിക്കാൻ സാധിക്കും; അവിടത്തെ ചൂഷണം എങ്ങനെ അവസാനിപ്പിക്കാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് വളരെ ഗൗരവത്തിൽ തന്നെ ആലോചിക്കുകയാണ്. അതുമാത്രമല്ല ഇവിടെ എൻഫോഴ്സ്മെന്റിന്റെ പോരായ്മയെക്കുറിച്ച് എല്ലാവരും പറഞ്ഞു. ആളുകളെ കൂട്ടിയതുകൊണ്ട് ആ പോരായ്മ പരിഹരിക്കാൻ കഴിയില്ല. അതുകൊണ്ട് ഇത് പരിഹരിക്കാൻ വേണ്ടി ഇന്നത്തെ ടെക്നോളജി ഉപയോഗിച്ചുകൊണ്ട് 'Wage Protection System' എന്നൊരു സമ്പ്രദായം കൊണ്ടുവരികയാണ്. ബാങ്കുകൾ വഴി ഇവരുടെ ശമ്പളം കൊടുക്കണമെന്ന് ഇവിടെ ശ്രീ. വർക്കല കഹാറും മറ്റ് അംഗങ്ങളും സൂചിപ്പിച്ചു.

അതിനാൽ പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരം ജില്ലയിലെ ഐ.ടി., നഴ്സിംഗ്, വലിയ തുണിക്കടകൾ, ജൂവലറി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ ഏഴ് സെക്ടറുകളിൽ Payment of Wages Act- ൽ ഭേദഗതി വരുത്തി, ഇനി മുതൽ ബാങ്ക് വഴിമാത്രം അവർക്ക് ശമ്പളം കൊടുക്കുവാനും ആ ശമ്പളം കൊടുക്കുന്നതിന്റെ കോപ്പി ബന്ധപ്പെട്ട ഡി.എൽ.ഒ. മാർക്ക് അതാതു മാസം ലഭ്യമാകുന്ന ഒരു സോഫ്റ്റ്വെയർ കെൽട്രോണുമായി ചേർന്ന് ഡെവലപ് ചെയ്തു കൊണ്ടിരിക്കുകയാണ്.

ശ്രീ. എം. ഹംസ: സർ, തൊഴിലാളി രംഗത്തെ ആധുനികവത്ക്കരിക്കുന്നതിനെക്കുറിച്ചാണല്ലോ പറയുന്നത്. ഇവിടെ ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന് ഒരു സോഫ്റ്റ്വെയർ ഡെവലപ് ചെയ്തിട്ടില്ല. ഇന്ന് ഒരു സോഫ്റ്റ്വെയർ ഡെവലപ് ചെയ്യുവാനും ഇത് സുതാര്യമാക്കാനും ഒരു പ്രയാസവുമില്ല. മറ്റൊന്ന്, ഇന്ന് കേരളത്തിലെ മിനിമം കൂലി 10000 രൂപയാക്കണമെന്നുള്ള പൊതുവായ ഒരു തീരുമാനം എടുക്കാനും അത് എല്ലാ വകുപ്പുകൾക്കും ബാധകമാക്കാൻ കഴിയുന്ന രീതിയിലേയ്ക്ക് നീങ്ങാൻ സാധിക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, ക്ഷേമനിധി ബോർഡുകളുടെ കമ്പ്യൂട്ടർവൽക്കരണമല്ല ഞാൻ പറഞ്ഞത്. കേരളത്തിലെ എല്ലാ വ്യവസായങ്ങളിലും..... Payment of Wages Act-ൽ ഭേദഗതി വരുത്തണം, അതിനായി ഓർഡിനൻസ്

ഇറക്കിയിട്ടുണ്ട്, പ്രസിഡന്റിന്റെ അംഗീകാരത്തിനായി പോയിരിക്കുകയാണ്. എല്ലാ മേഖലകളിലും കണ്ടെത്തി....... ആദ്യമായി 7 മേഖലകളിൽ നിർബന്ധമായും ബാങ്ക് വഴി ശമ്പളവും അതിന്റെ കോപ്പി ഡി.എൽ.ഒ.-ക്ക് ലഭ്യമാകുന്ന........, എവിടെയൊക്കെ വയലേഷനുണ്ടോ ആ വയലേഷൻ നോട്ട് ചെയ്യുന്ന തരത്തിലുള്ള സംവിധാനം നടപ്പിലാക്കാനാണ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. അത് കുറ്റമറ്റതായി മാറണമെങ്കിൽ സമയമെടുക്കും. അതുകൊണ്ടാണ് പൈലറ്റ് പ്രോജക്ടായി തിരുവനന്തപുരത്ത് ഇത് നടപ്പിലാക്കുന്നത്. അങ്ങനെ നടപ്പിലാക്കുന്നതുവഴി ഈ മേഖലയിലെ വലിയൊരു ശതമാനം ചൂഷണം അവസാനിപ്പിക്കാമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഒരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കാം. കേന്ദ്രത്തിന്റെ നയങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞു. കേന്ദ്രത്തിന്റെ നയങ്ങളിൽ ചില മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നതിനെക്കുറിച്ച് നമ്മളും വായിക്കുകയുണ്ടായി. വലിയ ആശങ്കയോടുകൂടിയാണ് ഞാനും അതിനെക്കണ്ടത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് അവതരിപ്പിച്ചപ്പോൾ സഖാവ് ഇ. പി. ജയരാജൻ സംസാരിച്ച് കഴിഞ്ഞ് ഞാൻ ഒരു കാര്യം പറഞ്ഞു. ഇന്ത്യയിലെ എല്ലാ തൊഴിൽ വകുപ്പുമന്ത്രിമാരെയും വിളിച്ചുകൂട്ടിയ യോഗം ഉദ്ഘാടനം ചെയ്തുകൊണ്ട് ശ്രീ. നരേന്ദ്ര മോഡി ഒരു പ്രസംഗം നടത്തി. നമ്മളുടെ തൊഴിലാളി

നേതാക്കന്മാർ പോലും ഇത്ര തൊഴിലാളിക്ക് അനുകൂലമായി പ്രസംഗിച്ച് ഞാൻ കേട്ടിട്ടില്ല. അത്ര അനുകൂലമായ പ്രസംഗമായിരുന്നു. പക്ഷേ ശ്രീ. എം. ഹംസ പറഞ്ഞതുപോലെ, അവസാനം തീരുമാനമെന്താണ്? ഇനി മുതൽ പരിശോധനകളില്ല, ഇൻസ്പെക്ടർരാജ് അവസാനിപ്പിച്ചു. റാൻഡമായി കമ്പ്യൂട്ടർ ജനറേറ്റ് ചെയ്യുന്ന സ്ഥാപനങ്ങളിൽ മാത്രമേ ഇൻസ്പെക്ഷന് പോകേണ്ടതുള്ളൂ എന്നതാണ് ആകെ കോൺഫറൻസിന്റെ ബാക്കിപത്രം. പ്രത്യക്ഷത്തിൽ എല്ലാം പറഞ്ഞിട്ട് വളരെയധികം തൊഴിലാളി വിരുദ്ധനയങ്ങളുമായി മുന്നോട്ടുപോകുന്നു. അതിനെ ആശങ്കയോടുകൂടി അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്നവർ കാണുമ്പോൾ എനിക്ക് വളരെ വിനയപുരസ്സരം നിങ്ങളോട് അഭ്യർത്ഥിക്കുവാനുള്ളത്, ആരാണ് നിങ്ങളുടെ മുഖ്യശത്രുവെന്ന തീരുമാനമെടുക്കേണ്ട സമയമായിരിക്കുന്നു എന്നാണ്. ഈ വിപത്തിൽ നിന്ന് രാജ്യത്തെ മോചിപ്പിക്കാൻ എങ്ങനെ സാധിക്കും? ഇന്ത്യൻ നാഷണൽ കോൺഗ്രസ് ദുർബലമായി എന്ന് പറഞ്ഞാലും ഇന്ത്യൻ നാഷണൽ കോൺഗ്രസ് ഈ രാജ്യത്തെ ഏറ്റവും വലിയ മതേതര പ്രസ്ഥാനമാണ് എന്ന് അംഗീകരിച്ചുകൊണ്ട് ഇടതുപക്ഷ പ്രസ്ഥാനങ്ങൾ മുൻകയ്യെടുത്തുകൊണ്ട് ഒരു കോമൺ പ്ലാറ്റ്ഫോമിലേയ്ക്ക് വരാതെ ഒരിക്കലും ഈ വർഗ്ഗീയ വിപത്തിനെ നേരിടാൻ നമുക്ക് സാധിക്കില്ല. അഥവാ ഒറ്റയ്ക്ക് സാധിക്കുമെന്ന് വിചാരിച്ചു കൊണ്ട്

ഇടതുപക്ഷ പ്രസ്ഥാനങ്ങൾ മുന്നോട്ടുപോകുകയാണെങ്കിൽ അത് അബദ്ധ സഞ്ചാരമായിരിക്കും.

ശ്രീ. ഇ. പി. ജയരാജൻ: സർ, അങ്ങയുടെ പാർട്ടി അഖിലേന്ത്യാ തലത്തിൽ കോൺഗ്രസിനെതിരായ ശക്തമായ നിലപാട് സ്വീകരിക്കുന്നു. കാരണം കോൺഗ്രസ് ഒരു ബൂർഷ്വാ പാർട്ടിയാണ്. കോൺഗ്രസ് പാർട്ടി ഒരിക്കലും ഒരു തൊഴിലാളിവർഗ്ഗ പാർട്ടിയല്ല, അത് ജനവിരുദ്ധ പാർട്ടിയാണ് എന്ന നിലപാട് സ്വീകരിച്ചുകൊണ്ട് ദേശീയ അടിസ്ഥാനത്തിൽ കോൺഗ്രസ് വിരുദ്ധ മുന്നണിയെ ശക്തിപ്പെടുത്താനും ബി.ജെ.പി.-ക്കെതിരായിട്ടുള്ള മുന്നണിയെ ശക്തിപ്പെടുത്താനുമുള്ള ഇടതുപക്ഷ മതേതര പാർട്ടികളോടൊപ്പമാണ് എന്ന കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, ഞങ്ങളുടെ പാർട്ടി ഒരു കൊച്ചു പാർട്ടിയാണ്. നിങ്ങൾ താരതമ്യേന വലിയ പാർട്ടിയാണല്ലോ. നിങ്ങളുടെ മുഖ്യശത്രുവാരാണെന്ന് ആദ്യം തീരുമാനമെടുക്കണം. ഇവിടെ നമ്മൾ പരസ്പരം മത്സരിക്കുന്നതുകൊണ്ടും കേരളഘടകം തടസ്സമായി നിൽക്കുന്നതുകൊണ്ടുമാണ് നിങ്ങളുടെ കേന്ദ്രനേതൃത്വം ബി.ജെ.പി.-യാണ് മുഖ്യശത്രുവെന്ന് പ്രഖ്യാപിക്കാൻ മടിച്ചുനിൽക്കുന്നത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ സമദൂരത്തിൽ കാണുന്ന

തിന് തടസ്സമായി നിൽക്കുന്നത് കേരളത്തിലെ സാഹചര്യമാണ്. കേരളത്തിൽ നമുക്ക് പരസ്പരം മത്സരിക്കാം. പക്ഷേ രാജ്യത്തിന് നമുക്ക് മുൻഗണന കൊടുക്കണം.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, കോൺഗ്രസ് അന്ന് സ്വീകരിച്ചിരുന്ന സാമ്പത്തിക നയമാണ് ഇപ്പോൾ ശ്രീ. നരേന്ദ്ര മോഡി സ്വീകരിക്കുന്നത്. ശ്രീ. നരേന്ദ്ര മോഡിയുടെ സാമ്പത്തിക നയത്തിനെതിരായ നിലപാട് കോൺഗ്രസ് സ്വീകരിക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, അതിന് മറുപടി പറയേണ്ടത് ആർ.എസ്.പി. അല്ല. ഞാൻ ഒരു കാര്യം പറയാം. ഞങ്ങൾ പാസ്സാക്കിയ നയം നിങ്ങൾ അംഗീകരിച്ച നയമാണ്. 2000 ഡിസംബർ 31-ന് തിരുവനന്തപുരത്ത് നിങ്ങൾ ഒരു പ്ലീനം നടത്തി. ആ പ്ലീനത്തിൽ അംഗീകരിച്ചതെന്താണ്? വിദേശ മുതൽ മുടക്ക് വേണം; അതുപോലെ സമ്മിശ്ര സമ്പദ്ഘടന ഇതെല്ലാം നിങ്ങൾ അംഗീകരിച്ചതല്ലേ. 2000 ഡിസംബർ 31-ന് തിരുവനന്തപുരത്ത് ഡിസംബർ 31, ജനുവരി 1, 2 എന്നീ മൂന്നു ദിവസങ്ങളിലായി നിങ്ങളുടെ അഖിലേന്ത്യാ പ്ലീനം കൂടി അതിൽ പാസ്സാക്കിയത് ഞങ്ങൾ അംഗീകരിച്ച നയം തന്നെ. ഇപ്പോൾ നിങ്ങളുടെ ചൈന അംഗീകരിക്കുന്നതും ആ നയം തന്നെയാണ്. ഇപ്പോൾ നിങ്ങൾ ചൈനയേയും തള്ളിപ്പറയുകയാണ്. നിങ്ങൾ

ആരെയും തള്ളിപ്പറയും. ഒരു കാര്യം ഞാൻ പറയാം. ഇവിടെ ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞതുകേട്ടു, കോൺഗ്രസ് ഒരു ബൂർഷ്വാ പാർട്ടിയാണെന്ന്, ആരു പറഞ്ഞാലും അത് ശരിയല്ലല്ലോ. ബി.ജെ.പി. വരാൻ കാരണം കോൺഗ്രസാണ് എന്നും പറഞ്ഞു. ശ്രീ. സീതാറാം യെച്ചൂരി, ശ്രീ. പ്രകാശ് കാരാട്ട്, ശ്രീ. എൽ. കെ. അദ്വാനി തുടങ്ങിയവർ പാർലമെന്റിന് അകത്തും പുറത്തും കൈകോർത്ത് പിടിച്ച് കോൺഗ്രസിനെ എതിർക്കുകയായിരുന്നില്ലേ. അവർക്ക് ശക്തി ഉണ്ടാക്കി ക്കൊടുത്തത് നിങ്ങളല്ലേ. ഞങ്ങൾ ഏതെങ്കിലും ഒരു കാലത്ത് ബി.ജെ.പി.- യോട് കൂടിയെന്ന് നിങ്ങൾക്ക് പറയാൻ സാധിക്കുമോ? പണ്ട് ഇ.എം.എസ്....... (ബഹളം)...... ഒരു കാര്യം ഞാൻ പറയാം, പണ്ട് ഞങ്ങൾ ജയിലിൽ കിടന്നപ്പോൾ ഞങ്ങളറിയാതെ ആർ.എസ്.എസ്.-മായി ഒരു ബന്ധമുണ്ടായി എന്നാണ് ഇ.എം.എസ്. പറഞ്ഞത്. എന്നിട്ടാണോ നിങ്ങൾ മാരാരെ സഹായിച്ചത്........ (ബഹളം)......എന്നിട്ടാണോ നിങ്ങൾ കോൺഗ്രസിനെ പറയുന്നത്........ (ബഹളം)......

<u>ശ്രീ. സി. കെ. നാണു</u>: സർ, സ്ഥിരമായി ഈ സഭയിൽ തെറ്റായ രാഷ്ട്രീയ കാര്യങ്ങൾ പറയുന്നു. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാക്കൾ അടിയന്തരാവസ്ഥക്കാലത്ത് ജയിലിൽ കിടന്നു. ആർ.എസ്.എസ്.-ന്റെ നേതാക്കൾ

ജയിലിൽ കിടന്നു. ഞാൻ ജമാ-അത്തെ ഇസ്ലാമിയുടെ നേതാക്കളോടൊപ്പം അടിയന്തരാവസ്ഥക്കാലത്ത് ജയിലിൽ കിടന്നു. ഇന്ത്യൻ ജനാധിപത്യത്തെ പുന:സ്ഥാപിച്ചത്......1947 ആഗസ്റ്റ് 15-ന് ഇന്ത്യ സ്വാതന്ത്ര്യം സമ്പാദിച്ചു. ഇവിടെ പലപ്പോഴും രാഷ്ട്രീയം സംസാരിക്കുന്നു. രണ്ടാമതും ഇന്ത്യ ജനാധിപത്യത്തിന്റെ പാതയിലേയ്ക്ക് വന്നു. മിസിസ്സ് ഗാന്ധി ഇന്ത്യയെ കൊണ്ടുപോയത്......, അതുകൊണ്ട് ഞാൻ പറയുന്നത് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് അങ്ങേയറ്റം തെറ്റാണ്. വിശദീകരിക്കാൻ സമയമുണ്ടെങ്കിൽ ഇക്കഴിഞ്ഞ അവസരത്തിൽ ബി.ജെ.പി.-യെ ഇന്ത്യയിൽ അധികാരത്തിൽ കൊണ്ടുവരാൻ അവസരമുണ്ടാക്കിയത്......കേന്ദ്രത്തിൽ നിങ്ങൾ ഭരിച്ചു. ആ ഭരണത്തിന്റെ രാഷ്ട്രീയ നേതൃത്വവും നിങ്ങളുടെ നടപടികളുമാണ് ഇന്ത്യയിൽ ഈ ഭൂരിപക്ഷത്തിലേയ്ക്ക് ബി.ജെ.പി. യെ എത്തിച്ചത് എന്ന രാഷ്ട്രീയ യാഥാർത്ഥ്യം അംഗീകരിക്കണം.

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ശ്രീ.എ.ബി.വാജ്പേയി, ശ്രീ. എൽ. കെ. അദ്വാനി അടക്കമുള്ള ആറ് മന്ത്രിമാരെ ആദ്യമായി കൊണ്ടുവന്നത് ശ്രീ. സി.കെ. നാണുവിന്റെ നേതാവായ മൊറാർജി ദേശായിയുടെ കൂടെ ആണ്. രണ്ടര കൊല്ലമാണ് നിന്നത്.

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, ഞാൻ ഒരു രാഷ്ട്രീയ തർക്കത്തെയും ഉദ്ദേശിച്ച് പറഞ്ഞതല്ല. കോൺഗ്രസ്സിന്റെ പ്രതിനിധി അദ്ദേഹത്തിന്റെ അഭിപ്രായം പറഞ്ഞു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട മിനിസ്റ്റർ ബില്ലിലേയ്ക്ക് വരണം. സമയം ആറരയായി. രാവിലെ എട്ടര മണിമുതൽ അംഗങ്ങൾ ഇവിടെ ഇരിക്കുകയാണ്.

<u>ശ്രീ. പി. കെ. ഗുരുദാസൻ</u>: സർ, ഞാൻ ഒരു ചോദ്യം ചോദിച്ചതിന് മറുപടി പറഞ്ഞില്ല. കഴിഞ്ഞ കാലത്ത് കോൺഗ്രസ് സ്വീകരിച്ച സാമ്പത്തിക നയം കുറച്ചുകൂടി ശക്തമായി ഇപ്പോൾ ബി.ജെ.പി. ഗവൺമെന്റ് സ്വീകരിക്കുകയാണ്. ആ ബി.ജെ.പി. നയത്തിന്റെ സാമ്പത്തിക നയത്തെ കോൺഗ്രസ് എതിർക്കുമോ?

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, അതിന് മറുപടി പറയാനാണ് കോൺഗ്രസ്സിന്റെ പ്രതിനിധിയായ ശ്രീ. ആര്യാടൻ മുഹമ്മദ് എഴുന്നേറ്റ് നിന്നത്. 2004 മുതൽ 2008-ൽ ആണവ കരാറിൽ ഒപ്പിടുന്നതുവരെ ഇടതുപക്ഷ പ്രസ്ഥാനങ്ങളുംകൂടി ചേർന്നാണ് ആ നയങ്ങളെ പിന്തുണച്ചത്. അതേ നയങ്ങൾ തന്നെയാണ് അവർ പിന്നേയും പിന്തുടരുന്നത്. പലപ്പോഴും നമുക്ക് തെറ്റിപ്പറ്റിയിട്ടുണ്ട്. ഇപ്പോൾ നെഹ്റുവിനെ അനുസ്മരിക്കുമ്പോൾ അദ്ദേഹത്തിന്റെ പോളിസിയാണ് ഏറ്റവും അനുയോജ്യമെന്ന് ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക്, സി.പി.ഐ (എം) ന്

സമ്മതിക്കേണ്ടി വന്നല്ലോ. അന്ന് സ്വാതന്ത്ര്യം കിട്ടിയപ്പോൾ ബ്രിട്ടീഷ് ഭരണകൂടത്തിൽ നിന്ന് ഇന്ത്യ ബൂർഷ്വാസികളുടെ കയ്യിലേയ്ക്കാണ് അധികാരം കൈമാറിയിരിക്കുന്നുവെന്ന് പറഞ്ഞ് നിഷേധിച്ചില്ലേ. അതുകൊണ്ട് അതിലേയ്ക്ക് പോകണ്ട, ഇന്നത്തെ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ട് പോകണം. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം വലിയ തർക്കത്തിന് ഇടയില്ല. കേരളത്തിലെ ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അനിവാര്യമായ മാറ്റങ്ങളാണ് ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അത് നിങ്ങളും കൂടി സഹകരിച്ച് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും</u>

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. വർക്കല കഹാർ അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. വർക്കല കഹാർ:</u> സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 1 (എ) നമ്പർ

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ചന്ദ്രൻ അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ചന്ദ്രൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. ചന്ദ്രൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ.......

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

## വകുപ്പ് തിരിച്ചുള്ള പരിഗണന

## 2-ാം വകുപ്പ്

Shri Joseph Vazhackan : Sir, I move the following amendments:

113. In section 2 (1A) proposed to be inserted in the principal Act by clause 2(1),

(i) for the word “big” substitute the word “large”
(ii) for the word “twenty” substitute the word “twenty five”.

124. In section 2(8), proposed to be substituted in the principal Act by clause 2(2), for the word “big”, substitute the word “large”.

137. In section 2(10A) proposed to be inserted in the principal Act by clause 2(3), for the word “twenty” substitute the word “twenty five.”

Shri A. K. Saseendran : Sir, I move the following amendments:

115. In section 2 (1A) proposed to be inserted in the principal Act by clause 2(1), for the word “twenty” substitute the word “ten”.

129. In section 2(10A), proposed to be inserted in the principal Act by clause 2(3), for the words “six or more”, substitute the words “five or more”.

132. In section 2(10A) proposed to be inserted in the principal Act by clause 2(3), for the word “twenty” substitute the word “fifteen.”

141. In section 2(15A) proposed to be inserted in the principal Act by clause 2(4), for the words “no employee or not more than five employees” substitute the words “one employee or not more than two employees.”

Shri Benny Behanan: Sir, I move the following amendments:

120. Section 2(1A), proposed to be inserted in the principal Act by clause 2(1), shall be recast as follows:
“(1A) “big establishment” means a shop or commercial establishment which employs twenty or more employees but in the case of Hotel and Restaurant “big establishment” means a hotel or restaurant which employs 25 or more employees.”

138. Section 2(10A) proposed to be inserted in the principal Act by clause 2(3) shall be recast as follows:
“10(A) “medium establishment” means a shop or commercial establishment which employs six or more but less than twenty employees but in the case of

Hotel and Restaurant "medium establishment" means a hotel or restaurant which employs 15 or more employees but less than twenty five employees" .

145. Section 2 (15A) proposed to be inserted in the principal Act by clause 2(4), shall be recast as follows:

"(15A) "small establishments" means a shop or commercial establishment which employs no employee or not more than five employees but in the case of hotel and restaurant "small establishment" means a hotel or restaurant which employs less than fifteen employees".

സർ, ഹോട്ടലുകളും മറ്റും തമ്മിലുള്ള ക്ലാസിഫിക്കേഷനാണ്. ഞാൻ ഇത് മൂവ് ചെയ്യുന്നു.

Shri N. A. Nellikkunnu: Sir,I move the following amendment:

121. In section 2(8), proposed to be substituted in the principal Act by clause 2(2), for the words "a shop or commercial establishment", substitute the words and symbol "a shop, commercial establishment or a service providing establishment".

Smt. K. S. Saleekha:Sir,I move the following amendments:

123. In section 2(8), proposed to be substituted in the principal Act by clause 2(2), for the words "a big establishment", substitute the words "a big establishment and the connected units or institutions".

127. In section 2(10A), proposed to be inserted in the principal Act by clause 2(3),

(i) for the word "six", substitute the word "three";

143. In section 2 (15A) proposed to be inserted in the principal Act by clause 2 (4), for the word "five" substitute the word "three".

Shri K. N. A. Khader: Sir,I move the following amendment:

125. In section 2(10A), proposed to be inserted in the principal Act by clause 2(3), for the words "a shop or commercial establishment", substitute the words and symbol "a shop, commercial establishment or a service providing establishment".

Shri P.K. Basheer:Sir,I move the following amendment:

130. In section 2(10A) proposed to be inserted in the principal Act by clause 2(3), for the word “six” substitute the word “ten.”

Shri C. Mammutty:Sir,I move the following amendment:

139. In section 2(15A) proposed to be inserted in the principal Act by clause 2(4), for the words “a shop or commercial establishment” substitute the words and symbol “a shop, commercial establishment or a service providing establishment.”

Shri V. M. Ummer Master :Sir,I move the following amendment:

144. In section 2 (15A) proposed to be inserted in the principal Act by clause 2 (4), for the word “five” substitute the word “nine”.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല. ശ്രീ. ബെന്നി ബെഹനാൻ പറഞ്ഞതിൽ ഒരു വിവേചനമുണ്ട്. മൊത്തത്തിലുള്ള സ്ഥാപനങ്ങളിൽ ഒരു വിഭാഗത്തെ മാത്രം എടുത്ത് വേർതിരിക്കുന്നത് ശരിയല്ല അതുകൊണ്ടാണ് അതിനോട് യോജിക്കാൻ സാധിക്കാത്തത്.

ശ്രീ. ജോസഫ് വാഴയ്ക്കൻ അവതരിപ്പിച്ച 113, 124, 137 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എ. കെ. ശശീന്ദ്രൻ അവതരിപ്പിച്ച 115, 129, 132, 141 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 120, 138, 145 എന്നീ നമ്പർ

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 123, 127 (i), 143, എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി.കെ. ബഷീർ അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 144-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3-ാം വകുപ്പ്

Shri K. Sivadasan Nair : Sir, I move the following amendment:

148. In section 5D of Chapter 1B proposed to be inserted in the principal Act by clause 3, for the words "a big" substitute the words "all the".

സർ, All establishment shall give an appointment letter whether it is big, small or medium. അതുകൊണ്ടാണ് ഞാൻ ഈ ഭേദഗതി മൂവ് ചെയ്തത്.

Shri P. K. Gurudasan : Sir, I move the following amendment:

151. In section 5D of Chapter 1B proposed to be inserted in the principal Act by clause 3, the word "big" shall be deleted.

സർ, മീഡിയം, ബിഗ് എന്ന് പറയുന്ന വേർതിരിവിനോട് ഞാൻ വിയോജിക്കുകയാണ്.

Shri K. M. Shaji : Sir, I move the following amendment:

152. In section 5D of Chapter 1B proposed to be inserted in the principal Act by clause 3, after the word "big" insert the words "or medium".

Shri V.D. Satheesan: Sir, I move the following amendment:

154. In section 5D of chapter 1B proposed to be inserted in the principal Act by clause 3, insert the words "and medium" between the words "big" and "establishment".

Shri M. Hamsa: Sir, I move the following amendment:

155. In section 5D of chapter 1B proposed to be inserted in the principal Act by clause 3, insert the word "commercial" after the word "big".

159. In section 5E of chapter 1B proposed to be inserted in the principal Act by clause 3, insert the word "qualification" after the word "educational".

163. In section 5E of chapter 1B proposed to be inserted in the principal Act by clause 3, insert the word "commercial" before the word "establishment".

165. In section 5F of chapter 1B proposed to be inserted in the principal Act by clause 3 for the word "shall" substitute the word "will"

Shri N. Samsudheen: Sir, I move the following amendment:

156. In section 5D of chapter 1B proposed to be inserted in the principal Act by clause 3, for the words "at the time of appointment" substitute the words "or one appointed newly in his establishment".

Shri M. Ummer: Sir, I move the following amendments:

157. In section 5E of chapter 1B proposed to be inserted in the principal Act by clause 3, for the words "No educational" substitute the word "Educational".

162. In section 5E of chapter 1B proposed to be inserted in the principal Act by clause 3, after the word “shall” insert the word “not”.

DR. N. Jayaraj: Sir, I move the following amendments:

160. In section 5E of chapter 1B proposed to be inserted in the principal Act by clause 3, for the words “received from” substitute words “produced by”.

166. In section 5F of chapter 1B proposed to be inserted in the principal Act by clause 3 for the words “service certificate” substitute the words and symbol “experience/service certificate”.

Smt. K.S. Saleekha: Sir, I move the following amendments:

161. In section 5E of chapter 1B proposed to be inserted in the principal Act by clause 3, after the word “employee” insert the words “after due examinations”.

164. In section 5E of chapter 1B proposed to be inserted in the principal Act by clause 3 insert the following words at the end.

“if any complaint or arised from any employee in regards the decision of labour department in final”

Shri Joseph Vazhackan : Sir, I move the following amendment:

169. In section 5F of chapter 1B proposed to be inserted in the principal Act by clause 3 insert the following words at the end:

“In such cases the employee needs not less than 90 days of service in that establishment”.

Shri K. V. Vijayadas : Sir, I move the following amendment:

170. In section 5F of chapter 1B proposed to be inserted in the principal Act by clause 3 add the following words at the end:

> "the employee must be acknowledged with his pay & other service benefits at the time of appointment".

Shri E. P. Jayarajan : Sir, I move the following amendment:

171. In chapter 1B proposed to be inserted in the principal Act by clause 3 insert the following new section namely:-

> *"5G. Maternity Leave.-* Every employer shall grant maternity leave to the women employees for not less than sixty days".

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, ഇതിൽ ശ്രീ. കെ. ശിവദാസൻ നായർ പറഞ്ഞതുപോലെ, അഞ്ച് തൊഴിലാളികളിൽ താഴെയുള്ള കടകളെന്ന് പറയുമ്പോൾ ചെറിയ പെട്ടിക്കടകൾ പോലും അതിൽ വരും. അതുകൊണ്ട് അവിടെ കൊടുക്കണമെന്ന് പറയുന്നതിനോട് യോജിപ്പില്ല. ഇവിടെ രണ്ടെണ്ണം അവതരിപ്പിച്ചിട്ടില്ല. ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) 146-ാം നമ്പർ ഭേദഗതിയും ശ്രീ. എ.കെ. ബാലന്റെ 147-ാം നമ്പർ, അതിനകത്ത് ബിഗ് എസ്റ്റാബ്ലിഷ്മെന്റിന്റെകൂടെ മീഡിയവും കൂടി ഉൾപ്പെടുത്തണമെന്നാണ്. രണ്ട് ഭേദഗതിയും വാക്കാലുള്ള ഭേദഗതിയായി അവതരിപ്പിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

146. In section 5D of Chapter 1B proposed to be inserted in the principal Act by clasue 3, for the words “ employer in” substitute the words “ employer of” , and for the word “ his” substitute the word “ the”

147. In section 5D of Chapter 1B proposed to be inserted in the principal Act by clause 3, for the words “ in a” substitute the words “ of a medium or” .

ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 146, 147 എന്നീ നമ്പർ **വാക്കാൽ** ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. കെ. ഗുരുദാസൻ അവതരിപ്പിച്ച 151-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 152-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 154-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 155, 159, 163, 165 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 157, 162 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 160, 166 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 161, 164 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ജോസഫ് വാഴയ്ക്കൻ അവതരിപ്പിച്ച 169-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. വി. വിജയദാസ് അവതരിപ്പിച്ച 170-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ഇ. പി. ജയരാജൻ അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതി സഭ

നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

Shri P. K. Gurudasan : Sir, I move the following amendment:

172. In section 21A of proposed to be inserted in the principal Act by clause 4 the word "big" shall be deleted.

Shri Sunny Joseph : Sir, I move the following amendment:

173. In section 21A proposed to be inserted in the principal Act by clause 4 insert the words "and medium" between the words "big" and "establishment"

Shri. M. Hamsa: Sir, I move the following amendments:

174. In section 21A proposed to be inserted in the principal Act by clause 4,

add the word " commercial" before the word " establishment" .

183. In section 21A proposed to be inserted in the principal Act by clause 4, for the word " fifty" substitute the word " forty" .

മി. ഡെപ്യൂട്ടി സ്പീക്കർ: 176-ാം ഭേദഗതി 175-ന് തുല്ല്യമായിരുന്നു. ശ്രീ. എ. കെ.ബാലൻ മൂവ് ചെയ്യാത്തതുകൊണ്ട്. ശ്രീ. കെ. ശിവദാസൻ നായർക്ക് മൂവ് ചെയ്യാം.

Shri. K. Sivadasan Nair: Sir, I move the following amendment:

176. In section 21A proposed to be inserted in the principal Act by clause 4, delete the words "employing more than fifty employees".

സർ, ബിഗ് എസ്റ്റാബ്ലിഷ്മെന്റ് എന്ന് മാത്രം പറഞ്ഞാൽ പോരെ. ഡ്യൂപ്ലിക്കേഷനാണ്. അതുകൊണ്ടാണ് ഞാൻ മൂവ് ചെയ്യുന്നത്.

Shri. A. K. Saseendran: Sir, I move the following amendment:

178. In section 21A proposed to be inserted in the principal Act by clause 4, for the words " more than fifty employees" substitute the words " ten employees" .

Smt. K. S. Saleekha: Sir, I move the following amendment:

180. In section 21A proposed to be inserted in the principal Act by clause 4, for the word "fifty" substitute the word "twenty".

സർ, ഇതിൽ തൊഴിലാളികൾക്ക് ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തി കൊടുക്കുന്ന കാര്യത്തിൽ 50 എണ്ണമെന്നുള്ളത് 20 ആക്കി കുറയ്ക്കണമെന്ന നിർദ്ദേശമാണ് എനിക്കുള്ളത്.

Dr. N. Jayaraj:Sir, I move the following amendment:

181. In section 21A proposed to be inserted in the principal Act by clause 4,

for the word "fifty" substitute the word "thirty".

Shri. E. P. Jayarajan:Sir, I move the following amendment:

184. Section 21A proposed to be inserted in the principal Act by clause 4 shall be recast as follows:-
"21A. *Hostel facilities.*- Every employer of a big establishment shall provide hostel facilities, in such manner as may be prescribed".

Shri. T. A. Ahammed Kabeer:Sir, I move the following amendment:

185. After section 21A proposed to be inserted in the principal Act by clause 4, the following section shall be inserted namely:-

"*21B. Seating facilities.* – Every employer of an establishment shall provide seating facility to the employees to rest for ten minutes in every two hours of continuous duty by standing or whenever there is no customer seeking service of the employee".

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ, ഇതിൽ ശ്രീ. കെ. ശിവദാസൻ നായർ മൂവ് ചെയ്ത ഭേദഗതി ഞാൻ ഇവിടെ പറഞ്ഞതാണ്. 20 തൊഴിലാളികളിൽ കൂടുതലുള്ളതാണ് ബിഗ് എസ്റ്റാബ്ലിഷ്മെന്റ്

എന്ന് പറയുന്നത്. അങ്ങനെ നോക്കുമ്പോൾ നൂറ് കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന സ്ഥലത്താണ് ദൂരപ്രദേശത്ത് നിന്ന് തൊഴിലാളികളെ കൊണ്ട് വന്ന് താമസിപ്പിച്ച് പണിചെയ്യിക്കുന്നത്. പരിശോധനയുടെ അടിസ്ഥാനത്തിലാണ് 50 തൊഴിലാളിയെന്ന് നിജപ്പെടുത്തിയിരിക്കുന്നത്. ഇപ്പൊൾ മറ്റേതാണെങ്കിൽ 20 തൊഴിലാളികളുള്ള എല്ലാ കടകൾക്കും നിർബന്ധമായും ഹോസ്റ്റൽ സൗകര്യം ഉണ്ടാക്കണം. അത് പ്രായോഗികമായി ശരിയല്ലായെന്നുള്ളതുകൊണ്ടാണ് 50 തൊഴിലാളികൾ എന്ന് നിഷ്കർഷിച്ചിരിക്കുന്നത്. ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

ശ്രീ. പി. കെ. ഗുരുദാസൻ അവതരിപ്പിച്ച 172-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 173-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 174, 183 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 176-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എ. കെ. ശശീന്ദ്രൻ അവതരിപ്പിച്ച 178-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 181-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ഇ. പി. ജയരാജൻ അവതരിപ്പിച്ച 184-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 185-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 5-ാം വകുപ്പ്

Shri. M. Hamsa: Sir, I move the following amendments.

186. In section 29(1)(a) of the principal Act proposed to be amended by clause 5(1)(i)(a), for the words "five thousand rupees" substitute the words "six thousand rupees".

193. In section 29(1)(a) of the principal Act proposed to be amended by clause 5(1)(i)(b), for the words "two hundred and fifty rupees" substitute the words "three hundred rupees".

199. In section 29(1)(b) of the principal Act proposed to be amended by clause 5(1)(ii), for the words "two hundred and fifty rupees" substitute the words "three hundred rupees".

Smt K. S. Saleekha: Sir, I move the following amendments.

189. In section 29(1)(a) of the principal Act proposed to be amended by clause 5(1) (i)(a), for the words "five thousand rupees" substitute the words "nine thousand rupees".

192. In section 29(1)(a) of the principal Act proposed to be amended by clause 5(1) (i)(b), for the words "two hundred and fifty rupees" substitute the words "one hundred rupees".

198. In section 29(1)(b) of the principal Act proposed to be amended by clause 5(1) (ii), for the words "two hundred and fifty rupees" substitute the words "one hundred rupees".

205. In section 29(1A) of the principal Act proposed to be amended by clause 5 (2)(c) for the words " five thousand rupees" substitute the words " nine thousand rupees".

208. In section 29(1A) of the principal Act proposed to be amended by clause 5 (2)(d) for the words " ten thousand rupees" substitute the words " sixteen thousand rupees" .

212. In section 29(2) of the principal Act proposed to be amended by clause 5 (3) for the words "two thousand and five hundred rupees" substitute the words " four thousand and five hundred rupees".

213. In section 29(4) of the principal Act proposed to be amended by clause 5 (4) for the words "Magistrate of the First class" substitute the words "Chief Judicial Magistrate".

Shri. A. K. Saseendran: Sir, I move the following amendments.

196. In section 29(1)(a) of the principal Act proposed to be amended by clause 5(1)(i)(b), for the words "two hundred and fifty rupees" substitute the words "five hundred rupees".

203. In section 29(1)(b) of the principal Act proposed to be amended by clause 5 (1)(ii) for the words " two hundred and fifty rupees" substitute the words " one thousand rupees".

Shri. Dominic Presentation: Sir, I move the following amendment.

201. In section 29(1)(b) of the principal Act proposed to be amended by clause 5 (1)(ii) for the words " two hundred and fifty rupees" substitute the words " four hundred and fifty rupees".

Shri. K. Sivadasan Nair: Sir, I move the following amendment.

204. In section 29(1A) of the principal Act proposed to be amended by clause 5 (2)(c) for the words " five thousand rupees" substitute the words" six thousand rupees".

Shri. P. A. Madhavan: Sir, I move the following amendment.

207. In section 29(1A) of the principal Act proposed to be amended by clause 5 (2)(d) for the words " ten thousand rupees" substitute the words " twelve thousand rupees" .

Shri. K. Muraleedharan: Sir, I move the following amendment.

210. In section 29(2) of the principal Act proposed to be amended by clause 5 (3) for the words "two thousand and five hundred rupees" substitute the words " three thousand rupees" .

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എം. ഹംസ അവതരിപ്പിച്ച 186, 193,

199 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 189, 192, 198, 205, 208, 212, 213 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. കെ. ശശീന്ദ്രൻ അവതരിപ്പിച്ച 196, 203 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 201-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. ശിവദാസൻ നായർ അവതരിപ്പിച്ച 204-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. പി. എ. മാധവൻ അവതരിപ്പിച്ച 207-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 210-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ......

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 6-ാം വകുപ്പ്

Shri. Benny Behanan : Sir, I move the following amendment.

214. In section 34(2) of the Principal Act proposed to be amended by clause 6(1) for the word "sanitation" the words "hygiene and sanitation" shall be substituted.

ഇതിൽ " sanitation "എന്ന വാക്കിനു പകരം "hygiene and sanitation "എന്ന വാക്കുകൂടി ചേർക്കണമെന്നതാണ് എന്റെ ഭേദഗതി.

Dr. N. Jayaraj: Sir, I move the following amendment.

215. In section 34(2) of the Principal Act proposed to be amended by clause 6(1) for the word "sanitation" substitute the words "and sanitation".

Shri. M. Hansa : Sir, I move the following amendment.

216. In section 34(2) of the Principal Act proposed to be amended by clause 6(1), the word "good" shall be inserted before the word "sanitation".

Shri. C. P. Muhammed : Sir, I move the following amendment.

218. In Section 34(3) of the Principal Act proposed to be amended by clause 6 (2), for the words " five thousand rupees" substitute the words " five thousand and five hundred rupees".

Shri. Therambil Ramakrishnan : Sir, I move the following amendment.

219. In Section 34(3) of the Principal Act proposed to be amended by clause 6 (2), for the words " five thousand rupees" the words " six thousand rupees" shall be substituted.

Smt K. S. Saleekha : Sir, I move the following amendment.

220. In Section 34(3) of the Principal Act proposed to be amended by clause 6 (2), for the words " five thousand rupees" substitute the words “ nine thousand rupees".

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

സർ, ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 214-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച

214-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 215-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 216-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 218-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ അവതരിപ്പിച്ച 219-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ശ്രീമതി സലീഖ അവതരിപ്പിച്ച 220-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 7-ാം വകുപ്പ്

Smt K. S. Saleekha : Sir, I move the following amendment.

222. Delete Clause 7 (2).

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഭേദഗതി സ്വീകാര്യമല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 222-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

Smt K. S. Saleekha : Sir, I move the following amendment.

110. In clause 1(2), for the figures, words and symbol "29th day of August, 2014" substitute the figures words and symbol "17th day of December, 2014".

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ഭേദഗതി സ്വീകാര്യമല്ല. ഓർഡിനൻസ് ഇറങ്ങിയ ദിവസം വച്ചുമാത്രമെ ചെയ്യാൻ സാധിക്കുകയുള്ളൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി കെ. എസ്. സലീഖ അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## മൂന്നാം വായന

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, 2014-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2014-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ......

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

ഓർഡർ, ഓർഡർ...........സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ഡിസംബർ മാസം 18-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 6.45-ന് പിരിഞ്ഞു).